# TRICHUR ARCHDIOCESAN BULLETIN

JANUARY 2015

happy new year 2015

81 YEARS OF PUBLICATION 1934-2014



St. Sebastian
Pray for us

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 82
2015 ജനുവരി
ലക്കം : 1

## ഈ ലക്കത്തിൽ


| | | |
|---|---|---|
| ö | സർക്കുലർ | 5 |
| ö | ഇടയലേഖനം | 18 |
| ö | കച്ചേരികാര്യം | 24 |
| ö | അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ജനുവരി | 31 |
| ö | സഹായമെത്രാന്റെ പരിപാടികൾ - ജനുവരി | 33 |
| ö | നാളാഗമം | 34 |
| ö | നാമകരണ നടപടികൾ | 36 |
| ö | സാമ്പത്തിക കാര്യാലയം | 37 |
| ö | വൈദികർ | 41 |
| ö | സന്യസ്തർ | 45 |
| ö | സ്ഥാപനങ്ങൾ | 51 |
| ö | സാന്ത്വനം | 68 |
| ö | സംഘടനകൾ | 71 |


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# 2015 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാവർഷവും ജനുവരി 15-ന് കർഷക ദിനമായി കേരള സഭ ആചരിക്കുകയാണല്ലോ. ഈ ദിനത്തോട് അനുബന്ധിച്ച് കർഷികമേഖലയുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാനാണ് ഈ സർക്കുലർ.

കേരളത്തിലെ കാർഷിക മേഖല ഇന്നു നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിലേയ്ക്ക് നിങ്ങളുടെ സത്വരമായ ശ്രദ്ധ ക്ഷണിക്കാനാണ് ഈ സർക്കുലർ എഴുതുന്നത്. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ സമാനമായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഇൻഫാം എന്ന കർഷകപ്രസ്ഥാനത്തിന് നാം രൂപം കൊടുത്തത്. അസംഘടിതരും അവകാശങ്ങളെക്കുറിച്ച് അവബോധമില്ലാതിരുന്നവരുമായ കർഷകരെ സംഘടിപ്പിക്കാനും അതുവഴി അവകാശങ്ങൾക്കുവേണ്ടി ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായി കൂട്ടായ ശബ്ദമുയർത്തുവാനും ഇൻഫാമിന്റെ നേതൃത്വത്തിൽ നമുക്ക് കഴിഞ്ഞു എന്നത് ഏവർക്കുമറിയാമല്ലോ. ഇതിനോടകം സർക്കാർ നടപ്പിലാക്കിയ കാർഷിക പെൻഷൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും അതിനായി കർഷകർ സമരരംഗത്തിറങ്ങിയതും ഇൻഫാമിന്റെ നേതൃത്വത്തിലാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആയിരക്കണക്കിന് സ്വാശ്രയസംഘങ്ങൾ കേരളത്തിലുടനീളം ശക്തമായ കർഷകകൂട്ടായ്മകളായി മാറിയതും ഓർമ്മയിലുണ്ട്. മലയോര ഗ്രാമങ്ങളിലെ കർഷകർ വർഷങ്ങളായി നേരിട്ടുവരുന്ന വന്യമൃഗശല്യത്തിനെതിരായ മുന്നേറ്റത്തിന്റെ നേതൃത്വത്തിലും ഇൻഫാം ഉണ്ടായിരുന്നു.

അനിയന്ത്രിതമായ പാമോയിൽ ഇറക്കുമതിയിലൂടെ കേരകർഷകർ പീഡിപ്പിക്കപ്പെട്ടപ്പോൾ പാമോയിൽ ബഹിഷ്കരിച്ചുകൊണ്ടും ഐതിഹാസികമായ തുറമുഖ ഉപരോധസമരത്തിലൂടെയും ഇൻഫാം രംഗത്തിറങ്ങി. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ റബർവില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ റബർ കയറ്റുമതിചെയ്യാൻ ഇൻഫാം മുന്നോട്ടിറങ്ങിയത് റബർ വിപണിയിൽ കാര്യമായ ഗുണഫലങ്ങൾ ഉളവാക്കിയ നീക്കങ്ങളായിരുന്നല്ലോ.

കർഷകർ സംഘടിതമായി മുന്നോട്ടിറങ്ങിയാൽ ക്രിയാത്മകമായ പല മാറ്റങ്ങളും സാധ്യമാകും എന്നു വ്യക്തമാക്കാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്.  എന്നാൽ കാർഷിക മേഖല മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണിപ്പോൾ. കേന്ദ്ര സർക്കാരുകളുടെ കർഷകദ്രോഹപരമായ റബർ ഇറക്കുമതി നയംമൂലം റബറിന്റെ വില മുൻ വർഷത്തേക്കാൾ പകുതിയോളമായി ചുരുങ്ങി എന്നത് കർഷകരുടെ സകല പ്രതീക്ഷയേയും കൃഷിയുടെ ഭാവിയേയും തകിടം മറിച്ചിരിക്കുകയാണ്. വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി പ്രതിവർഷം ആവശ്യമായ ഇറക്കുമതിയുടെ ഏഴിരട്ടിവരെ റബർ ഇറക്കുമതി ചെയ്യാൻ സർക്കാർ അനുവദിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണം. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ റബറിന്റെ ഇറക്കുമതിയിലെ വികലമായ നയങ്ങൾ ഉടനടി തിരുത്തപ്പെടുന്നില്ലെങ്കിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് കർഷകകുടുംബങ്ങൾ പട്ടിണിയിലാകും. റബറിനെ വ്യവസായ ഉല്പന്നത്തിൽ നിന്ന് ഒഴിവാക്കി, കാർഷിക ഉല്പന്നമായി കണ്ട് റബർ തടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാൻ അനുവദിച്ചാൽ റബർ കർഷകർക്ക് അല്പമെങ്കിലും ആദായമാകും. ഉല്പന്നങ്ങളുടെ വിലയിടിവിനു പുറമെ സ്വന്തം കൃഷി  ഭൂമിയുടെ സ്വതന്ത്ര വിനിയോഗത്തിനുവേണ്ടി ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മീഷനുകളുടെയും ഉദ്യോഗസ്ഥലോബികളുടെയും ദയാദാക്ഷിണ്യത്തിനു കാത്തുനിൽക്കേണ്ട ഗതികേടും പശ്ചിമഘട്ടത്തിലെ സാധാരണ കർഷകകുടുംബങ്ങൾ നേരിടുന്നു.

തീരദേശജനതയും വലിയൊരു ജീവിത പ്രതിസന്ധിയിലാണിന്ന്. തീരദേശനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുമെന്ന സർക്കാർ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല.  ഈ വിജ്ഞാപനം

മൂലം തീരദേശവാസികൾക്ക് വീടുകൾ പുതുക്കി പണിയുന്നതിനോ പുതിയ വീട് നിർമ്മിക്കുന്നതിനോ സാധ്യമല്ലാത്ത സാഹചര്യമാണ്.

തീരദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും മത്സ്യസമ്പത്തും സംരക്ഷിക്കപ്പെടണം. എന്നാൽ കടലിന്റെയും കായലുകളുടെയും തീരങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന ജനങ്ങളെ വിസ്മരിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും തീരത്തെ ജനസാന്ദ്രതയും പരിഗണിച്ച് വിജ്ഞാപനത്തിലെ വനനിർമ്മാണത്തിനായുള്ള ദൂരപരിധി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കണം. പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന നിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയെ തകർക്കുന്നതും കടലിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ രക്ഷയ്ക്കുള്ള ഏക പരിഹാരം മലയോരങ്ങളിലും തീരദേശങ്ങളിലും ഇടനാട്ടിലും ജീവിക്കുന്ന ജനസമൂഹം ഒരു മനസ്സോടെ സംഘടിത ശക്തിയാവുക എന്നതുമാത്രമാണ്.

ഇൻഫാം എന്ന പ്രസ്ഥാനത്തെ പഞ്ചായത്തുതലം മുതൽ കൂടുതൽ കാര്യക്ഷമമായി സജീവമാക്കുവാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കി വരികയാണ്. സംസ്ഥാന തലത്തിലും ദേശിയ തലത്തിലും ഇൻഫാം പ്രവർത്തനം ശക്തമാക്കുവാൻ കഴിഞ്ഞ ദേശിയ സമിതി തീരുമാനിച്ചിരിക്കുകയാണ്. മറ്റ് കർഷക സംഘടനകളുമായി സഹകരിച്ച് കൂട്ടായ ശ്രമത്തിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാനും ഗവർമെന്റുമായി സഹകരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആലോചിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ വാർഡുകൾ അടിസ്ഥാനമാക്കി ജാതിമത കക്ഷി രാഷ്ട്രീയത്തിനതീതമായി കാർഷിക കടലോര മേഖലകളിലെ മുഴുവൻ അദ്ധ്വാനജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് സംഘടിതശക്തിയായി ഇൻഫാമിനെ മാറ്റുവാനും വളർത്തിയെടുക്കുവാനും നാം ഒത്തൊരുമയോടെ രംഗത്തിറങ്ങേണ്ടതുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും/രൂപതകളിലും പ്രത്യേകം ഡയറക്ടർമാരെ നിയമിച്ച് അഭിവന്ദ്യ പിതാക്കന്മാർ സഹകരിക്കുന്നതാണ്. ഇരുപത്/ പത്ത് അംഗങ്ങൾ അടങ്ങുന്ന അടിസ്ഥാന യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിച്ച് ഇൻഫാമിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമല്ലോ. ഫെബ്രുവരി അവസാനത്തോടെ ജില്ലാതല സംഗമങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പി

ക്കുന്നതാണ്. 2015 ജനുവരി 15-ന് കർഷകദിനമായി ആചരിക്കുന്നതും സംസ്ഥാനതല നേതൃസംഗമം ചേരുന്നതുമാണ്.

നമ്മെ രക്ഷിക്കുവാൻ നാം തന്നെ മുന്നോട്ടിറങ്ങണമെന്ന അടിസ്ഥാന തത്വം നമുക്കു മറക്കാതിരിക്കാം. ജനങ്ങളുടെ ജീവനും, ജീവിതത്തിനും വെല്ലുവിളികളുയരുമ്പോൾ ശക്തമായ ഇടപെടലുകൾ അടിയന്തരമാണ്. ജനനന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ എല്ലാ ഉദ്യമങ്ങളേയും ശുശ്രൂഷകളേയും ധാരാളമായി ദൈവം അനുഗ്രഹിക്കുമെന്ന് എനിക്കുറപ്പുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

NB : 2015 ജനുവരി 4-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യണം.

Prot. No. 3036/2014

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

## കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

'കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ'!

'പ്രേഷിതയായിരിക്കുക' എന്നത് തിരുസഭയുടെ ദൈവവിളിയാണ്. മാമ്മോദീസായിലൂടെ ദൈവദാനമായി സ്വീകരിച്ചിരിക്കുന്ന ഈ ദൈവവിളി എല്ലാവരുമായി പങ്കുവയ്ക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടവനാണ്. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!' (1കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്. മിശിഹായിലൂടെ ലഭിച്ച പ്രേഷിത ദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ശ്ലീഹന്മാർ പ്രഘോഷണം, ജീവിതസാക്ഷ്യം എന്നിവ വഴി അത് നിർവഹിച്ചു. അതുപോലെ ആദിമക്രൈസ്തവസമൂഹവും ഒരു ഹൃദയവും ഒരാത്മാവുമായി വർത്തിച്ചുകൊണ്ട് തങ്ങളുടെ വിളി അതിന്റെ പൂർണ്ണതയിൽ ജീവിക്കുകയും അനേകരെ സഭാകൂട്ടായ്മയിലേക്ക് ആകർഷിക്കുകയും ചെയ്തു. ഇപ്രകാരം സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടർന്നുപന്തലിച്ചു.

ഈശോമിശിഹാ സഭയെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിന്റെ അനുസ്മരണവും ആഘോഷവുമാണ് ആഗോള കത്തോലിക്കാസഭ ഒക്ടോബർ മാസത്തിലെ 'മിഷൻ സൺഡേ' ആചരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ആചരണം വിജയകരമാക്കുവാൻ സഭാമക്കൾ നൽകുന്ന സഹകരണം പ്രശംസനീയമാണ്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തി സഭയായ സീറോമലബാർ സഭയ്ക്ക് മിഷൻ രൂപതകളും, മിഷൻ പ്രദേശങ്ങളുമുണ്ടല്ലോ. പ്രസ്തുത മിഷൻപ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടത് നമ്മുടെ പ്രത്യേകമായ ഉത്തരവാദിത്വമാ

ണ് സീറോ മലബാർ ബിഷപ്സ് സിനഡ് വലിയിരുത്തുകയും, സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടി ദനഹാ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച 'സീറോ മലബാർ മിഷൻ സൺഡേ'യായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വർഷംതോറും നടത്തിവരുന്ന ഈ 'സീറോ മലബാർ മിഷൻ സൺഡേ 'കൂടുതൽ ഉപകാരപ്രദവും, അർത്ഥപൂർണ്ണവുമായ രീതിയിൽ ആചരിക്കേണ്ടതിന്റെ ആവശ്യകത 2014 ഓഗസ്റ്റിൽ കൂടിയ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, ജീസസ്സ് യൂത്ത് എന്നീ സംഘടനകളുടെ പ്രത്യേക സഹകരണത്തോടെയായിരിക്കും 'സീറോ മലബാർ മിഷൻ സൺഡേ' ആഘോഷിക്കുക. 2015-ൽ ജനുവരി 11 ഞായറാഴ്ചയാണ് 'സീറോ മലബാർ മിഷൻ സൺഡേ'യായി ആചരിക്കുന്നത്.

ഇത് സംബന്ധിച്ചുള്ള സർക്കുലർ, പ്രാർത്ഥനാ കാർഡുകൾ, വാൾപോസ്റ്ററുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കവറുകൾ, എന്നിവ മുൻകൂട്ടി അയയ്ക്കുന്നതാണ്. 'സീറോ മലബാർ മിഷൻ സൺഡേ'യെക്കുറിച്ചുള്ള അവബോധം സഭാമക്കളിൽ എത്തിക്കുവാൻ ഭക്തസംഘടനകൾ പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. 'മിഷൻ സൺഡേ'യോടനുബന്ധിച്ചുള്ള വി.കുർബാനയിൽ മിഷനറിമാരുടെ പ്രേഷിതാനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും. അതുപോലെ, വിശ്വാസികളിൽ പ്രേഷിതാവബോധം വളർത്തുവാനുതകുന്ന കർമ്മപരിപാടികൾ ഇടവക, ഫൊറോനാ തലങ്ങളിൽ ആസൂത്രണം ചെയ്യുന്നതും ഫലപ്രദമായിരിക്കും. കുടുംബ കൂട്ടായ്മകളിലും, മതബോധന ക്ലാസ്സുകളിലും സീറോ മലബാർ സഭ മിഷൻ പ്രദേശങ്ങളിൽ നല്കിവരുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെകുറിച്ച് ചർച്ചചെയ്യുന്നതിനും, മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ധനം സമാഹരിക്കുതിനുള്ള അവസരമായിക്കൂടി 'സീറോ മലബാർ മിഷൻ സൺഡേ' ആചരണം പ്രയോജനപ്പെടുത്തേണ്ടതാണ്.

'ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും' (അപ്പ. 1 :8) എന്ന ദിവ്യഗുരുവിന്റെ ആഹ്വാനം പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമായിലും, തോമാശ്ലീഹാ ഭാരതത്തിലും, ഇതര ശിഷ്യന്മാർ ലോകത്തിന്റെ മറ്റുഭാഗങ്ങളിലും നിർവഹിച്ചു. മാർ തോമാശ്ലീഹായുടെ

പ്രേഷിതപ്രവർത്തനത്താൽ രൂപംകൊണ്ട മാർതോമാ ക്രിസ്ത്യാനികളുടെ സഭാ പാരമ്പര്യത്തിൽ നിലനിന്നുപോരുന്നതാണ് സീറോ മലബാർ സഭ. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയാണ് നമ്മുടെ മിഷൻപ്രവർത്തനങ്ങളെ എന്നും പ്രചോദിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുന്നത്.

ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിലും സാർവ്വത്രികസഭയുടെ പ്രേഷിത മുന്നേറ്റത്തിലും നമ്മുടെ സഭയുടെ സംഭാവനകൾ വളരെ വലുതാണ്. ആഗോള സഭയ്ക്ക് അനേകം മിഷനറിമാരെ പ്രദാനംചെയ്യുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചതിൽ കാരുണ്യവാനായ ദൈവത്തിനു കൃതഞ്ഞ്തയർപ്പിക്കാം. മാർ തോമാശ്ലീഹാ പകർന്നുനൽകിയ പ്രേഷിതചൈതന്യം സ്വജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മുമ്പേ കടന്നുപോയ മിഷനറിമാരെ നന്ദിയോടെ ഓർമ്മിക്കാം.

'പ്രേഷിതതീക്ഷ്ണത ഇല്ലാത്ത സഭ, കർത്താവിന്റെ ശാപം ഏറ്റുവാങ്ങിയ കായ്ക്കാത്ത അത്തിമരത്തെപ്പോലെയാണെന്നാണ്' പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രേഷിതചൈതന്യമില്ലാത്ത സഭ ജീവനില്ലാത്ത സഭയാണ്. സഭയുടെ ജീവന്റെ അടയാളം അതിന്റെ പ്രേഷിതോന്മുഖതയാണ് (EN.14). അതുകൊണ്ടുതന്നെ സുവിശേഷവത്ക്കരണം സഭാമക്കളുടെ കൂട്ടുത്തരവാദിത്വവും അവകാശവും കടമയുമാണ്. സഭയുടെ കാനോനിക പ്രബോധനങ്ങളിൽ സുവിശേഷവത്ക്കരണം എല്ലാ സഭാ വിശ്വാസികളുടെയും ഉത്തരവാദിത്വമാണെന്ന് പറയുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വം പലപ്പോഴും അജപാലകരായ വൈദികരുടെയും മിഷൻരംഗത്ത് സേവനം ചെയ്യുന്ന ഏതാനും മിഷനറിമാരുടെയും മാത്രം ചുമതലയായി പരിഗണിക്കുന്നത് തെറ്റായ പ്രവണതയാണ്. പ്രാർത്ഥനകൊണ്ടും, പരിത്യാഗംകൊണ്ടും, ആളുകൊണ്ടും, അർത്ഥം കൊണ്ടും എല്ലാ സഭാതനയരും പ്രേഷിതപ്രവർത്തനത്തിൽ കൂട്ടുപങ്കാളികൾ ആകേണ്ടതാണ്. ഈ പങ്കാളിത്തപരമായുള്ള കൂട്ടുത്തരവാദിത്വം അല്മായർ വ്യക്തിഗതമായും സംഘാതമായും പരിപ്പോഷിപ്പിക്കേണ്ടതാണ് (മിഷൻ പോളസി 1,5,7,9, സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖ).

മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷപ്രഘോഷണത്തിന് വ്യത്യസ്തങ്ങളായ സമീപനങ്ങളും, രീതികളും അവലംബിക്കുവാൻ നമുക്ക് സാധിക്കണം. ആധുനിക

സമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ച് അൽമായരുടെ പങ്കാളിത്തത്തോടെ സഭ മിഷൻ രംഗത്ത് മുന്നേറ്റം നടത്തേണ്ടതാണ്. അല്മായർ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുന്നത് മിഷൻപ്രദേശങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉപകരിക്കും.

സഭ സ്വഭാവത്താലെ പ്രേഷിതയാണെങ്കിൽ, ക്രിസ്തീയ കുടുംബവും അതിന്റെ ക്രിസ്തീയ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ് (മിഷൻ പോളിസി7:6). വിശ്വാസപരിശീലനത്തിന്റെയും അനുദിന സാക്ഷ്യത്തിന്റെയും കേന്ദ്രം കുടുംബമാകയാൽ, മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം, കുടുംബപ്രാർത്ഥന എന്നിവയിലൂടെ കുടുംബങ്ങൾ സുവിശേഷവത്ക്കരിക്കപ്പെടണം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, കുടുംബത്തിൽ മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും മാതാപിതാക്കൾക്ക് സാധിക്കണം.

സീറോ മലബാർ സഭയുടെ പ്രേഷിതാഭിമുഖ്യം കൂടുതൽ വളർത്തുവാനും വിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തിലൂടെ മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും, വൈദിക, സ്യാസ പരിശീലനത്തിൽ സഭാമക്കളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുവാനും മിഷൻഫണ്ട് സമാഹരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാനുമുള്ള ക്രിയാത്മകപദ്ധതികൾ സഭയിൽ തുടങ്ങേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ സഭ 'സീറോ മലബാർ മിഷൻ സൺഡേ' ആചരിക്കുക. കൂടാതെ, 2011-ൽ നമ്മുടെ സഭ 'മിഷൻ വർഷം' ആചരിച്ചപ്പോൾ എ. എസ്. എസ്. എം. (Association of Supporters of Syro-Malabar Mission) എന്ന അസോസ്സിയേഷന് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് രൂപംകൊടുക്കുകയും ചെയ്തു. നമ്മുടെ മിഷൻ രൂപതകളെയും, മിഷൻ പ്രദേശങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നതാണ് ഈ അസോസ്സിയേഷന്റെ പ്രധാന ലക്ഷ്യം. ഈ അസോസ്സിയേഷൻ നമ്മുടെ ഇടവകകളും, വ്യക്തികളും, സ്യാസ സമൂഹങ്ങളും, സ്ഥാപനങ്ങളും നൽകിയ സംഭാവനകൾ ഉപയോഗിച്ച് ഏകദേശം ഒന്നേമുക്കാൽ കോടി രൂപ സമാഹരിച്ചു. ഈ ഫണ്ട് വിവിധ മിഷൻ രൂപതകളിലെയും, മിഷൻ പ്രദേശങ്ങളിലെയും പ്രേഷിതപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16:15) എന്ന ഈശോയുടെ ദിവ്യാഹ്വാനം ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളുടെ നടുവിൽ ഉത്തരവാദി

ത്വത്തോടെ നിർവ്വഹിക്കാൻ ഏവർക്കും സാധിക്കട്ടെയ് ഞാൻ പ്രത്യാശിക്കുന്നു. പ്രവാസികളായി കഴിയുന്ന സഭാംഗങ്ങളുടെ അജപാലന ആവശ്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ഇന്ത്യയിൽ അപ്പസ്റ്റോലിക്ക് വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, വിദേശ രാജ്യങ്ങളിലെ നമ്മുടെ സഭാമക്കളുടെ അജപാലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന അഭിവന്ദ്യ മാർ സെബാസ്ററ്യൻ വടക്കേൽ പിതാവിന്റെയും ഉദ്യമങ്ങൾ ഫലമണിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു പറഞ്ഞ നമ്മുടെ അപ്പസ്തോലനായ തോമാശ്ലീഹായുടെ വാക്കുകൾ നമ്മുടെ പ്രേഷിതതീക്ഷ്ണതയെ ജ്വലിപ്പിക്കട്ടെ. സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് സഹായക മാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നി 2014-ാം മാണ്ട് നവംബർ മാസം 24-ാം തീയതി നൽകപ്പെട്ടത്.

---

NB: 1. 2015 ജനുവരി 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. 'സീറോ മലബാർ മിഷൻ സൺഡേ' കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന എ.എസ്.എസ്.എം. ഓഫീസിൽ 2015 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

## മദ്ധ്യപൗരസ്ത്യരാജ്യങ്ങളിൽ മതപീഡനം നേരിടുന്ന ക്രിസ്ത്യാനികളോട് കേരളകത്തോലിക്കാസഭയുടെ ഐക്യദാർഢ്യംപ്രഖ്യാപിച്ചുകൊണ്ട് കെസിബിസി പുറപ്പെടുവിക്കുന്ന

# സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,
ആരാധനക്രമവർഷത്തിലെ ഏറ്റവും സന്തോഷകരമായ കാലമാണല്ലോ യേശുവിന്റെ പിറവിക്കാലം. രക്ഷകന്റെ ജനനം സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷവാർത്ത (ലൂക്കാ 2:10) ആയിരുന്നു. എങ്കിലും, യേശു ജനിച്ച ദിവസംതന്നെ നൂറുകണക്കിന് നിഷ്കളങ്കരായ പിഞ്ചുപൈതങ്ങൾക്കു ജീവൻ നഷ്ടപ്പെടേണ്ടിവന്നുവെന്നതും ക്രിസ്തുമസ് വിവരണത്തിന്റെ ഭാഗമാണല്ലോ.

കേരളത്തിൽ നാം സ്വച്ഛമായി ക്രിസ്തുമസ് ആഘോഷങ്ങളിൽ മുഴുകുമ്പോൾ, മദ്ധ്യപൗരസ്ത്യദേശങ്ങളായ സിറിയ, ഇറാഖ്, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾ അതിക്രൂരമായ മതപീഡനം നേരിട്ടുകൊണ്ടിരിക്കുകയാണ്. വത്തിക്കാനിൽ നിന്നും പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ഒരുവർഷം ശരാശരി ഒരുലക്ഷം ക്രിസ്ത്യാനികൾ ലോകമെങ്ങും വിശ്വാസത്തെപ്രതി കൊല്ല പ്പെടുന്നുണ്ട്.

നമ്മുടെ കർത്താവും പരിശുദ്ധ അമ്മയും ശ്ലീഹന്മാരുമൊക്കെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുള്ള മദ്ധ്യപൗരസ്ത്യദേശങ്ങളിൽ നിന്ന് ക്രൈസ്തവമതത്തെ വേരോടെ പിഴുതെറിയാൻ ചില മതതീവ്രവാദികൾ നടത്തുന്ന കുത്സിത ശ്രമങ്ങളെക്കുറിച്ച് മാദ്ധ്യമങ്ങളിലൂടെ നാം മനസ്സിലാ ക്കിയിട്ടുണ്ട്. ഇറാക്കിൽ സദാംഹുസൈന്റെ കാലശേഷവും, ഈജിപ്റ്റിലും ലിബിയായിലും ഭരണാധികാരികളെ പുറത്താക്കിയതിനു ശേഷവും,ഇപ്പോൾ സിറിയായിൽ നടക്കുന്ന സിവിൽയുദ്ധത്തിന്റെ മറപിടിച്ചും, അൽക്വൈദ എന്ന തീവ്രവാദസംഘടനയുടെ ഒരുശാഖ ISIL (Islamic State in Iraq and the Levant)എന്ന പേരിൽ

രംഗപ്രവേശം ചെയ്തിരിക്കയാണ്. ഇതിനകം പതിനായിരക്കണക്കിന് ക്രിസ്ത്യാനികളെയും ISILനെ അംഗീകരിക്കാത്ത യെസിദീ, ആലവൈറ്റ്, തുർക്കുമാൻ എന്നീ വംശജരെയും കൊന്നൊടുക്കിക്കൊണ്ടിരിക്കുകയാണ്. നാസി ഭരണകാലത്ത് ജർമ്മനിയിലും പോളണ്ടിലുമൊക്കെ നടന്ന യഹൂദരുടെ കൂട്ടക്കൊലയെ ഹോളോകോസ്റ്റ് (സമ്പൂർണ്ണദഹനബലി) എന്ന് വിളിക്കാറുണ്ട്. ഈ പ്രദേശങ്ങളിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് ക്രൈസ്തവരുടെ ഹോളോകോസ്റ്റ് ആണ്.

ISIL പിടിച്ചെടുത്ത പ്രദേശങ്ങളിലുള്ള അമുസ്ലീമുകൾക്ക് അവർ അന്ത്യശാസനം നൽകി: ഒന്നുകിൽ മുസ്ലീം ആകുക, അല്ലെങ്കിൽ ഭാരിച്ച മതനികുതി നൽകുക, അതുമല്ലെങ്കിൽ വധിക്കപ്പെടാൻ തയ്യാറായികൊള്ളുക. ക്രിസ്ത്യാനികളടെ ഭവനങ്ങൾ കണ്ടുപിടിച്ച് അറബി ഭാഷയിലെ 'N' എന്ന അക്ഷരം അടയാളപ്പെടുത്തും. അതിന്റെ അർത്ഥം"നസ്രാണി=നസറായനായ യേശുവിനെ പിൻചെല്ലുന്നവൻ" എന്നാണ് അങ്ങനെയുള്ള കുടുംബങ്ങളുടെ സ്വത്തുക്കൾ ഇസ്ലാമിക് സ്റ്റേറ്റിന്റേതായി മാറും.

പണവും ആഭരണങ്ങളും ഉപേക്ഷിച്ച് ഉടുവസ്ത്രം മാത്രമായി വിട്ടുപൊയ്ക്കൊള്ളണം. ആയിരക്കണക്കിനു ക്രിസ്ത്യാനികൾ, ടർക്കി, ലെബനോൻ, യോർദ്ദാൻ എന്നീ രാജ്യങ്ങളിലേക്കു പലായനം ചെയ്തിട്ടുണ്ട്.ചില കുടുംബങ്ങൾ വെള്ളവും ഭക്ഷണവുമില്ലാതെ മരുഭൂമിയിൽ മരിച്ചുവീണു. ആയിരക്കണക്കിന് ആൾക്കാർ മഞ്ഞുപെയ്യുന്ന പർവ്വതനിരകളിൽ കുടുങ്ങിപോയിട്ടുണ്ട്. അവർക്ക് കുടിവെള്ളം, ഭക്ഷണം, കമ്പിളിവസ്ത്രങ്ങൾ, ജീവൻ സംരക്ഷണ - ഔഷധങ്ങൾ എന്നിവ എത്തിച്ചുകൊടുക്കുന്നില്ലെങ്കിൽ അവരും മരണപ്പെടും.

ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകമായ മനുഷ്യാവകാശധ്വംസനങ്ങളിൽ ഒന്നാണ് ഇപ്പോൾ നടന്നുകൊണ്ടിരി ക്കുന്നത്. പരസ്യമായ കൂട്ടക്കൊലകൾ , ശിരഛേദനം, തട്ടിക്കൊണ്ടു പോകൽ, സ്ത്രീകളെ ബലാത്സംഗംചെയ്യൽ, ചെറുബാലികമാരെവരെ ലൈംഗികഅടിമകളാക്കൽ, ജീവനോടെ മനുഷ്യരെ കുഴിച്ചുമൂടുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യൽ, ഒരേ കുടുംബത്തിലുള്ളവരെ തമ്മിൽ

വേർപിരിക്കൽ, കൊച്ചുകുഞ്ഞുങ്ങളെ അമ്മമാരിൽ നിന്നും പിടിച്ചുപറിച്ചുകൊണ്ടുപോകൽ, പുരുഷന്മാരെക്കൊണ്ട് അവരുടെതന്നെ ശവക്കുഴിവെട്ടിച്ചശേഷം അവരെ വെടിവച്ച് കുഴിയിലേക്ക് വീഴിക്കൽ എന്നീ നിഷ്ഠൂര പീഡനങ്ങൾ ആർക്കും ഇന്റർനെറ്റിൽ കാണാവുന്നതാണ്. അനേകം ക്രൈസ്തവദേവാലയങ്ങളും പുണ്യ സ്ഥലങ്ങളും ബോംബ്വച്ച് നശിപ്പിച്ചുകഴിഞ്ഞു. രണ്ടുവർഷം മുമ്പ് തട്ടിക്കൊണ്ടുപോയ രണ്ടുമെത്രാന്മാരും ഒരു വൈദികനും ജീവിച്ചിരുപ്പുണ്ടൊ എന്നതിന് സൂചനയൊന്നുമില്ല. ISILന്റെ ക്രൂരതകൾ റിപോർട്ട്ചെയ്ത രണ്ട് പത്രപ്രവർത്തകരുടെ കഴുത്ത് അറക്കുന്നതിന്റെ ചലച്ചിത്രം ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു.

ശ്ലൈഹീകകാലംമുതൽ ഇന്നുവരെ നിലനിന്നിട്ടുള്ള ഏതാനും അപ്പസ്തോലികസഭകളാണ് നമ്മുടെ ജീവിതകാലത്ത് അപ്രത്യക്ഷ മാകാൻ പോകുന്നത്. ഇപ്പോൾതന്നെ ഈ സഭകളുടെ അംഗസംഖ്യ മൂന്നിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. മൂന്ന് ലക്ഷം പേർ വിവിധരാജ്യങ്ങളിൽ അഭയാർത്ഥികളായിത്തീർന്നിട്ടുണ്ട്. ഇത്ര വലിയ ദുരന്തത്തിന്റെ നടുവിലും സ്വന്തരാജ്യവും സംസ്കാരവും വിശ്വാസവും വെടിയില്ല എന്ന ദൃഢനിശ്ചയത്തിൽ പിടിച്ചുനില്ക്കുന്ന ക്രൈസ്തവ സഹോദരരും, അവരെ അനുഗമിച്ച് ബലപ്പെടുത്തുന്ന വൈദികരും, സന്ന്യസ്തരും ലോകത്തിന് വലിയസാക്ഷ്യം നല്കുന്നു. നമ്മുടെ സഹോദരീസഭകളിലെ ക്രിസ്ത്യാനികൾ കുടിവെള്ളവും ഭക്ഷണവും അതിശൈത്യത്തിൽനിന്ന് രക്ഷപെടാൻ വസ്ത്രങ്ങളും കിടപ്പാടങ്ങളു മില്ലാതെ ക്ലേശിക്കുമ്പോൾ, അവരുടെ നിലവിളികേട്ടില്ലായെന്ന് നടിക്കുന്നത് പാപകരമായ അനാസ്ഥയാണ്.

2014 ഡിസംബർ 9-11 വരെ കൂടിയ കേരളകത്തോലിക്കാ മെത്രാൻസമിതിയിൽ മദ്ധ്യപൗരസ്ത്യദേശത്തെ ക്രിസ്ത്യാനിക ളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, അവരുടെ അടിയന്തിരാവശ്യങ്ങൾ കണക്കിലെടുത്ത് ഒരുലക്ഷം ഡോളറിൽ കുറയാത്ത ഒരുസംഖ്യ എത്തിച്ചുകൊടുക്കാനും തീരുമാനമായിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളിലും, ഒരു പ്രത്യേക പിരിവ് എടുക്കുകയും രൂപതയിലൂടെ അതു താമസിയാതെ P.O.C ഡയറക്ടറുടെ പേരിൽ അയച്ചു കൊടുക്കുകയും വേണം. ഇന്ത്യയിലെ പരിശുദ്ധപിതാവിന്റെ പ്രതിനിധി വഴി പ്രസ്തുത തുക ബന്ധപ്പെട്ടവർക്ക്

എത്തിച്ചു കൊടുക്കുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും ത്യാഗനിർഭരവും ഔദാര്യപൂർണ്ണവുമായ സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളട്ടെ (ഫിലി 4;7) എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

NB : 2014 ഡിസംബർ 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Prot. No. 3033/2014

## ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
**ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെയുള്ള കാലഘട്ടത്തെ സമർപ്പിതരുടെ വർഷമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ സമർപ്പിതജീവിതത്തെക്കുറിച്ച് ചില ആമുഖചിന്തകൾ സഭാമക്കൾക്ക് നൽകുവാൻ ആഗ്രഹിക്കുകയാണ്. സമർപ്പിതവർഷത്തിൽ നടക്കാനിരിക്കുന്ന പഠനങ്ങൾക്കും വിചിന്തനങ്ങൾക്കും നവീകരണ പരിപാടികൾക്കും ഈ ചിന്തകൾ ഉപകരിക്കുമെന്ന് കരുതട്ടെ.

തിരുസഭയുടെ ആരംഭംമുതലേ സഭയിൽ നിലനിന്നിരുന്ന ഒരു ജീവിതരീതിയാണ് സന്യാസം. ക്രിസ്തീയ സന്യാസം മൗലികമായി സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്തനുഗമിക്കലാണ്, അനുകരിക്കലാണ്. സന്യാസജീവിതത്തെ ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഒരാഹ്വാനത്തിന്റെ പശ്ചാത്തലത്തിലേ മനസ്സിലാക്കാൻ സാധിക്കൂ. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നല്കുന്ന ദാനമാണിത് (സമർപ്പിതജീവിതം 1). അന്ത്യ അത്താഴവേള യിൽ ഈശോ ശിഷ്യൻമാരോടു പറഞ്ഞു, നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16). അവിടുന്ന് വിളിക്കുന്നത് അവിടുത്തെ അനുഗമിക്കാനാണ്. വിളിക്കപ്പെടുന്നവർ എല്ലാം ഉപേക്ഷിക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. സ്വന്തമെന്ന്, ഏറ്റവും പ്രധാനപ്പെട്ടതെന്ന്

മനുഷ്യൻ കരുതുന്നതെല്ലാം ഉപേക്ഷിക്കണമെന്നതാണ് ശിഷ്യത്വ ത്തിന്റെ അടിസ്ഥാനമായി ഈശോ പറയുക (ലൂക്ക14:26).

സുവിശേഷോപദേശങ്ങളനുസരിച്ച് കൂടുതൽ സ്വാതന്ത്ര്യ ത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അവിടുത്തെ അടുത്തനുകരിക്കാനും ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച സ്ത്രീപുരുഷന്മാർ സഭയുടെ ആദ്യകാലം മുതൽ ജീവിച്ചിരുന്നു. ഏകാന്തവാസം, വനവാസം, ഭിക്ഷുചര്യ, സന്യസ്ഥാശ്രമം, സമർപ്പിത സമൂഹം എന്നിങ്ങനെ പലരീതികളിൽ സന്യാസ ജീവിതം ക്രൈസ്തവ സഭകളിൽ നിലനില്ക്കുന്നുണ്ട്. ഇവയിൽ ആശ്രമശൈലിയും സമൂഹശൈലിയുമാണ് ഇന്ന് കൂടുതൽ പ്രാബല്യത്തിലുള്ളത്. ക്രൈസ്തവ സന്യാസവും ഇതരമതങ്ങളിലെ സന്യാസജീവിത ശൈലിയും തമ്മിൽ സാധർമ്മ്യങ്ങൾ പലതുണ്ടെങ്കിലും വ്യത്യസ്തതകൾ ഏറെയാണ്. ലോകത്തോടുള്ള വിരക്തി ഹൈന്ദവ -ബുദ്ധമതങ്ങളിലെ സന്യാസത്തിന്റെ പ്രധാന സവിശേഷതയാണ്. 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ ലൗകിക സുഖസന്തോഷങ്ങ ളോടുള്ള വിരക്തിയായിരുന്നു ക്രൈസ്തവ സന്യാസത്തിന്റെയും ഊന്നൽ. ക്രിസ്തുവിനെ അടുത്തനുകരിക്കുന്ന വർക്ക് ലൗകിക സുഖങ്ങളിൽ മുഴുകി ജീവിക്കുക സാദ്ധ്യമല്ല എന്ന ബോദ്ധ്യമാണ് ഈ ചിന്തയ്ക്കു പിന്നിലുള്ളത്. പിന്നീട് സന്യാസസമർപ്പണത്തിന്റെ സുവിശേഷാനുസൃത സ്വഭാവം തേടിയുള്ള നവീകരണ പരിശ്രമ ങ്ങളുടെ ഫലമായി സുഖസന്തോഷങ്ങളോടുള്ള വിരക്തിയോടൊപ്പം ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള അർപ്പണത്തിനും ക്രൈസ്തവ സന്യാസം കൂടുതൽ പ്രാധാന്യം നല്കിത്തുടങ്ങി. ദൈവഹിതമനുസരിച്ചുള്ള ജീവിതത്തിന്റെ ഒരു തീവ്രമായ ശൈലിയായി ഇന്ന് ക്രൈസ്തവ സന്യാസ സമർപ്പണം വിവക്ഷിക്കപ്പെടുന്നു.

ക്രിസ്തുവാണ് സന്യാസസമർപ്പണജീവിതത്തിൽ സമർപ്പി തർക്ക് മാതൃക. അവിടുന്ന് ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായി വന്നു. എന്നാൽ ദരിദ്രനായി ജീവിക്കുകയും ദരിദ്രരോട് സഹവസിക്കു കയും ചെയ്തു. അവിടുന്ന് പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനു വേണ്ടി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ബ്രഹ്മചാരി യായി ജീവിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള പൂർണ്ണ

വിധേയത്വത്തിലായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഇപ്രകാരം അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുകൃതങ്ങൾ വ്രതമായി സ്വീകരിച്ച് ആശ്രമങ്ങളിലോ സന്യാസ ഭവനങ്ങളിലോ ജീവിക്കുന്നവരെയാണ് ക്രൈസ്തവ സഭ വിശേഷിച്ചും കത്തോലിക്കാ സഭ സന്യസ്തരെന്ന് വിളിക്കുന്നത്. സമർപ്പിത ജീവിതക്കാരെന്നും അവർ വിശേഷിപ്പിക്കപ്പെടുന്നു. മലമുകളിൽ പ്രാർത്ഥിക്കുകയും ജനങ്ങളോടു ദൈവരാജ്യം പ്രസംഗിക്കുകയും പാപികളെ നേർവഴിക്കു തിരിക്കുകയും ശിശുക്കളെ അനുഗ്രഹിക്കുകയും എല്ലാവർക്കും നന്മചെയ്യുകയും തന്നെ അയച്ച പിതാവിന്റെ അഭീഷ്ടം നിറവേറ്റുകയും ചെയ്ത ക്രിസ്തുശൈലി യാകണം സന്യസ്തരുടേതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു.(തിരുസഭ 46).

സമർപ്പിത ജിവിതക്കാരായ ഓരോ സന്ന്യാസസമൂഹത്തിനും അതിന്റേതായ സവിശേഷവരം (Charism) ഉണ്ടായിരിക്കും. ഓരോ സമൂഹത്തിന്റെയും സ്ഥാപകരാണ് ഈ കാരിസം കണ്ടെത്തുന്നത്. അനുയായികൾ അതു സ്വീകരിച്ച് ജീവിക്കുകയും ചെയ്യുന്നു. എല്ലാ സന്യാസസമൂഹങ്ങളുടെയും കാരിസങ്ങൾ ക്രിസ്തു പ്രസംഗിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കും. സുവിശേഷ പ്രഘോഷണം, വിശ്വാസ പരിശീലനം, കാരുണ്യപ്രവർത്തനം, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അനാഥരുടെ സംരക്ഷണം ഇങ്ങനെയുള്ള സവിശേഷവരങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ കാരിസമായി സ്വീകരിച്ച് ജീവിക്കുന്ന അനേകം സമർപ്പിതരുടെ സമൂഹങ്ങൾ സഭയിൽ പ്രവർത്തനനിരതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയുള്ള സ്ഥാപനങ്ങളും ഈ സന്യാസസമൂഹങ്ങൾ നടത്തിവരുന്നു. സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങളിലൂടെയാണ് സഭയുടെ സ്നേഹസാക്ഷ്യം വളരെയേറെ പ്രാവർത്തികമാകുന്നത്. സഭയിൽ സുവിശേഷമുല്യങ്ങൾ ശോഷ ണമില്ലാതെ സജീവമാക്കി നിലനിർത്തുന്ന വലിയ സാക്ഷ്യങ്ങൾ സമർപ്പിതർ നല്കുന്നതിനാലാണ് സഭയിൽ സമർപ്പിതർക്ക് സവിശേഷമായ സ്ഥാനമുണ്ട് എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (തിരുസഭ 43, സന്യാസജീവിതം 1).

വൈദികരുടേതായ സമർപ്പിത സമൂഹങ്ങളുണ്ട്; ബ്രഹ്മചാരികളായ അവൈദികരുടെ സന്യാസസമൂഹങ്ങളുണ്ട്;

സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളുമുണ്ട്. ഏകസ്ഥരും പ്രേഷിത പ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ട് ബ്രഹ്മചര്യജീവിതം നയിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടേതുമായ ജീവിതാന്ത സ്സുകളും കത്തോലിക്കാ സഭയിലുണ്ട്. ഇങ്ങനെയുള്ളവർ ചില സന്ദർഭങ്ങളിൽ ഒന്നിച്ചുകൂടി തങ്ങളുടെ സമർപ്പിതജീവിതത്തെ നവീകരിക്കാനുള്ള കർമ്മപരിപാടികളിൽ ഏർപ്പെടുന്നു. എല്ലാ സമർപ്പിതരുടെയും ജീവിതലക്ഷ്യം ദൈവത്തിന്റെ മഹത്വവും തങ്ങളുടെതന്നെ വിശുദ്ധീകരണവും ദൈവരാജ്യത്തിന്റെ വളർച്ചയും സകല ജനങ്ങളുടെയും സുസ്ഥിതിയുമാണ്.

സന്യാസജീവിതത്തിന്റെ ആരംഭത്തിൽ വൈദികശുശ്രൂഷ ഒരു ആവശ്യഘടകമായി കരുതപ്പെട്ടിരുന്നില്ല. ഇന്നും സന്യാസത്തിന് പൗരോഹിത്യം ആവശ്യഘടകമല്ല. പുരുഷന്മാർക്കുവേണ്ടിയുള്ള ബഹുഭൂരിപക്ഷം സമർപ്പിതസമൂഹങ്ങളിലും വൈദികരാണ് അംഗങ്ങളിൽ ഏറെയും എന്നതിനാൽ സന്യാസികൾ വൈദികരായിരിക്കണമെന്നുള്ള ചിന്ത സഭാംഗങ്ങളുടെ ഇടയിലുണ്ട്.

എന്തോ കുറവുണ്ടെന്ന മട്ടിൽ ചിന്തിക്കുന്നവരുമുണ്ട്. സമർപ്പിതജീവിതത്തിൽ എല്ലാ സന്യസ്തരും വൈദികരും അവൈദികരും തുല്യരാണെന്ന ചിന്ത നിലനിർത്തിക്കൊണ്ട് വൈദികരെപ്പോലും സഹോദരൻ എന്നുമാത്രം വിശേഷിപ്പിക്കുന്ന പതിവാണ് ഫ്രാൻസിസ്കൻ സന്യാസസമൂഹങ്ങൾക്കുള്ളത്. അവയിൽ പലരും അവൈദികരായ തങ്ങളുടെ സമൂഹാംഗങ്ങളെ ഉന്നതാധികാരികളായും തെരഞ്ഞെടുക്കാറുണ്ട്. കപ്പൂച്ചിൻ സഭയിലും ഫ്രാൻസിസ്കൻ മൂന്നാംസഭയിലും അപ്രകാരമുള്ള സഹോദരന്മാർ Minister General -മാരായി പ്രവർത്തിക്കുന്നുണ്ട്. അവൈദികരായ സന്യാസസഹോദരന്മാർ വൈദികരായ സന്യസ്തരെപ്പോലെ തന്നെ കർത്താവായ ഈശോമിശിഹായെ തീവ്രമായി അനുകരിക്കുകയും തങ്ങളുടെ ജീവിതങ്ങളെ സ്നേഹസാക്ഷ്യമായി സമർപ്പിക്കുകയും ചെയ്യുന്നവരാണ്. പൗരോഹിത്യവരം ഇല്ലാത്ത അവർ വിശുദ്ധ കുർബാനയും മറ്റു കൂദാശകളും പരികർമ്മം ചെയ്യുന്നില്ല. അജപാലകരായ വൈദികരോടും സമർപ്പിതരായ സന്യാസിനികളോടും അല്മായ ജനത്തോടും സഹകരിച്ച് അജപാലന പ്രവർത്തനങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളിലും വ്യാപൃതരാകുന്നവരാണ് നമ്മുടെ സഭയിലെ സമർപ്പിതരായ അവൈദിക സഹോദരന്മാർ.

സീറോമലബാർസഭ സമർപ്പിതദൈവവിളിയുടെ ഏറ്റവും വളക്കൂറുള്ള മണ്ണായി അറിയപ്പെട്ടിരുന്നു. നമ്മുടെ സഭയിൽനിന്ന് സമർപ്പിതദൈവവിളി സ്വീകരിച്ച ഏകദേശം അയ്യായിരത്തോളം സന്യാസവൈദികരും മുപ്പത്തിമൂവായിരത്തോളം സന്യാസിനികളും നൂറ്റിഎഴുപതോളം സന്യാസസഹോദരന്മാരും ഇപ്പോഴുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ നമുക്ക് സമർപ്പിതദൈവവിളിയിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. കുടുംബമാണ് എല്ലാ വിളികളിലേക്കുമുള്ള മക്കളെ രൂപപ്പെടുത്തുന്നത്. കുടുംബം നേരിടുന്ന ഏത് പ്രതിസന്ധികളും ദൈവവിളികളെ സ്വാധീനിക്കും. കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഭീതിതമായ കുറവ് കണ്ടില്ലെന്ന് നടിക്കരുത്. ചിലപ്പോഴെങ്കിലും സോഷ്യൽ മീഡിയകളിലും കുടുംബസദസ്സുകളിലും സമർപ്പിതരെ അകാരണമായി പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതും സമർപ്പിതദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറയുന്നതിനു കാരണമാകുന്നു.

വൈദികരും വിശ്വാസപരിശീലകരും സമർപ്പിതജീവിതത്തിന്റെ സവിശേഷതകൾ വിശ്വാസസമൂഹത്തെ പൊതുവായും കുഞ്ഞുങ്ങളെ പ്രത്യേകമായും പഠിപ്പിക്കുകയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാതാപിതാക്കൾ മക്കളെ ക്രിസ്തീയ പുണ്യങ്ങളിൽ വളർത്തിക്കൊണ്ട് അവരിൽ സമർപ്പിത ജീവിതത്തിലേക്കുള്ള വിളി പരിപോഷിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ സമർപ്പിതർക്ക് തങ്ങളുടെ ജീവിത മാതൃകവഴി മറ്റുള്ളവരെ സമർപ്പിത ജീവിതത്തിലേക്ക് ആകർഷിക്കാനും സാധിക്കണം.

രണ്ടാം വത്തിക്കാൻകൗൺസിൽ ആഹ്വാനം ചെയ്യുന്നതുപോലെ സ്ഥിരവും വിനീതവുമായ വിശ്വസ്തതയോടെ ദൈവത്തിന് അർപ്പിതമായ ജീവിതം നയിക്കുകയും ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക് അലങ്കാരമെന്നവണ്ണം വിരാജിക്കുകയും ചെയ്തുകൊണ്ട് ആശ്രമങ്ങൾ, വിദ്യാലയങ്ങൾ, മിഷൻരംഗങ്ങൾ എന്നിവിടങ്ങളിൽ സകലജനതയെയും വിവിധതരത്തിൽ ഉദാരമായി സേവിക്കുന്ന എല്ലാ സ്ത്രീപുരുഷൻമാരെയും സഹോദരീസഹോദരൻമാരെയും സന്യാസിനിസന്യാസികളെയും നമുക്കു പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യാം (തിരുസഭ 46). സമർപ്പിതവർഷത്തിൽ സന്യസ്തരായ നമ്മുടെ സഹോദരീസഹോദരന്മാരുടെ

ശുശ്രൂഷകളോടൊപ്പം സഭാമക്കൾ എല്ലാവരുടെയും ശുശ്രൂഷകൾ നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയ ത്തിൽ നിന്ന് 2014-ാം ആണ്ട് നവംബർ മാസം 23 -ാം തിയതി നൽകപ്പെട്ടത്.

---

N.B : ഈ ഇടയലേഖനം നവംബർ 30-ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാന യുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ജനുവരി 1 : വർഷാരംഭം

: നമ്മുടെ കർത്താവിന്റെ നാമകരണം

2 : ആദ്യവെള്ളി

ദൈവമാതൃത്വതിരുനാൾ

3 : വിശുദ്ധ ചാവറ കുരിയാക്കോസ് ഏലീയാസ്

4 : **പിറവി രണ്ടാം ഞായർ**

6 : **നമ്മുടെ കർത്താവിന്റെ പ്രത്യക്ഷവത്കരണതിരുനാൾ**

(ദനഹാതിരുനാൾ)

9 : വി. യോഹന്നാൻ മാംദാന

11 : **ദനഹാ ഒന്നാം ഞായർ**

18 : **ദനഹാ രണ്ടാം ഞായർ**

20 : വി.സെബസ്ത്യാനോസ്

23 : വി. സുവിശേഷകന്മാർ

24 : വി. ഫ്രാൻസിസ് സാലസ്

വി.പൗലോസിന്റെ മാനസാന്തരം

25 : **ദനഹാ മൂന്നാം ഞായർ**

26 : വി. തിമോത്തിയും തീത്തൂസും

28 : വി.തോമസ് അക്വീനാസ്

30 : വി.എസ്തപ്പാനോസ്

31 : വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ജനുവരി | 10 | : | വി. എവുപ്രാസ്യാ ആഘോഷം (ഒല്ലൂർ) |
| | 13 | : 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 18–21 | : | നവവൈദികർക്കുള്ള ക്ലാസ്സ് |
| | 22 | : 10:30am | ആലോചനസമിതിയോഗം |
| | 26 | : | റിപ്പബ്ലിക് ദിനം |
| | 27 | : | അതിരൂപതാവൈദികരുടെ പിക്നിക് |
| | 28 | : 10:00 am | നവവൈദികർക്ക് സ്വീകരണം& വൈദികസമ്മേളനം |

**3. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3 :7).

ജനുവരി 6-ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി'പെരുനാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുനാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുനാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്.

**4. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 28-01-2015ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2015നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധി

കാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 4–ാം തീയതിയായിരിക്കും സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**6. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2015 ഫെബ്രുവരി 17–ന് ചൊവ്വാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**6. വലിയ നോമ്പ് :**

2015 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

| | |
|---|---|
| 16.02.2015 : | വിഭൂതി തിങ്കൾ : ഉപവാസദിനം,<br>വ്രതാരംഭ കൂട്ടായ്മ, പാലയൂർ |
| 17.02.2015 : | വൈദിക മാസധ്യാനം |
| 22.03.2015 : | പാലയൂർ മഹാതീർത്ഥാടനം |
| 29.03.2015 : | ഓശാന ഞായർ |
| 30.03.2015 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 02.04.2015 : | പെസഹാവ്യാഴം |
| 03.04.2015 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 05.04.2015 : | ഉയിർപ്പ് തിരുനാൾ |

**7. വിവാഹാഘോഷം മുടക്ക് :**

2015 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**8. പാലയൂർ മഹാതീർത്ഥാടനം :**

2015 മാർച്ച് 22നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനത്തിനു നേതൃത്വം നൽകുന്നതിന് ബഹു. ഫാ. ജോബ് പടയാട്ടിൽ ജനറൽകൺവീനറായി തിരഞ്ഞെടുക്കപ്പെട്ടു. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാ

സസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**9. സമർപ്പിത വിശുദ്ധീകരണദിനം :**

2015 മാർച്ച് 30-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മദ്ധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

**10. വൈദികരുടെ നിയമനം :**

| | | |
|---|---|---|
| 1. ഫാ. അലൻ ടോമി SDV | – | പ്രീസ്റ്റ്-ഇൻ-ചാർജ്ജ് നന്തിപുലം നോർത്ത്; സാധുത 2014 നവംബർ 6 മുതൽ ഡിസംബർ 5 വരെ. |
| 2. ഫാ. സേവ്യർ കാച്ചപ്പിള്ളി OFM.Cap | – | പ്രീസ്റ്റ്-ഇൻ-ചാർജ്ജ് തൃശ്ശൂർ സെന്റ് ആൻസ്; സാധുത 2014 നവംബർ 18 മുതൽ ഡിസംബർ 18 വരെ. |

**13. പ്രത്യേക അനുവാദങ്ങൾ :**

1. ബഹു. റാഫേൽ ചിറ്റിലപ്പിള്ളിയച്ചന്റെ 'ക്രിസ്തുവിന്റെ ക്രിസ്തു' എന്ന പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 2321/2014).
2. വെളപ്പായ ഇടവകയിലെ കൈക്കാരന്മാരുടെ എണ്ണം മൂന്നാക്കി വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2350/2014).
3. കുന്ദംകുളം ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2355/2014).
4. മുണ്ടൂർ ഇടവകപള്ളിയുടെ പുനർനിർമ്മാണപ്രവർത്തനങ്ങളുടെ കാലയളവിൽ വി. കുർബാനയും മറ്റ് തിരുകർമ്മങ്ങളും പാരിഷ് ഹാളിൽ നടത്തുന്നതിന് അനുവാദം (കല്പനനമ്പർ 2367/2014).

5. മുണ്ടൂർ ഇടവകപള്ളിയുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവാദം (കല്പനനമ്പർ 2408/2014).
6. പറപ്പൂർ ഇടവകയിൽ പുതിയ ദൈവാലയം, വൈദികമന്ദിരം എന്നിവ പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2410/2014).
7. പറപ്പൂർ ഇടവകയിലെ സെന്റ് ജോൺസ് സ്കൂളിന്റെ നവതിയോടനുബന്ധിച്ച് 45 ക്ലാസ്സ് മുറികളോടു കൂടിയ നവതി സ്മാരകം നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2411/2014).
8. മഞ്ഞക്കുന്ന് ഇടവകയിലെ ദമ്പതികല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2426/2014).

**തെരട്ട്**

1. മാന്ദാമംഗലം ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2307/2014)
2. ആമ്പക്കാട് ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2316/2014)
3. ചിറക്കേക്കോട് ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2333/2014)
4. മനക്കൊടി സാവിയോ ഹോമിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2339/2014)
5. വെളപ്പായ ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2351/2014)
6. വെള്ളാനിക്കോട് ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2352/2014)
7. പാത്രമംഗലം ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2380/2014)
8. കണ്ണംകുളങ്ങര ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2387/2014)
9. അവിണിശ്ശേരി സെന്റ് ജോസഫ് കുരിശുപള്ളിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2389/2014)
10. പീച്ചി ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2390/2014)
11. മാടക്കത്തറ ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2402/2014)
12. തലോർ ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2414/2014).
13. തൃശ്ശൂർ അതിരൂപത എസ്. എഫ്. ഒ.യുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2415/2014).

14. തൃശ്ശൂർ അതിരൂപത സെന്റ് ജോർജ്ജ് ഹോസ്റ്റലിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2416/2014).
15. തൃശ്ശൂർ അതിരൂപത സെന്റ് തോമസ് കോളേജിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2417/2014).
16. തൃശ്ശൂർ അതിരൂപത സെന്റ് തോമസ് കോളേജിന്റെ സെൽഫ് ഫിനാൻസിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2418/2014).
17. ചാഴൂർ ഇടവക 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2427/2014).
18. തൃശ്ശൂർ അതിരൂപത സി. എൽ. സി. യുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2429/2014).
19. തൃശ്ശൂർ അതിരൂപത 'സ്മൃതി'യുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2430/2014).
20. തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2431/2014).
21. തൃശ്ശൂർ അതിരൂപത തിരുബാലസഖ്യത്തിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2432/2014).
22. തൃശ്ശൂർ അതിരൂപത അൾത്താരബാലസംഘത്തിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2433/2014).
23. തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2440/2014).

**പ്രതിനിധിയോഗം**

1. വരടിയം ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2311/2014)
2. നല്ലങ്കര ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2317/2014)
3. ചേരുംകുഴി ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2348/2014)

**2013-14 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച)**:

| | |
|---|---|
| മാന്ദാമംഗലം | ആട്ടോക്കാരൻ ഔസേപ്പ് ജോൺസൻ |
| | അഴികണ്ണിക്കൽ മത്തായി ജിജി |
| ആമ്പക്കാട് | കുരുതുകുളങ്ങര പല്ലിശ്ശേരി ദേവസ്സി ആന്റണി |
| | അക്കരപട്ട്യേക്കൽ അന്തോണി ജോൺ |
| | തേയ്ക്കാനത്ത് ദേവസ്സി റപ്പായി |

| | |
|---|---|
| മറ്റം | ഇമ്മട്ടി ഐപ്പുണ്ണി ജോസ് |
| | കണ്ണനായ്ക്കൽ ചാക്കുണ്ണി ജോൺസൻ |
| | ചിറമ്മൽ തോമ ജോൺസൺ |
| | കാക്കശ്ശേരി ഔസേപ്പ് ജോൺ |
| ചിറക്കേക്കോട് | കാപ്പിൽ ഉലഹന്നാൻ |
| | അറമൽ ബിജു |
| വെളപ്പായ | മുരിങ്ങാത്തേരി അന്തപ്പൻ ഫ്രാൻസിസ് |
| | എടക്കളത്തൂർ തോമസ് ബിജു |
| | പൊറുത്തൂർ ലാസർ ജോൺ |
| വെള്ളാനിക്കോട് | ഷാജി പൂത്തേടൻ |
| | ഡേവിസ് കൊടവരക്കാരൻ |
| | സ്കറിയ മറ്റത്തിൽ |
| | ലിജി പ്ലാമൂട്ടിൽ |
| പാത്രമംഗലം | തടത്തിൽ ഔസേഫ് ജോസഫ് |
| | വാഴപ്പിള്ളി ദേവസ്സി ഫ്രാൻസിസ് |
| | കുളങ്ങരം ഔസേഫ് നെൽസൺ |
| കണ്ണംകുളങ്ങര | കുന്നൻ ദേവസ്സി ഫ്രാൻസിസ് |
| | കാട്ടാശ്ശേരി ലോനപ്പൻ വർഗ്ഗീസ് |
| | കൊക്കാലി ദേവസ്സി ജെയ്സൺ |
| പീച്ചി | ഷാജി തുറുവേലിൽ |
| | ബെന്നി കൊച്ചുകുളത്തിങ്കൽ |
| | ജോയ് കല്ലറക്കൽ |
| മാടക്കത്തറ | പുത്തൂക്കര ആന്റണി ഡേവിസ് |
| | വെളിയന്നൂർ ഫ്രാൻസിസ് ജോർജ്ജ് |
| | വണ്ടനാംതടത്തിൽ ബേബി വിജോ |
| ചാഴൂർ | പി. എ. റാഫേൽ |
| | ടി. എ. ഡേവിസ് |
| | ടി. കെ. സണ്ണി |

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | THU | Noon | HAPPY NEW YEAR |
| | | | Ordination of Dn. Sajan Maroky, *Pathiyaram* |
| 02 | FRI | Morning | Bible Varnagal, *Thope Stadium* |
| | | Afternoon | Convent Blessing, *Peechi* |
| | | Evening | Parish Day, *Parembadam* |
| 03 | SAT | Morning | Engaged |
| | | Evening | Holy Mass, *Aloor East* |
| 04 | SUN | Afternoon | Formators' Meeting, *Minor Seminary* |
| | | Evening | Parish Day and Jubilee of Fr. Paulson Palathingal, *Enamavu* |
| 05-09 | | | Synod |
| 10 | SAT | Morning | CSC Generalate, *Kolazhy* |
| | | Evening | St. Euphrasia Celebration, *Ollur* |
| 11-12 | | | Engaged |
| 13 | TUE | Morning | Holy Mass, *Marymatha* |
| | | | For the People |
| | | Evening | Finance Council |
| 14 | WED | Morning | Engaged |
| | | Noon | St. Clares' School, *TCR* |
| | | Evening | MMB, *Mariapuram* |
| 15 | THU | Morning | Jyothi General Body Meeting, *Chruthuruthi* |
| | | Afternoon | Vestition and First Profession, *Samaritan Sisters,* |

| | | | |
|---|---|---|---|
| | | | *Mannuthy* |
| 16 | TUE | Morning | EKM |
| | | Afternoon | Golden Jubilee & Capping Ceremony, *JMNC* |
| | | Evening | Alter Blessing, *Vaka* |
| 17 | SAT | Morning | CSC Provincial House, *Koorkenchery* |
| | | Afternoon | Holy Mass, *Guruvayoor LF* |
| 18 | SUN | Morning | Church Blessing, *Ammadam* |
| | | Evening | Jubilee of Bp. Franco Mulakkal, *Mattam* |
| 19 | MON | Morning | Holy Mass, *Marymatha* |
| | | Evening | Class for New Priests, Marymatha |
| 20 | TUE | Evening | Holy Cross School, *Arthat* |
| | | | MMB, *Marathakkara* |
| 21 | WED | Morning | Engaged |
| | | Noon | Meeting with All Asst. Vicars, *Marymatha* |
| 22 | THU | Morning | Consulters Meeting |
| | | Afternoon | Meeting |
| 23 | FRI | | Prayer Day |
| 24 | SAT | Morning | Bible Award Day, *Thope Stadium* |
| | | Evening | Holy Mass, St. Elizabeth Sisters, *Ponganamkadu* |
| 25 | SUN | Morning | Hall Blessing, *Pazhayangadi* |
| | | | Church Blessing, *Vellatanjoor* |
| 26 | MON | Morning | Ordination, *Kurumal* |
| | | Afternoon | Service Award Day, *DBCLC* |
| 27 | TUE | | Priests' Picnic |
| 28 | WED | | Priests' Conference, Reception to new Priests& Announcement of Transfer |
| 29 | THU | | Engaged |
| 30 | FRI | Afternoon | Thiroor School |
| | | | CMI Mega Show, *Sakthan* |
| | | Evening | Kallur East School |
| 31 | SAT | Morning | Meeting with Kaikkars and Parish Clerks |



Jan. 2015

# സഹായമെത്രാന്റെ പരിപാടികൾ



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | THU | Morning | Ordination- Dn.Thomas Pezhathinkal MCBS, Koorachund |
| 2 | FRI | Evening | Holy Qurbana –Eravu |
| 3 | SAT | Morning | Holy Qurbana, Feast –Nellikkunnu |
| | | | Holy Qurbana –Cherumkuzhy |
| | | Evening | Holy Qurbana, Blessing Grotto –Elavally |
| 4 | SUN | Evening | Marathakkara-*Punarjeni* Anniversary A A Group |
| | | | Holy Qurbana, Youth Retreat –Kiralur |
| 5-9 | | | Synod |
| 10 | SAT | Morning | Holy Qurbana –Pavaratty |
| | | | Archdiocesan celebration of St. Evuphrasia -Ollur |
| 11 | SUN | Morning | Holy Qurbana –Perinchery |
| | | Evening | Holy Qurbana –Ponnani |
| 12 | MON | | Holy Qurbana – Mulayam ‘Home of Love’ Jubilee |
| | | | Holy Qurbana – Kallur East |
| 13 | TUE | Morning | Holy Qurbana – Karukutti |
| 14 | WED | Noon | Meeting – Mariapuram, Mission home |
| 15 | THU | Morning | Engaged - Thodupuzha |
| 16 | FRI | | Holy Qurbana – Vellattajoor |
| 17-19 | | | Culcatta Mission |
| 20 | TUE | Morning | Holy Qurbana –Marymatha Major Seminary |
| | | | Navathi Celebration- Mar Thomas School |
| | | Evening | Class for New priests- Marymatha Major Seminary |
| 21 | WED | Noon | Marymatha Major Seminary |
| 22 | THU | Morning | Holy Qurbana – Marathakkara,MMB Generalate |
| | | Evening | Kandassankadavu, School |
| 23 | FRI | Evening | Holy Qurbana, Feast –Puthur |
| 24-25 | | | Bangalore |
| 26 | MON | Morning | Holy Qurbana, Feast –Ammadam |
| | | Evening | Holy Qurbana–Nenmanikkara |
| 27 | TUE | Morning | Priests Picnic |
| 28 | WED | Morning | New Priests Day, Priests Conference |
| 29 | THU | Evening | Holy Qurbana, Feast –Nellankara |
| 30-31 | | | Visit to Ahamedbad |

# നാളാഗമം

**നവംബർ- 2014**

8. അഭിവന്ദ്യ തട്ടിൽ പിതാവ് കണ്ടശ്ശാംകടവ് ദേവാലയത്തിൽ ബഹു. ജോസഫ് മുണ്ടശ്ശേരി അച്ചനുവേണ്ടി വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

9. അഭിവന്ദ്യ തട്ടിൽ പിതാവ് അമലനഗർ ഇടവകയിൽ വിശ്വാസോത്സവ് ധ്യാനത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നൽകി. പാലാഴി ദേവാലയത്തിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വചനസന്ദേശം നൽകി.

10. അഭിവന്ദ്യ തട്ടിൽ പിതാവ് കോലഴി ദേവാലയത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

15. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് ആൻസ് ദേവാലയത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ദൈവശബ്ദം കൺവെൻഷനിൽ സംബന്ധിച്ച് വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. പേരകം പള്ളിയിൽ ബഹു. എഫ്. സി. സി സിസ്റ്റേഴ്സിന്റെ വെസ്റ്റിഷന് അഭിവന്ദ്യ തട്ടിൽ പിതാവ് മുഖ്യകർമ്മികത്വം വഹിച്ചു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് മരത്താക്കര മഠത്തിൽ സി. നോബർട്ടിന് വേണ്ടി വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

18. അഭിവന്ദ്യ തട്ടിൽ പിതാവ് മുണ്ടൂർ ദേവാലയത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളോടൊപ്പം അഭിവന്ദ്യ തട്ടിൽ പിതാവ് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് നെഹ്റുനഗർ ഇടവകയിൽ വിശ്വാസോത്സവ് ധ്യാനത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നൽകി.

22. അഭിവന്ദ്യ തട്ടിൽ പിതാവ് മരത്താക്കര ഇടവകയിൽ തിരുനാളിനോരുക്കമായി വി.ബലിയർപ്പിച്ചു. തണ്ടിലം ഇടവകയിൽ സിജോ ചീരനച്ചനുവേണ്ടി വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. പൊന്നൂക്കര ഇടവകയിൽ നവീകരിച്ച മദ്ബഹയുടെ ആശീർവ്വാദകർമ്മം അഭിവന്ദ്യ തട്ടിൽ പിതാവ് നിർവ്വഹിച്ചു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് മനക്കൊടി, ഒല്ലൂർ, അരണാട്ടുക്കര ഇടവകകളിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

24. അഭിവന്ദ്യ തട്ടിൽ പിതാവ് മുക്കാട്ടുക്കര ഇടവകകയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

25. ഒളരിക്കര സെന്റ് പീറ്റർ ക്ലാവർ മഠത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

26. മണലാടി പള്ളിയിൽ ഡീക്കൻ ഫ്രാൻങ്കോ വടക്കന്റെ തിരുപ്പട്ടദാനശുശ്രൂഷയ്ക്ക് അഭിവന്ദ്യ തട്ടിൽ പിതാവ് മുഖ്യകർമ്മികത്വം വഹിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കുരിയച്ചിറ ഇടവകയിൽ വച്ച് ഡീ. വിൽജോ നീലങ്കാവിൽ OFM.Cap.ന് തിരുപട്ടം നൽകി. ഉച്ചകഴിഞ്ഞ് ക്രൈസ്റ്റ് വില്ല ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മരിയാപുരം മലബാർ മിഷണറി ബ്രദേഴ്സിന്റെ പ്രോവിൻസ് ഡേ ആഘോഷത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

28. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്ക ദേവലയത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കളമശ്ശേരി രാജഗിരിയിൽ വച്ച് നടത്തിയ വി. ചാവറ കുരിയാക്കോസ് ഏലിയാസ്, വി. എവുപ്രാസ്യാ എന്നിവരുടെ അഖിലേന്ത്യാതല ആഘോഷപരിപാടികളിൽ പങ്കെടുത്തു. സി. എസ്. സി സിസ്റ്റേഴ്സിന്റെ പറേംമ്പാടത്തുള്ള ഫാത്തിമ മഠത്തിന്റെ ആശീർവ്വാദകർമ്മം അഭിവന്ദ്യ തട്ടിൽ പിതാവ് നിർവ്വഹിച്ചു. വെസ്റ്റ് മണലൂർ ദേവലയത്തിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ സെന്റ് മേരീസ് മഠത്തിൽ സമർപ്പിതവർഷം ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിച്ചു. തൃശ്ശൂർ ബസിലിക്കയിലെ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് മണലൂർ പടിഞ്ഞാറ് ഇടവകയിലെ ജൂബിലിയാഘോഷ പരിപാടികളിൽ പങ്കെടുത്തു.

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

ദൈവദാസന്റെ ഓർമ്മ നിലനിർത്തുന്ന ആന്റണി തച്ചുപറമ്പിൽ മ്യൂസിയം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് 22.12.2014ന് ഉദ്ഘാടനം ചെയ്തു. അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ നവതിയാഘോഷങ്ങളും ഇന്നേ ദിനം സമുചിതമായി ആഘോഷിച്ചു.

സെന്റ് മേരീസ് ഫൊറോനപള്ളി, ചേലക്കരയിൽ 21.11.14 വെള്ളിയാഴ്ച ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണദിനത്തിന് MST സഭാംഗമായ ജോഷിഅച്ചൻ നേതൃത്വം നൽകി. പരിശുദ്ധ അമ്മയുടെ ജീവിതസമർപ്പണം ബ.ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ജീവിതത്തിലും ഉണ്ടായിരുന്നുവെന്ന് ബഹു. അച്ചൻ സൂചിപ്പിച്ചു. ബ. തച്ചുപറമ്പിലച്ചൻ ജാതിമത ഭേദമെന്യേ എല്ലാവർക്കും കാരുണ്യദീപം തെളിച്ച് സാമൂഹ്യ സാംസ്കാരിക തലങ്ങളിൽ നേതൃത്വം വഹിച്ചു. രോഗസഹനങ്ങളും സ്വാർത്ഥമതികളുടെ എതിർപ്പുകളും ദൈവസമക്ഷം സമർപ്പിച്ച് അനുദിനബലിവസ്തുവായി അച്ചൻമാറി. നമുക്ക് പിന്തുടരാവുന്ന ഒരു വിശേഷമാതൃകയാണ് അച്ചനെന്ന് വിശ്വാസികളെ ജോഷിയച്ചൻ ബോധ്യപ്പെടുത്തി.

## B. ദൈവദാസൻ - ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ അനുസ്മരണാർത്ഥം ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിലെ രണ്ടാം ശനിയാഴ്ച ആചരണത്തിൽ 13.12.14 ബഹുമാനപ്പെട്ട ഫാ.ജോസ് കിടങ്ങൻ, അനുസ്മരണബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും സി. അനുഗ്രഹ സി.എസ്.സി പ്രാർത്ഥനശുശ്രൂഷ നടത്തുകയും ചെയ്തു.

ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ അച്ചനും വി. ചാവറച്ചനും എല്ലാകാര്യങ്ങളിലും സാമ്യമുള്ളവരായിരുന്നുവെന്നും സ്നേഹം തന്നെയായിരുന്നു രണ്ടുപേരുടേയും കാഴ്ചപ്പാടെന്നും ഫാ.ജോസ് പ്രസ്താവിച്ചു. ദൈവത്തെ സ്നേഹമായി വരച്ച് കാണിച്ചതും ദൈവം സ്നേഹമാണെന്ന് പറഞ്ഞതും യേശുവിന്റെ ശിഷ്യനായ വി.യോഹന്നാൻ ആണ് അദ്ദേഹത്തിന്റെ നാമധാരിയായ ജോൺ ഊക്കനച്ചൻ, സ്നേഹത്തിൽ ആരും നിങ്ങളെ പിന്നിലാക്കാതിരിക്കട്ടെ എന്ന മുദ്രാവാക്യവുമായി, സ്നേഹത്തിന്റെ ഒരു വലിയ പ്രവാചകനായി കടന്നു വന്നു. ഒരു വ്യക്തിയുടെ സമഗ്രവളർച്ചയെയാണ് ഇവർ രണ്ടുപേരും ലക്ഷ്യം വെച്ചതെന്ന് ഫാ.ജോസ് കിടങ്ങൻ കുർബാനമദ്ധ്യേയുള്ള പ്രഭാഷണത്തിൽ പ്രസ്താവിച്ചു.

**ഫാ. പോൾ പുളിക്കൻ** , പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

### 1. കണക്കെഴുത്തുകാരുടെയും കൈക്കാരന്മാരുടെയും മീറ്റിംഗ്

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടെയും (നടത്തുകൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടെയും സംയുക്ത യോഗം 2015 ജനുവരി 31നു ശനിയാഴ്ച രാവിലെ 9.30 ന് ആർച്ച്ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ വികാരി ജനറാൾ മോൺ ജോർജ്ജ് എടക്കളത്തൂർ, ചാർട്ടേഡ് അക്കൗണ്ടന്റ് മാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങൾ ചർച്ചചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രിദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | |
|---|---|
| **രജിസ്ട്രേഷൻ** | **: 9.30 am** |
| **ഉദ്ഘാടനം** | **: 10.00 am** |
| **ഇടവക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച ചർച്ച** | **: 10.30 am** |
| **സമാപനം & ഉച്ചഭക്ഷണം** | **: 12.30 am** |

**വരവ് – ചെലവ് കണക്കുകൾ – നവംബർ 30, 2014**

| | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അന്തിക്കാട് | - | - | 19200 |
| 2. | ആറംപിള്ളി | - | - | 16650 |
| 3. | അവിണിശ്ശേരി | 300 | 8000 | - |
| 4. | അയ്യന്തോൾ | - | - | 58075 |
| 5. | ബ്രഹ്മകുളം | - | - | 72455 |
| 6. | ചാഴൂർ | 2350 | - | 3155 |
| 7. | ചേലക്കര | - | - | 19700 |
| 8. | ചിറ്റിശ്ശേരി | - | - | 19100 |
| 9. | ചിയ്യാരം വിജയമാത | - | - | 68800 |
| 10. | ചോറ്റുപാറ | - | - | 4990 |
| 11. | ഇരവിമംഗലം | - | - | 8000 |
| 12. | ഇയ്യാൽ | - | - | 4370 |

| | | | |
|---|---|---|---|
| 13. കണ്ണംകുളങ്ങര | – | – | 32620 |
| 14. കരുമത്ര | – | – | 13710 |
| 15. കോനിക്കര | – | – | 13425 |
| 16. കൂനംമൂച്ചി | – | – | 37711 |
| 17. കൂട്ടാല | – | – | 6010 |
| 18. കോട്ടപ്പടി | – | – | 233414 |
| 19. മച്ചാട് | – | – | 15200 |
| 20.മാടക്കത്തറ | 6761 | 13640 | 5135 |
| 21. മണലാടി | – | – | 2750 |
| 22. മണലൂർ വെസ്റ്റ് | – | – | 9165 |
| 23. മണലൂർവെസ്റ്റ്, മതബോധന വിദ്യാർത്ഥികൾ | | | 1115 |
| 24. മങ്ങാട് | – | – | 20000 |
| 25. മാന്ദാമംഗലം | – | – | 2412 |
| 26. മരത്താക്കര | – | – | 103245 |
| 27. മുള്ളൂർക്കര | – | – | 20222 |
| 28. നടാംപാടം | – | – | 2290 |
| 29. നടത്തറ | – | – | 82350 |
| 30. നന്തിപുലം | – | – | 31068 |
| 31. നെടുപുഴ | – | – | 7100 |
| 32. നെല്ലങ്കര | – | – | 60856 |
| 33. പടവരാട് | – | – | 52516 |
| 34. പല്ലശ്ശേരി | – | – | 2925 |
| 35. പണ്ടാരപ്പിള്ളി | – | – | 2800 |
| 36. പഴുവിൽ | – | 23456 | 36789 |
| 37. പീച്ചി | – | – | 3000 |
| 38. പേരാമംഗലം | – | 84095 | 108461 |
| 39. പെരിങ്ങോട്ടുകര | – | – | 20890 |
| 40. പെരുവല്ലൂർ | – | – | 10000 |
| 41. പുത്തൂർ | – | – | 116908 |
| 42. സ്നേഹപുരം | – | – | 17590 |
| 43. തയ്യൂർ | 3258 | – | – |
| 44. തൊയക്കാവ് | – | – | 20000 |
| 45. തൃശ്ശൂർ സെ. ആൻസ് | – | – | 72391 |
| 46. വരാക്കര | – | – | 45020 |
| 47. വരന്തരപ്പിള്ളി പള്ളിക്കുന്ന് | – | – | 54487 |

| | | | |
|---|---|---|---|
| 48. വീണ്ടശ്ശേരി | - | - | 4670 |
| 49. വെള്ളക്കാരിത്തടം | - | 5380 | 9495 |
| 50. വെള്ളാനിക്കോട് | - | - | 425 |
| 51. വേലൂപ്പാടം | - | - | 41635 |
| 52. വിജയപുരം | - | - | 114168 |
| 53. ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ | - | - | 1,50,000 |
| 54. നിർമ്മല കോളേജ്, വെസ്റ്റ് ഫോർട്ട് | - | - | 6000 |
| 55. സെ. വിൻസെന്റ് ഡി. പോൾ ഹോസ്പിറ്റൽ, ഒല്ലൂർ | - | - | 35000 |

| പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|
| 1. ആമ്പക്കാട് | 3552 | 4642 | 8440 |
| 2. അവിണിശ്ശേരി | 1720 | 3157 | 2583 |
| 3. ചാഴൂർ | 1480 | 2035 | 1480 |
| 4. ചിറയ്ക്കാക്കോട് | 800 | 1199 | 981 |
| 5. കണ്ണംകുളങ്ങര | 1536 | 1540 | 1680 |
| 6. മാടക്കത്തറ | 1700 | 1870 | 1530 |
| 7. മാന്ദാമംഗലം | 800 | 1540 | 1260 |
| 8. പാത്രാമംഗലം | 1500 | 1298 | 1062 |
| 9. പീച്ചി | 3550 | 4840 | 5280 |
| 10. തയ്യൂർ | 1600 | 2046 | 2232 |
| 11. വെളപ്പായ | 2200 | 2530 | 2070 |
| 12. വെള്ളക്കാരിത്തടം | 910 | 1529 | 1251 |
| 13. അസ്സീസി മഠം, തൃശ്ശൂർ | - | - | 200 |
| 14. ചെറുപുഷ്പാശ്രമം, ഗുരുവായൂർ | - | - | 1200 |

**3. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

ചിറ്റാട്ടുകര - 5000
പുത്തൻപീടിക - 5000
ചൂലിശ്ശേരി - 5000
ചിറ്റിശ്ശേരി - 5000
കാരമുക്ക് നോർത്ത് - 5000

**4. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. ആമ്പക്കാട് - 78816 - തെരട്ട് ഫീ
2. പഴയങ്ങാടി - 50000 - ഹാൾ നിർമ്മാണം

| | | | |
|---|---|---|---|
| 3. വളപ്പായ | – | 22090 | – തെരട്ട്ഫീ |
| 4. പാത്രാമംഗലം | – | 12365 | – തെരട്ട് ഫീ |
| 5. പീച്ചി | – | 33893 | – തെരട്ട് ഫീ |
| 6. കാഞ്ഞാണി | – | 84744 | – തെരട്ട് ഫീ |

**5. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | |
|---|---|
| 1. ഭവനനിർമ്മാണം | – 10,000 |
| 2. ചികിത്സ | – 30,000 |
| 3. വിവാഹം | – 25,000 |

**6. അതിരൂപതാ സഹായ ഫണ്ട്**

| | |
|---|---|
| 1. വിദ്യാഭ്യാസം | – 7900 |
| 2. ഭവന നിർമ്മാണം | – 24,000 |
| 3. വിവാഹം | – 81,700 |
| 4. ചികിത്സ | – 77,100 |

പുതുവത്സരത്തിന്റെ മംഗളാശംസകൾ ഏവർക്കും നേർന്നുകൊള്ളുന്നു.

**ഫാ. ജോസ് ചാലക്കൽ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 01 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ലിന്റോ തട്ടിൽ | 15 |
| ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. സിറിയക് ചാലിശ്ശേരി | 03 |

| | |
|---|---|
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 20 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 20 |

| | |
|---|---|
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഔസേപ്പ് മേച്ചേരി | 06.01.1916 |
| ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 |
| പൊറിഞ്ചു തേറാട്ടിൽ | 31.01.1941 |
| ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 |
| ജോസഫ് മണവാളൻ | 18.01.1950 |
| ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 |
| ജേക്കബ് പോട്ടോക്കാരൻ | 02.01.1968 |
| മാത്യു പാലയൂർ | 10.01.1972 |
| സിറിയക് മേനാച്ചേരി | 04.01.1975 |
| പീറ്റർ കുണ്ടുകുളം | 23.01.1976 |
| പോൾ ആളൂർ | 21.01.1982 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 |
| ജേക്കബ് മഞ്ഞളി | 30.01.1984 |
| ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| മാത്യു കിടങ്ങൻ | 04.01.1989 |
| ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ആന്റണി തരകൻ | 07.01.1992 |
| സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |

| | |
|---|---|
| പോൾ ആലപ്പാട്ട് സീനിയർ | 08.01.2005 |
| ലാസർ പൊറത്തൂർ | 08.01.2006 |
| ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| ആന്റണി ചാലക്കൽ | 06.01.2009 |
| ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. തോമസ് തലച്ചിറ | 11.01.2014 |

## അതിരൂപതയുടെ സ്മരണാഞ്ജലി

# സന്ന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.11.2014 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബൈബിളിനെ ആസ്പദമാക്കി നടത്തിയ ഏകദിന സെമിനാറിൽ പ്രോവിൻസിലെ സിസ്റ്റേഴ്സും അർത്ഥിനികളുമായി 65 പേർ സംബന്ധിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ വെച്ച് ജൂനിയർ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടെ സംഗമം നടത്തി.

02.11.2014 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ വെച്ച് Formees' Day ഘോഷിച്ചു.

03.11.2014 സി.എസ്.സി. കോലഴി മരിയ ഭവൻ ജനറലേറ്റിൽ ആസ്പിരൻസ് അർത്ഥിനികൾക്ക് മൂന്ന് ദിവസത്തെ ധ്യാനം നടന്നു.

05.11.2014 സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻഷ്യലും, മദർ സുപ്പീരിയറും ബഹു . റവ. ഫാ. ജോസഫ് മുണ്ടശ്ശേരിയുടെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

07.11.2014 സി.എം.സി. മുൻപ്രൊവിൻഷ്യലും പാലക്കാട് പ്രോവിൻസിലെ അംഗവുമായ സി.ക്രിസാന്തയുടെ മൃതസംസ്ക്കാര കർമ്മത്തിൽ പങ്കുകൊള്ളുന്നതിനായി പോകുകയും പ്രാർത്ഥനാപൂർവ്വം അനുശോചനം അറിയിക്കുകയും ചെയ്തു.

08.11.2014 എസ്.എ.ബി.എസ്.DBCLC-യിൽ വച്ച് നടത്തിയ CRI മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

എഫ്.സി.സി പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ ജാഗരണ പ്രാർത്ഥന അസ്സീസി പ്രൊവിൻഷ്യലിൽ വെച്ച് നടന്നു.

സി.എസ്.എം. സ്ഥാപകപിതാവ് ബഹു. ജോൺ കിഴക്കൂടനച്ചന്റെ പൊന്നൂക്കരയിൽ നടത്തിയ അനുസ്മരണ ബലിയിൽ ബഹു. പ്രൊവിൻഷ്യലും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു.

സി.എസ്.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ആനി തോമാസിയ, 2 വർഷത്തെ സേവനത്തിനു ശേഷം സി.ആർ.ഐ. പ്രസിഡണ്ട് സ്ഥാനത്തു നിന്നും വിരമിച്ചു.

09.11.2014 സി.എം.സി. പ്രൊവിൻഷ്യൽ പ്ലീനറി മീറ്റിങ്ങ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയുണ്ടായി.

സി.എസ്.എസ്. നവംബർ 9 മുതൽ 15 വരെ ബഹു. അഗസ്റ്റിൻ വടക്കേത്തല OSST യുടെ നേതൃത്വത്തിൽ സ്നേഹോദയ

പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ വാർഷിക ധ്യാനത്തിൽ പ്രൊവിൻസിന്റെ വിവിധഭവനങ്ങളിൽ നിന്നുള്ള 58 സിസ്റ്റേഴ്സ് പങ്കെടുത്തു.

10.11.2014 സി.എം.സി. Exposure programme ന്റെ ഭാഗമായി പോസ്റ്റുലന്റ്സ് പീസ്ഹോമിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയുന്നതിനായി അമ്മയും കൗൺസിലേഴ്സും അത്താണിയിൽ പോയി അവരെ സന്ദർശിച്ചു.

സി.എസ്.എം. സഭാസ്ഥാപകൻ ബഹു. ജോൺ കിഴക്കൂടൻ അച്ചന്റെ സംസ്ക്കാര സ്ഥലമായ സെന്റ് ആൻസിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് അർപ്പിച്ച അനുസ്മരണ ബലിയിലും തുടർന്നുള്ള ശ്രാദ്ധ ഊട്ടിലും ബഹു. ജനറാളും, പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പങ്കെടുത്തു.

11.11.2014 എസ്.എ.ബി.എസ്.മദർ ലിറ്റിൽ മരിയ തെക്കേക്കര പാലയൂർ,നെന്മണിക്കര എന്നീ മഠങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി.

13.11.2014 സി.എം.സി. വാ.ചാവറപിതാവിന്റെയും വാ.എവുപ്രാസ്യമ്മയുടെയും വിശുദ്ധപദപ്രഖ്യാപനത്തോടനുബന്ധിച്ച് സി.എം.സി, സി.എം.ഐ സഭകൾ ഒന്നുചേർന്ന് നടത്തിയ മൂന്നു ദിവസത്തെ വിളംബര പ്രഘോഷണ ജാഥ എൽത്തുരുത്ത് ആശ്രമത്തിൽ നിന്ന് തുടക്കം കുറിച്ചു. അലങ്കരിച്ച വാഹനത്തിൽ ഈ പുണ്യാത്മാക്കളുടെ തിരുശേഷിപ്പുകൾ വഹിച്ചുകൊണ്ടുള്ള പ്രഘോഷണ ജാഥ ഓരോ ഫൊറോനകളിലെയും വൈദീകരും ഇടവകജനങ്ങളും വലിയ ഒരുക്കത്തോടും സന്തോഷത്തോടുകൂടെയുമാണ് എതിരേറ്റത്. തൃശ്ശൂർ നഗരിയിലൂടെ നടത്തപ്പെട്ട ഈ വിളംബര ജാഥ, കോർപ്പറേഷനുമുന്നിൽ സമാപിക്കുകയും സമാപന സമ്മേളനത്തിൽ അഭിവന്ദ്യപിതാവ് മാർ റാഫേൽ തട്ടിൽ, ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ MLA, മേയർ രാജൻ പല്ലൻ തുടങ്ങിയവർ സംസാരിച്ചു. KCYM, Jesus Youth എന്നീ സംഘടനകളുടെ പൂർണ്ണ പിന്തുണയോടെ നടത്തിയ ഈ സംരംഭം നാനാജാതി മതസ്ഥരിൽ ആത്മീയ വെളിച്ചം പകരുന്നതിനിടയായി.

14.11.2014 എഫ്.സി.സി.മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ പുതിയ ചാപ്പലിന്റെ കല്ലിടൽ കർമ്മം, മഠം ചാപ്ലയിൻ റവ. ഫാ. ജോൺ അയ്യങ്കാനയിൽ നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ഈ ചടങ്ങിൽ സന്നിഹിതയായിരുന്നു.

15.11.2014 എഫ്.സി.സി. പേരകം സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലി

മദ്ധ്യേ അസ്സീസി പ്രോവിൻസിലെ 9 നോവീസസ് തങ്ങളുടെ വ്രതസമർപ്പണം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

സി.എം.സി. ആശ്രമശുശ്രൂഷികൾക്കായി രണ്ട് ദിവസത്തെ ധ്യാനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയും മൂന്നാം ദിവസം അവരുടെ കുടുംബാംഗങ്ങളെ വിളിച്ചു കൂട്ടി കുടുംബസംഗമം നടത്തുകയും ചെയ്തു.

17.11.2014 എസ്.എൽ.എം.ഐ. സൊസൈറ്റി ഓഫ് ലേഡീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി.റൂബി തോമസ്, സി. മേരിക്കുട്ടി മാത്യൂ, സി. മേഴ്സിക്കുട്ടി കുന്നേൽ എന്നിവരുടെ ആദ്യ വ്രതവാഗാദാനത്തിന്റെ രജതജൂബിലി തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ പടിഞ്ഞാറെകോട്ട സെന്റ് ആൻസ് പള്ളിയിൽ വച്ച് ആഘോഷിച്ചു.

20.11.2014 എഫ്.സി.സി. ജൂനിയർ സിസ്റ്റേഴ്സ് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുതിന് തിരൂർ സിയോൻ റിന്യൂവൽ കോൺവെന്റിൽ 20–ാം തീയതി വ്യാഴാഴ്ച എത്തിച്ചേരുകയും നവംബർ 23–ാം തീയതി ഞായറാഴ്ച രാവിലെ വി. ബലിമധ്യേ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

21.11.2014 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ എല്ലാസിസ്റ്റേഴ്സും കാണിക്കമാതാവിന്റെ തിരുന്നാളും സ്ഥാപനദിനവുമായതിനാൽ തങ്ങളുടെ വ്രതം നവീകരിച്ചു. കൂടാതെ 'പ്രൊവിൻസ്ഡെ'ക്ക് ഒരുക്കമായി 13 മണിക്കൂർ ജാഗരണ ആരാധന നടത്തി.

എഫ്.സി.സി. 1991 ബാച്ചിലെ സിസ്റ്റേഴ്സ് ജാഗരണപ്രാർത്ഥനക്കായി അസ്സീസിയിൽ ഒത്തുചേർന്നു.

സി.എസ്.എം. അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും സൗഹൃദം പങ്കുവെയ്ക്കുകയും ചെയ്തു.

22.11.2014 എഫ്.സി.സി. തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് നടന്ന മേരിവിജയം അവാർഡ് മീറ്റിംഗിൽ റവ. സി. റോസ് അനിത ആശംസകളർപ്പിച്ചു.

എസ്.എ.ബി.എസ്. തിരുമണിക്കൂർ, സ്നേഹവിരുന്ന്, കായികമത്സരങ്ങൾ, കലാപരിപാടികൾ എന്നീ പരിപാടികളോടെ 'Province Day' ആഘോഷിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 'പ്രൊവിൻസ്ഡെ' ആഘോഷം നടന്നു.

കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു.

23.11.2014 സി.എം.സി. ആഗോള സഭക്ക്,തൃശ്ശൂർ അതിരൂപതക്ക്, CMI, CMC സഭകൾക്ക് അനുഗ്രഹീതദിനം. വാ.ചാവറ പിതാവിനെയും വാ.എവുപ്രാസ്യമ്മയെയും വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തിയെന്ന് വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മാർ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചു. ക്രിസ്തുരാജന്റെ തിരുനാൾ ദിന ത്തിലാണ് ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചത്. സുപ്പീരിയർ ജനറൽ സി.സാങ്റ്റ വി.എവുപ്രാസ്യമ്മയുടെ തിരുശേഷിപ്പും തൃശ്ശൂർ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമർ തിരിയും ഇരിഞ്ഞാലക്കുട പ്രൊവിൻഷ്യൽ സുപ്പീരിയർ സി.റോസ്മേരി പൂവും സമർപ്പിച്ചു കൊണ്ടായിരുന്നു വത്തിക്കാൻ ചത്വരത്തിൽ തങ്ങളുടെ കർത്തവ്യ നിർവ്വഹണം നടത്തിയത്. ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിൽ രാവിലെ മുതൽ പ്രാർത്ഥനാ ശുശ്രൂഷകൾ ആരംഭിച്ചു. 9.30 ന് കുട്ടികൾക്കായി ദിവ്യബലി, 11 ന് ആരാധന, 11.30 ന് വി.കുർബ്ബാന തുടങ്ങിയവ അന്നത്തെ പ്രത്യേകതകളായിരുന്നു. വിശുദ്ധാത്മാക്കളുടെ കിരീടധാരണ കർമ്മം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. തിരുകർമ്മങ്ങൾക്കു ശേഷം നേർച്ച ഭക്ഷണം നൽകുകയും റോമിലെ പരിപാടികളുടെ തൽസമയ പ്രക്ഷേപണം കാണുവാനുള്ള സൗകര്യവും ചെയ്തു.

എസ്.എ.ബി.എസ്.Junior, Senior Sistersന്റെ gathering ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. മദർ ലിറ്റിൽ മരിയ തെക്കേക്കര,സി.സോഫി പെരേപ്പാടൻ എന്നിവർ ക്ലാസ്സുകൾ നൽകി.

24.11.2014 എഫ്.സി.സി.സഭാവസ്ത്രം സ്വീകരിച്ച ജൂനിയർ സിസ്റ്റേഴ്സ് വിവിധ ഭവനങ്ങളിലേക്ക് സ്ഥലം മാറിപ്പോവുകയും ശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു.

സി.എസ്.എസ്. നവംബർ 25-ാം തിയ്യതി മുതൽ മണ്ണുത്തി ഇടവകയിൽ നടന്നു വരുന്ന കുടുംബ നവീകരണപരിപാടിയിൽ ഭവനസന്ദർശനത്തിലും സമർപ്പണപ്രാർത്ഥനകളിലും സിസ്റ്റേഴ്സ് സജീവമായി പങ്കെടുത്തുവരുന്നു.

26.11.2014 സി.എസ്.സി കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ കീഴിലുള്ള ചെവ്വൂർ മരീനാ ഹോമിന്റെ പുതിയ ചാപ്പലും ആകാശപറവകൾക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ വിപുലീകരിച്ച ഭാഗം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ആശീർവാദകർമ്മം നിർവ്വഹിച്ചു.

സി.എസ്.എസ്. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽപിതാവ്, വ്രതവാഗ്ദാനം ചെയ്യാൻ പോകുന്ന 4 നോവീസസിന് ഇന്റർവ്യൂ നടത്തി.

27.11.2014 എം.എം.ബി. പ്രോവിൻസ് ഡെ ആഘോഷപരിപാടികളിൽ വിവിധ സന്യാസസഭകളുടെ പ്രതിനിധികൾ സംബന്ധിച്ചു.

29.11.2014 വാ.ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വാ. എവുപ്രാസ്യമ്മ യേയും വിശുദ്ധരായി പ്രഖ്യാപിച്ചതോടനുബന്ധിച്ച് Rajagiri Valley-യിൽ നടന്ന National Thanksgiving Day ആഘോഷങ്ങളിൽ അതി രൂപതയിലെ എല്ലാ സന്യാസസമൂഹങ്ങളിലേയും ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എസ്.സി കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ കീഴിലുള്ള പുനർനിർമ്മാണം ചെയ്ത പാറേമ്പാടം ഫാത്തിമ കോൺവെന്റിന്റെ വെഞ്ചിരിപ്പുകർമ്മം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വ ഹിച്ചു.

30.11.2014 ആഗോളസഭ സമർപ്പിതവർഷം ആരംഭിക്കുന്ന ഈ ദിനത്തിൽ വി.എ വുപ്രാസ്യാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ഒല്ലൂർ സെന്റ്.മേരീസ് മഠം ചാപ്പലിൽ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ട വി.ബലിയിൽ വിവിധ സന്യാ സസഭകളുടെ പ്രതിനിധികൾ സംബന്ധിച്ചു.

സി.എസ്.എസ്. നവംബർ 30-ാം തിയ്യതി വൈകുന്നേരം 6.30 മുതൽ 8 മണിവരെ സ്നേഹോദയപ്രൊവിൻഷ്യൽഹൗസിൽവച്ച് നടത്തിയ ആരാധനയോടെ സമർപ്പിതവർഷാരംഭത്തിന് തുടക്കം കുറിച്ചു.

സി.എസ്.സി കോലഴി മരിയഭവൻ ജനറലേറ്റിൽ സമർപ്പിതവർഷ ത്തിന്റെ ഉദ്ഘാടനവും വിവിധ കമ്മിറ്റിക്കാരുടെ സംഗമവും നടന്നു.

എഫ്.സി.സി നവംബർ 30-ാം തീയതി 2 pm ന് സോഷ്യലിന്റെയും 3pm ന് ഇവാഞ്ചലൈസേഷന്റെയും കസൾട്ടൻസ് & കമ്മിറ്റി അംഗ ങ്ങളുടെയും മീറ്റിംഗ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

01.12.2014 എഫ്.സി.സി 2014 നവംബർ മാസത്തിൽ ആദ്യവ്രതവാഗ്ദാനവും സഭാ വസ്ത്രവും സ്വീകരിച്ച എഫ്. സി. സി.യുടെ മിഷൻ പ്രോവിൻസുക ളിലെ ജൂനിയർ സിസ്റ്റേഴ്സിന് അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി.

03.12.2014 സി.എം.സി. സുപ്പീരിയർ ജനറൽ സി.സാങ്റ്റ കാനോനിക സന്ദർശനത്തിനായി പ്രൊവിൻഷ്യൽ ഹൗസിൽ വന്നു.

സി.എസ്.എം ലൂർദ്ദനാഥ പ്രൊവിൻസിൽ സമർപ്പിത വർഷാചരണ ഭാഗമായി 13 മണിക്കൂർ ആരാധന നടത്തി.

**ആദരാഞ്ജലികൾ**



26.11.2014 എഫ്.സി.സി. ഗുരുവായൂർ ലിസ്യു ഭവനാംഗമായിരുന്ന ബ. യുഫേമിയമ്മ 26-ാം തീയതി രാവിലെ 7.45 ന് നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ പൂജ്യമായി സംസ്കരിച്ചു.



29.11.2014 സി.എം.സി. സി.ഫിലോണില തമ്പുരാന്റെ പെട്ടെന്നുണ്ടായ വിളിക്ക് പ്രത്യുത്തരമേകി ഈ ലോകത്തോട് യാത്ര പറഞ്ഞു. ജനറാൾ ഫാ.ജോർജ്ജ് എടക്കളത്തൂരിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തുകയും ക്രൈസ്റ്റ് കിങ് പാവർട്ടി മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

സി.ആർ.ഐ. സെക്രട്ടറി

**സി.ജോസഫൈൻ പാലത്തിങ്കൽ** SAB

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

വിശ്വാസ പരിശീലനരംഗത്ത്, 2014 അനുഗ്രഹദായകമായ ഒരു വർഷമായിരുന്നു. സ്വർഗ്ഗീയ മദ്ധ്യസ്ഥരായി വിശുദ്ധ കുരിയാക്കോസ് ഏലിയാസ് ചാവറയച്ചനെയും, വിശുദ്ധ എവുപ്രാസ്യമ്മയേയും നമുക്ക് ലഭിച്ചതിന് നന്ദി പറയാം!. ശക്തനായവൻ വലിയകാര്യങ്ങൾ നമുക്ക് ചെയ്തിരിക്കുന്നു. (ലൂക്ക 1:49) ശക്തനായ ദൈവത്തിന് നമുക്ക് നന്ദി പറയാം. ദൈവത്തിന്റെ നാമം പരിശുദ്ധമാണ്!

ഇതാ പുതിയൊരു വർഷം 2015 ദൈവം നമ്മുക്കു സമ്മാനിക്കുന്നു! പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ സമർപ്പിത വർഷം പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ (2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ) വിശ്വാസ പരിശീലനശുശ്രൂഷയിൽ കൂടുതൽ സമ്മർപ്പണ മനോഭാവം സമ്മാനിക്കാൻ ഈ പുതുവർഷത്തിൽ സാധിക്കട്ടെ! "ഇതാ കർത്താവിന്റെ ദാസി" എന്ന പരിശുദ്ധ അമ്മയുടെ സമർപ്പിത ചൈതന്യം വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലനം സ്വീകരിക്കുന്നവർക്കും ദൈവഭാഗ്യത്തിന് കാരണമാകട്ടെ!

### ഏവർക്കും നവവത്സരാശംസകൾ!

ഡയറക്ടർമാർ സന്ദർശിച്ച മതബോധനയൂണിറ്റുകൾ: പതിയാരം, മണ്ണംപേട്ട, എരവിമംഗലം, മങ്ങാട്, പുതുരുത്തി, വരവൂർ

### 1. Headmasters' Conference

| | | |
|---|---|---|
| Date | : | 1st February 2015 |
| Day | : | Sunday |
| Time | : | 2.30pm |
| Venue | : | Catechetical Centre, DBCLC, Thrissur |

എല്ലാ ഹെഡ്മാസ്റ്റർമാരേയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. ഏതെങ്കിലും അത്യാവശ്യ കാരണത്താൽ ഹെഡ്മാസ്റ്റർ സംബന്ധിക്കുന്നില്ലെങ്കിൽ അക്കാര്യം അതിരൂപതാ മതബോധന ഡയറക്ടറെ അറിയിക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മപ്പിക്കുന്നു.

**2. Sunday Catechism - Annual Examination 2015**

| | | |
|---|---|---|
| 8th February 2015 | : | Stds I, III, V,VII, IX, XI (2pm-4pm) |
| 15th February 2015 | : | Std, XII (2 pm - 4 pm)<br>ACC ( 2pm - 5 pm) |
| 22nd February 2015 | : | Stds II, IV, VI, VIII, X ( 2pm-4pm) |

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച നിബന്ധനകൾ, (Attendance, syllabus, Marks Distribution എന്നിവയെ സംബന്ധിച്ച് ) Annual Programme, Pages 14-19 ൽ നൽകിയിട്ടുണ്ട്.

**3. Centralised Valuation - 2015**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| Chief Examiners' Meeting | : | 1st March Sunday |
| ACC Centralised Evaluation | : | Saturday 7th March & Sunday 8th March |
| Std. XII Centralised Evaluation | : | Saturday 14th March & Sunday 15th March |

**4.School Catechism & Moral Science - Annual Examination 2015**

**Friday 23rd January**

| | | | | | | |
|---|---|---|---|---|---|---|
| Forenoon Stds. | I, | III, | V, | VII, | IX, | XI |
| Afternoon Stds | II, | IV, | VI, | VIII, | X, | XII |

**5. Std. XII & ACC Common Examination- February 2015**

1. ബഹു.വൈദികരുടെ മേൽനോട്ടത്തിലും, HM ന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. Examination Hall ൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്.
2. പരീക്ഷയേയും മറ്റും സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകൾ (Attendance എന്നിവയെ സംബന്ധിച്ച്) Annual Programme, Pages 18-19ൽ നൽകിയിട്ടുണ്ട്.

പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും Syllabus, Question paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും Annual Programme, pags 14-18ൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്. അത്യാഹിത/അപ്രതീക്ഷിത കാരണത്താൽ ഒരു വിദ്യാർത്ഥിക്ക് പരീക്ഷാദിവസം വാർഷിക പരീക്ഷക്ക് ഹാജരാകാൻ സാധിക്കുന്നില്ലെങ്കിൽ അക്കാര്യം രേഖാമൂലം വികാരിയച്ചനെ അറിയിക്കുകയും വികാരിയച്ചൻ ഉടനെ തന്നെ അതിരൂപതാ മതബോധന ഡയറക്ടറെ ബോധ്യപ്പെടുത്തുകയും അതിരൂപതാ മതബോധന ഡയറക്ടർ നൽകുന്ന നിർദ്ദേശം പാലിക്കുകയും ചെയ്യേണ്ടതാണ്.

3. പരീക്ഷാ നടത്തിപ്പിന് Visitor ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

4. ACC Centralised Valuation മതബോധനകേന്ദ്രത്തിൽ വെച്ചുതന്നെ നടത്തുവാൻ University യുടെ ACC Examination Borad തീരുമാനിച്ചിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC Centralised Valuaton നടത്തുന്നതാണ്.

5. Std. XII, ACC Centralised Evaluation ന് Std. XII, ACCപഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (ദിവസങ്ങൾ മുകളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 9.30am-4.30pm)

6. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാതകളോ ഉണ്ടാകുന്നതിനുള്ള സന്ദർഭം വന്നുചേരരുത്.

## 6. Service Award Day - 26th January 2015 Sunday

Service Awardന് അർഹരായ അദ്ധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് വിതരണം ചെയ്യുന്നതാണ്.

1. Manuscript Magazine
2. Archdiocesan Aptitude Examination
3. Familia Cristiana - Forane Star - Std. XII
4. SMCC Selected Students who attended Archdiocesan Final Round Camp
5. SMCC Selected Students ( 2boys & 2 girls)
6. CCC Rank Holders

### 7. SMCC Award

ഫൊറോനയിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികൾക്ക് മതബോധനകേന്ദ്രത്തിൽ വെച്ച് 1 ദിവസത്തെ ക്യാമ്പ് വിജയകരമായി നടത്തി. തെരഞ്ഞെടുത്ത 80 കുട്ടികളിൽ 68പേർ സംബന്ധിച്ചു. അതിൽ നിന്നും 32 കുട്ടികളെ Final Roundലേക്ക് തെരഞ്ഞെടുത്തു. ഈ 32 കുട്ടികൾക്ക് ഡിസംബർ 21,22,23,24 തിയ്യതികളിൽ ക്യാമ്പ് നടത്തി അതിൽ നിന്നും 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് സഭാതലത്തിലുള്ള മത്സരത്തിലേക്ക് പറഞ്ഞയ്ക്കുക.

സസ്നേഹം,

| | |
|---|---|
| **Fr. Antony Mecheripady** | **Fr. Jiphy Mekkattukulam** |
| Asst. Director | Director |

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. പുതുവത്സരാശംസകൾ**

പുതുവർഷം 2015- ഭാവുകങ്ങളും പ്രാർത്ഥനാശംസകളും എല്ലാവർക്കും നേരുന്നു.

**2. ഓർമ്മിക്കാൻ - ആചരിക്കാൻ**

**2015 ജനുവരി**

| | |
|---|---|
| 02. വെള്ളി | - ആദ്യവെള്ളി, കുർബാന, പ്രധാനാദ്ധ്യാപകരുടെയോഗം. |
| 03. ശനി | - വി. ഏലിയ ചാവറ കുരിയാക്കോസ് |
| 06. ചൊവ്വ | - ദനഹാതിരുനാൾ |
| 20. ചൊവ്വ | - വി. സെബാസ്റ്റ്യാനോസ് |
| 23. വെള്ളി | - നേതാജി ജയന്തി |
| 24. ശനി | - വിവേകാന്ദജയന്തി |
| 26. തിങ്കൾ | - ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 28. ബുധൻ | - വി. തോമാസ് അകിനാസ് |
| 30. വെള്ളി | - മഹാത്മാഗാന്ധി ചരമദിനം, ലോകസമാധാനദിനം |
| 31. ശനി | - വി. ഡോൺബോസ്കോ |

**3. അപേക്ഷ ക്ഷണിക്കുന്നു.**

1. പ്രധാന അദ്ധ്യാപകരും അനദ്ധ്യാപകരും സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ 2015 ജനുവരി 31ന് ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**2. ഹെഡ്മാസ്റ്റർ തസ്തിക**

ഹെസ്മാസ്റ്റർ തസ്തികയിലേക്കുള്ള അപേക്ഷകൾ ഏജൻസി ഓഫീസിൽ

സമർപ്പിക്കേണ്ട അവസാന തിയ്യതി 2015 ജനുവരി 31 ശനി

**പ്രധാനാദ്ധ്യാപകരുടെ യോഗം**

2015 ജനുവരി 2-ാം തിയ്യതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പ്രധാനാദ്ധ്യാപകരുടെ യോഗം ചേരുന്നു. എല്ലാ പ്രധാനാദ്ധ്യാപകരും യോഗത്തിൽ സംബന്ധിക്കണം.

**റവ. ഫാ. തോമസ് കാക്കശ്ശേരി**

കോർപ്പറേറ്റ് മാനേജർ.

## മേരിമാതാ മേജർ സെമിനാരി

**വി. സിസിലിയുടെ തിരുന്നാൾ 21.11.2014**

ഈ വർഷവും വി. സിസിലിയുടെ തിരുന്നാൾ സെമിനാരി ഗായകസംഘം സാഘോഷം ആഘോഷിച്ചു. ഗായകസംഘത്തിന്റെ ഡയറക്ടർ റവ.ഫാ. റോയി മൂക്കൻ അന്നേദിവസം ദിവ്യബലിയർപ്പിക്കുകയും റവ.ഫാ. തോമസ് ഇ.ജെ. സന്ദേശം നല്കുകയും ചെയ്തു. തിരുന്നാളിന്റെ ഭാഗമായി അന്നേദിവസം ഗാനാലാപന മത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിൽ ബ്രദർ. ഷെൽട്ടൻ ചിറ്റിലപ്പിള്ളിയെ ഗാനഗന്ധർവ്വനായും ബ്രദർ. സെബി വെളിയനെ ജനപ്രിയ ഗായകനായും, ബ്രദർ ഡെബിൻ അക്കാട്ടിനെ ഗാനകോകിലമായും തിരഞ്ഞെടുത്തു. ബ്രദർ ഷെൽട്ടനെ ഗായകസംഘത്തിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

**മാസധ്യാനം 22.11.2014**

ആത്മീയ ഉണർവ്വിനും, ദൈവവിളിയെപറ്റി ആഴത്തിൽ ചിന്തിക്കുവാനും, സ്നേഹോത്സവത്തിന് ഒരുക്കമായും റവ. ഫാ. ബാബു ചേലപ്പാടന്റെ നേതൃത്വത്തിൽ മാസധ്യാനം നടന്നു. തന്റെ അജപാലന ജീവിതത്തിൽ ദൈവം ഇടപ്പെട്ട സുന്ദര നിമിഷങ്ങളെ ധ്യാനവിഷയമാക്കുകയായിരുന്നു അദ്ദേഹം. അജപാലന രംഗത്തെ കാലിക പ്രസക്തിയുള്ള വിഷയങ്ങളെ ക്രിസ്തുവിനോട് ചേർന്നു നിന്ന് എങ്ങനെ അഭിമുഖീകരിക്കണം എന്ന് അച്ചൻ പറഞ്ഞു. മാസധ്യാനം ഏവർക്കും അനുഭവപ്രദമായിരുന്നു.

**സെൻട്രൽ ഫിലോസഫിക്കൽ സെമിനാർ**

നവംബർ 27-ാം തിയ്യതി (Exploration into Philosohical Aesthetics) എന്ന വിഷയത്തെ ആസ്പദമാക്കി ഇന്റർ-സെമിനാരി സെമിനാർ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ പത്തോളം സെമിനാരികളെ പ്രതിനിധികരിച്ച് വൈദിക വിദ്യാർത്ഥികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ദൃശ്യ സാങ്കേതിക വിദ്യയുടെ സഹായത്തോടെ അവതരിപ്പിച്ച പ്രബന്ധങ്ങൾ എല്ലാം ഒന്നിനൊന്ന്

മികച്ചതായിരുന്നു. എല്ലാ പ്രബന്ധങ്ങൾക്കും ഇടയിൽ 10 മിനിറ്റ് സമയം തുറന്ന ചർച്ചക്കുവേണ്ടി മാറ്റിവെച്ചിരുന്നു. തത്ത്വശാസ്ത്രപരമായി സൗന്ദര്യശാസ്ത്രത്തെ വിലയിരുത്തുന്നതിനും, നൂതന പഠനങ്ങളെയും ഉൾക്കാഴ്ച്ചകളേയും കുറിച്ചുള്ള അറിവ് സ്വന്തമാക്കുന്നതിനും ഈ സെമിനാർ സഹായകമായി.

**സെമിനാരിയുടെ സ്ഥാപനദിനം 08.12.2014**

മേരിമാതാ സെമിനാരിയുടെ 17–ാം മത് സ്ഥാപനദിനവും അമലോത്ഭവമാതാവിന്റെ തിരുനാളും സെമിനാരി കുടുംബം സമുചിതമായി ആഘോഷിച്ചു. തലേദിവസം വേസ്പരയോടു കൂടി തിരുനാൾ ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു. വേസ്പരയ്ക്കു മോൺ.ജോർജ്ജ് മാനാടൻ കാർമ്മികത്വം നല്കി. ബഹു. ഫാ.മൈക്കിൾ കാരിമറ്റം സന്ദേശം നല്കി. പിറ്റേന്ന് ബഹു. ഫാ.ടോണി നീലങ്കാവിലിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ച് സെമിനാരി കുടുംബം ദൈവത്തിന് നന്ദി അർപ്പിച്ചു. വൈകീട്ട് പതിവുപോലെയുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് അഭിവന്ദ്യ മാർ.ജെയ്ക്കബ്ബ് തൂങ്കുഴി പിതാവ് നേതൃത്വം നല്കി.

**പാസ്റ്ററൽ ഡയറക്ടേഴ്സ് മീറ്റിംഗ് 09.12.2014**

അജപാലന രംഗത്ത് പരിശീലനം ലഭിക്കുന്നതിനായി എല്ലാ ഞായറാഴ്ചകളിലും ദൈവശാസ്ത്ര വിദ്യാർത്ഥികൾ പോകുന്ന വിവിധ ഇടവകകളിൽ നിന്നും അവർക്ക് നിർദ്ദേശവും പരിശീലനവും നല്കുന്ന വികാരിയച്ചന്മാരുടെ സംഗമം ഡിസംബർ 9–ാം തിയ്യതി ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് സംഘടിപ്പിച്ചു. വൈദിക വിദ്യാർത്ഥികൾ സ്വയം പരിചയപ്പെടുത്തി. തങ്ങളുടെ വികാരിയച്ചന്മാർക്ക് നന്ദിയർപ്പിച്ചതിനുശേഷം വികാരിയച്ചന്മാർ തങ്ങളുടെ പൊതുവായ നിർദ്ദേശങ്ങൾ നൽകി. അതിനുശേഷം റെക്ടറച്ചനും വികാരിയച്ചന്മാരും കൂടി ചർച്ച ചെയ്ത് യോഗം 4.30നോട് കൂടി അവസാനിച്ചു.

**സ്നേഹോത്സവം 14.12.2014**

ഡിസംബർ 14 മുതൽ 19 വരെ പറവട്ടാനി, കൊട്ടേക്കാട് ഇടവകകളിലാണ് ഇപ്രാവശ്യം സ്നേഹോത്സവം നടത്തിയത്. സ്നോഹത്സവത്തിന്റെ വിജയത്തിനായി മേരിമാതാ കുടുംബം ഒരുമാസം മുമ്പുതന്നെ പ്രാർത്ഥിച്ച് ഒരുക്കം തുടങ്ങിയിരുന്നു. സെമിനാരി കുടുംബം രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് 48 സഹോദരങ്ങൾ പറവട്ടാനിയിലേക്കും, 88 സഹോദരങ്ങൾ കൊട്ടേക്കാട്ടേക്കുമാണ് പോയത്, ഇരു ഇടവകകളും സോണുകളായി തിരിച്ച് സോണുകളിൽ തന്നെ വി. കുർബാനയും, കുമ്പസാരവും, സംഗമങ്ങളും നടത്തി. കുടുംബസന്ദർശനങ്ങളും, വചനപ്രഘോഷണങ്ങളുമായിരുന്നു സ്നേഹോത്സവത്തിന്റെ പ്രധാന വിജയകാരണം.

**ക്രിസ്തുമസ്സ് ആഘോഷം 20.12.2014**

സെമിനാരി കുടുംബം ഒന്നുചേർന്ന് ക്രിസ്മസ്സ് ആഘോഷിച്ചു. ഒരു മാസ

കാലമായി പ്രാർത്ഥിച്ചൊരുങ്ങി കാത്തിരുന്ന ക്രിസ്തുമസ്സ് ഫ്രണ്ടിന് സഹോദരങ്ങളും വൈദികരും സമ്മാനങ്ങൾ കൈമാറി. ക്രിസ്തുമസ്സിന് ഒരുക്കമായി ഡിസംബർ ഒന്നാം തിയ്യതി എല്ലാ ദിവസവും രാത്രിയിൽ ക്രിസ്മസ്സ് സന്ദേശങ്ങൾ വിവിധ ബാച്ചുകളിലെ സഹോദരങ്ങൾ നല്കിയിരുന്നു. ക്രിസ്തുമസ്സ് കൂട് അണിയിച്ചൊരുക്കിയും, കരോൾ ഗാനങ്ങൾ ആലപിച്ചും, സാന്താക്ലോസിനെ കൊണ്ടു വന്നും ഈ വർഷത്തെ ക്രിസ്തുമസ്സ് സെമിനാരി കുടുംബം അതിമനോഹരമായി ആഘോഷിച്ചു.

**അവധിക്കാലം 21.12.2014**

വൈദിക വിദ്യാർത്ഥികൾ തങ്ങളുടെ സ്വന്തം ഭവനങ്ങളിൽ പോയി ക്രിസ്തമസ്സ് ആഘോഷിക്കുന്നതിനായി 21-ാം തിയ്യതി സെമിനാരിയിൽ അവധി തുടങ്ങി. ക്രിസ്തുമസ്സിന് ശേഷം പല ഇടവകകളിലും നടക്കുന്ന തരുപ്പട്ടങ്ങളിൽ പങ്കെടുക്കുന്നതിനും, ശ്രുഷിക്കുന്നതിനുമായി 2015 ജനുവരി 4-ാം തിയ്യതി വരെ അവധിക്കാലം നീണ്ടുനിന്നിരുന്നു. മേരിമാതായിൽ പഠനം പൂർത്തിയാക്കിയ 18 ഡീക്കന്മാരാണ് ഈ വർഷം തിരുപട്ടം സ്വീകരിക്കുന്നത്.

## ബേഴ്സ് സ്ഥാപിച്ചവർ

### Individual Patron Membership

1. ശ്രീ. ജോജു പി. ആന്റണി, പാണാട്ടുപറമ്പിൽ ഹൗസ്, ചെങ്ങാലൂർ
2. ശ്രീ. റാഫി.എസ്. പൊൻമാണി, പൂത്തോൾ
3. ശ്രീ. പി.സി. സണ്ണി, പള്ളിപ്പുറം ഹൗസ്, പൊങ്ങണംകാട്
4. ശ്രീ. ജിജോ ജോസഫ്, പടിഞ്ഞാറെത്തല ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ

### Individual Benefactor Membership

1. ശ്രീ. ജോസഫ്, നെറ്റിക്കാടൻ, കുട്ടനെല്ലൂർ
2. ശ്രീ. ഇ.ജെ.ടി.ദാസ്, എടക്കളത്തൂർ ഹൗസ്, പാവറട്ടി
3. ശ്രീ. പി.വി. ജെയിംസ് , പുത്തമ്പച്ചിറ ഹൗസ്, മണ്ണുത്തി
4. ശ്രീ. എൻ.ഡി. സണ്ണി, നെറ്റിക്കാടൻ ഹൗസ്, അവിണിശ്ശേരി

### Individual wellwisher Membership

1. റവ.ഫാ. പോൾസൺ പാലത്തിങ്കൽ, ഔവർ ലേഡി ഓഫ് കാർമ്മൽ ചർച്ച്, ഏനാമാക്കൽ
2. ശ്രീ. ബാസ്റ്റിൻ ലിൻജോൺ, എടക്കളത്തൂർ ഹൗസ്, പൂവ്വത്തൂർ
3. ശ്രീ. സന്തോഷ് ആൻഡ്രൂസ്, വടക്കൂട്ട് ഹൗസ്, പാവറട്ടി
4. ശ്രീമതി. ലീല ലൂയിസ്, പാടത്തിപറമ്പിൽ ഹൗസ്, ഇരിഞ്ഞാലക്കുട

### Institutional Wellwisher Membership

1. റവ. സി. സൂപ്പീരിയർ & കമ്മ്യൂണിറ്റി, ബ്ലെസ്സഡ് സാക്രമെന്റ് എഫ് സി.സി. കോൺവെന്റ്, മരത്താക്കര

**ഫാ.ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**ജീവിതമാർഗ്ഗദർശന സെമിനാറുകൾ**

ഈ അദ്ധ്യയന വർഷം 8,9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി യഥാക്രമം 2014 നവംബർ 15,22 എന്നീ ദിവസങ്ങളിലായി ഏകദിനമാർഗ്ഗദർശന സെമിനാറുകൾ നടത്തപ്പെട്ടു. 29 ഇടവകളിൽ നിന്നായി 114 കുട്ടികൾ പങ്കെടുത്ത 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള സെമിനാർ നയിച്ചത്. ബഹു. ഫാ. ലിജോ മേച്ചരിപ്പടിയും 43 ഇടവകകളിൽ നിന്നായി 217 പേർ പങ്കെടുത്ത 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള സെമിനാർ നയിച്ചത്. ബഹു. സ്റ്റാഴ്സൺ കള്ളിക്കാടനച്ചനുമായിരുന്നു. സെമിനാറുകളിലേക്ക് കുട്ടികളെ ഒരുക്കിയച്ച ബഹു.അച്ചന്മാരോടും സിസ്റ്റേഴ്സിനോടും മതബോധന അദ്ധ്യാപകരോടും മാതാപിതാക്കളോടുമുള്ള നന്ദി അറിയിക്കുന്നു.

**ആരാധനാദിനം**

ക്രിസ്തുവിന്റെ രാജത്വതിരുന്നാൾ ദിവസമായ നവംബർ 23ന് സെമിനാരി കുടുംബം ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധനയിലായിരുന്നു. സമാപന തിരുമണിക്കൂർ ആരാധനയ്ക്ക് വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളും കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. ഒത്തൊരുമിച്ചുള്ള പ്രാർത്ഥനാ ഞങ്ങൾക്കും കുടുംബാംഗങ്ങൾക്കും ഗണ്യമായ ആത്മീയശക്തി സംഭരിക്കുവാൻ ഇടയാക്കി.

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

വിശുദ്ധ അന്ത്രയോസുശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവ് നവംബർ 29-ാം തിയ്യതി സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. ആ ദിവസം പ്രത്യേകമായി അഭിവന്ദ്യ പിതാവിനും അതിരൂപതയ്ക്കുംവേണ്ടി പ്രാർത്ഥന നടത്തി. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം അഭിവന്ദ്യ പിതാവിന് തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചു.

**അഭിവന്ദ്യ തട്ടിൽ പിതാവിന്റെ സന്ദർശനം**

2014 ഡിസംബർ 4-ാം തിയ്യതി അഭിവന്ദ്യമാർ റാഫേൽ തട്ടിൽ പിതാവ് സെമിനാരി സന്ദർശിക്കുകയും വിശുദ്ധ കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. വിശ്വസ്തയോടെ ദൈവവിളിയോട് പ്രത്യുത്തരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയ അഭിവന്ദ്യപിതാവ് ഊന്നിപ്പറഞ്ഞു.

**മാസധ്യാനം :**

ഡിസംബർ 6-ാം തിയ്യതിയായിരുന്നു ഇത്തവണത്തെ മാസധ്യാനം. ധ്യാനചിന്തകൾ പങ്കുവെച്ചത് ബഹു.ജിബിൻ താഴേക്കാടനച്ചനായിരുന്നു. ക്രിസ്തുമസ്സിന്റെ ആത്മീയാർത്ഥങ്ങൾ പരിശുദ്ധകന്യകാമറിയമെന്ന ദർപ്പണത്തിലൂടെ ആഴമായി മനസ്സിലാക്കാൻ പ്രസ്തുത ധ്യാനം വളരെ സഹായിച്ചു.

**അമലോത്ഭവ മാതാവിന്റെ തിരുന്നാൾ**

ഡിസംബർ 8-ാം തിയ്യതി അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരി

ശുദ്ധ അമലോത്ഭവമാതാവിന്റെ തിരുനാൾ പ്രാർത്ഥനാപൂർവ്വം ആചരിച്ചു. സമർപ്പിതവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനത്തോടനുബന്ധിച്ച് നിർദ്ദിഷ്ട പ്രാർത്ഥനകൾ നടത്തി.

**സെക്കന്റ് ടേം പരീക്ഷകൾ**

ഡിസംബർ 8 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ സെക്കന്റ് ടേമിലെ പരീക്ഷകൾ നടത്തപ്പെട്ടു. ബൗദ്ധിക തലത്തിൽ എത്രത്തോളം നേട്ടം ആർജ്ജിച്ചിട്ടുണ്ടെന്നറിയാൻ നല്ലൊരു അവസരമായിരുന്നു പരീക്ഷാക്കാലം.

അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെയും ജന്മദിനമായ ഡിസംബർ 13 ഞങ്ങൾക്ക് വലിയ സന്തോഷത്തിന്റേതായിരുന്നു. അഭിവന്ദ്യപിതാക്കന്മാർക്കും അതിരൂപതയ്ക്കും വേണ്ടി അന്നേ ദിവസം ഞങ്ങൾ പ്രത്യേകം പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് അന്ന് സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. സെമിനാരി കുടുംബം മാർ തൂങ്കുഴി പിതാവിന് ഹൃദ്യമായി ജന്മദിനാശംസകൾ നേർന്നു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 20-ാം തിയതി ക്രിസ്തുമസ് അവധിക്കാലം ആരംഭിക്കുന്നതിനാൽ 19-ാംതിയതി വൈകീട്ട് സെമിനാരി കുടുംബം രക്ഷകന്റെ പിറവിത്തിരുനാൾ ആഘോഷിച്ചു. പ്രാർത്ഥനാശുശ്രൂഷയ്ക്കുശേഷം കരോൾ ഗാനാലപനവും ക്രിസ്തുമസ് സമ്മാന കൈമാറ്റവും ഉണ്ടായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ബാബു സി.ജെ., ചീരമ്പൻ ഹൗസ്, മങ്ങാട്
2. ശ്രീമതി. ജൂലി ബാബു, ചീരമ്പൻ ഹൗസ്, മങ്ങാട്
3. ശ്രീമതി മേരി കുര്യൻ, പെരുമാട്ടിൽ ഹൗസ്, ചേലക്കോട്ടുകര, തൃശൂർ
4. ശ്രീ. നോബിൾ സി.ജെ., S/O ശ്രീ. ജോയ് സി.ടി,, ചാലിശ്ശേരി ഹൗസ്, ഇരവിമംഗലം,
5. ശ്രീമതി. മേരി ജോസ്, "മേരിവില്ല.' എഴുത്തച്ഛൻ നഗർ, തൃശൂർ
6. ശ്രീ. കെ.എം. ചാക്കുണ്ണി & ശ്രീമതി സിസിലി ചാക്കുണ്ണി, കിടങ്ങൻ, ഹൗസ്, പുതുശ്ശേരി.
7. ശ്രീ. ടി.കെ. ജോസ്, തറയിൽ ഹൗസ്. പാവറട്ടി
8. ശ്രീ. ജോസഫ് ഗബ്രിയേൽ, കുന്നൻ ഹൗസ്, അയ്യന്തോൾ.
9. സെന്റ് ജോസഫ്സ് ചർച്ച് മനക്കൊടി, തൃശ്ശൂർ
10. ശ്രീ. ആന്റണി ജഷീർ, ചാണ്ടി ഹൗസ്, പള്ളിക്കുളം ജംഗ്ഷൻ, തൃശ്ശൂർ

ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് അവിടുത്തെ നാമവും സുവിശേഷവും അനേകർക്ക് പകർന്നു കൊടുക്കുവാനൊരുങ്ങുന്ന വൈദിക വിദ്യാർത്ഥികളെ സഹായിക്കാൻ സന്നദ്ധത പ്രകടപ്പിക്കുന്ന എല്ലാവരെയും ദൈവം നിർലോഭമായി അനുഗ്രഹിക്കട്ടെ.

**ഫാ.ജെയ്സൺ കുനംപ്ലാക്കൽ**
റെക്ടർ.

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു**

2014-2015 വർഷത്തെ എം.എഡ്, ബി.എഡ് കോഴ്സുകളുടെ ഉദ്ഘാടനം നവംബർ 5ന് മോൺ. ജോർജ്ജ് കോമ്പാറ നിർവ്വഹിച്ചു. വിവിധ മതങ്ങളുടെ മതഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടുള്ള പ്രാർത്ഥനയും ഉണ്ടായിരുന്നു.

**Net ന് അർഹനായി**

UGC സംഘടിപ്പിക്കുന്ന National Eligibity Test ന് എം.എഡ് കോഴ്സിലെ ബിനോജ് വി.സി. അർഹനായി. മഹാജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**ബി.കോം പരീക്ഷകൾ സമാപിച്ചു.**

ഒന്നാം സെമസ്റ്ററിലും മൂന്നാം സെമസ്റ്ററിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ ഡിസംബർ 8ന് ആരംഭിച്ച് 12ന് സമാപിച്ചു,

**മോഡൽ വൈവയും മോഡൽ പരീക്ഷയും സമാപിച്ചു.**

എം.എഡ് വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി മോഡൽ Viva Voce ഡോ. സെലിൻ പേരേരയുടെ നേതൃത്വത്തിൽ കോളേജിൽവെച്ച് സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റി പരീക്ഷയ്ക്ക് മുന്നോടിയായി ഡിസംബർ മാസത്തിൽ മോഡൽ പരീക്ഷകളും സംഘടിപ്പിച്ചു.

**യൂണിവേഴ്സിറ്റി സെമിനാറിൽ പേപ്പർ അവതരിപ്പിച്ചു.**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽവച്ചു സംഘടിപ്പിച്ച വിദ്യഭ്യാസ സെമിനാറിൽ എം.എഡ് വിദ്യാർത്ഥികൾ പ്രബന്ധം അവതരിപ്പിച്ചിക്കുകയും ഉന്നത നിലാവരത്തിലുള്ള സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു.

**സോഷ്യൽ സംഘടിപ്പിച്ചു.**

കഴിഞ്ഞവർഷത്തെ (2013-14)എം.എഡ്, ബി.എഡ് വിദ്യാർത്ഥികൾ തങ്ങളുടെ കോളേജ് അനുഭവങ്ങൾ പങ്കുവെച്ച്, അദ്ധ്യാപകർക്ക് നന്ദിരേഖപ്പെടുത്തി. "സോഷ്യൽ" സംഘടിപ്പിച്ചു.

**ക്രിസ്മസ് ആഘോഷിച്ചു.**

ഡിസംബർ 19ന് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് വിവിധ മത്സരങ്ങളോടെ ക്രിസ്തുമസ് ആഘോഷിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കാരോൾ മത്സരവും സംഘടിപ്പിച്ചു.

പി.ആർ. ഒ.
**ഫാ. ചാക്കോ ചിറമ്മൽ**

**ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
പ്രിൻസിപ്പാൾ,
മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ്

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- നവംബർ 12 മുതൽ 14 വരെ ഐ.ടി.സി. അക്കാദമി, കേരളയുടെ നേതൃത്വത്തിൽ, കോളേജിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കായി 'Concepts Coaching' എന്ന വിഷയത്തിൽ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു.

- നവംബർ 22ന് അധ്യാപക-രക്ഷാകർത്തൃയോഗം നടന്നു. യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

- ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ടെക്ഫെസ്റ്റ് **തരംഗ് – 15** നോടനുബന്ധിച്ച് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടത്തുന്ന സംസ്ഥാന തല ക്വിസ് മത്സരം – **അസ്ത്രജ്യോതി**യുടെ പ്രാഥമിക മത്സരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 28, രാവിലെ 11.30ന് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് അഭിവന്ദ്യ പിതാവ് ഡോ. മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. പ്രസ്തുതപരിപാടിയുടെ ബ്രോഷർ പ്രകാശനം നവംബർ 17–ാം തിയതി ബഹു. ആഭ്യന്ത്യരമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, തൃശൂർ എം.എൽ.എ. ശ്രീ. തേറമ്പിൽ രാമകൃഷ്ണന് നല്കിക്കൊണ്ട് നിർവഹിച്ചു. ഒരു ലക്ഷത്തോളം വരുന്ന സമ്മാനത്തുകയും വിജയികളാകുന്ന 4 പേർക്ക് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സൗജന്യ ബി.ടെക് പഠനവുമാണ് സമ്മാനമായി നല്കുന്നത്. നവംബർ 28ന് നടന്ന പ്രാഥമിക റൗണ്ട് മത്സരത്തിൽ 114 സ്കൂളുകൾ പങ്കെടുത്തു. ഏഷ്യാനെറ്റ് കുരുക്ഷേത്ര ഫെയിം ശ്രീ. ചാൾസ് ആൻഡ്രൂസ് നേതൃത്വം കൊടുക്കുന്ന **അസ്ത്രജ്യോതി**യുടെ ഫൈനൽ 2015 ജനുവരി 23, വെള്ളിയാഴ്ച കോളേജിൽ വച്ച് നടത്തുന്നതാണ്.

- ഡിസംബർ 1, റെഡ് റിബൺഡേയോടനുബന്ധിച്ച്, കോളേജിലെ ബ്ലഡ് ഡോണേഴ്സ് ഫോറവും എൻ.എസ്.എസ്. യൂണിറ്റും സംയുക്തമായി സംഘടിപ്പിച്ച ബോധവത്ക്കരണ സെമിനാറിന് ഡോ. റാഫി, ഡോ. ഗണേഷ് (ജൂബിലി മിഷൻ മെഡിക്കൽ കോളേജ്) എന്നിവർ നേതൃത്വം നല്കി. യുവാക്കൾ രക്തദാനത്തിന് മുന്നോട്ടിറങ്ങുമ്പോൾ നമ്മുടെ സമൂഹത്തിൽ സ്നേഹത്തിന്റേതായ ഈ പുതിയ വിപ്ലവത്തിന് മാറ്റുകൂടുകയാണെന്ന്, സെമിനാറിൽ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ച ഡോ. ഗണേഷ് പറഞ്ഞു. ഈ രംഗത്ത് തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ചാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ബ്ലഡ് ഡോണേഴ്സ് ഫോറം പ്രവർത്തിക്കുന്നത്.

- നാഷണൽ ബോർഡ് ഓഫ് അക്രിഡിറ്റേഷൻ (NBA)യുടെ അക്രിഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി.

- **തിരുനാൾ ആശംസകൾ** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ചെയർമാൻ ഡോ. മാർ. ആൻഡ്രൂസ് താഴത്തിന്റെ നാമഹോതു തിരുനാളിന് കോളേജ് ആശംസകളും, പ്രാർത്ഥനകളും നേരുകയുണ്ടായി. പ്രിൻസിപ്പൽ ഡോ. കെ കെ ബാബു ബൊക്കെ സമർപ്പിച്ചു. അഡ്മിനിട്രേറ്റർ തോമസ് മാത്യു, ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോജു ചിരിയൻങ്കണ്ടത്ത് എന്നിവർ ആശംസകൾ നേർന്നു.

- **എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്**

1. പുതിയ രണ്ട് എം.ടെക്. പ്രോഗ്രാമുകളും, സിവിൽ എഞ്ചിനീയറിംഗ് ഒരു അധിക ബാച്ചും തുടങ്ങുവാൻ തീരുമാനിച്ചു.

2. 2015 അഡ്മിഷനിലും നിലവിലുള്ള എൻ.ആർ.ഐ. അഡ്മിഷൻ പോളിസി തുടരുവാൻ തീരുമാനിച്ചു.

3. എക്സിക്യൂട്ടീവ് കമ്മിറ്റി കോളേജിലെ 2014 വർഷത്തെ റിസൾട്ടുകൾ വിലയിരുത്തി. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എന്നിവയിൽ 100%വും അപ്ലൈഡ് ഇലക്ട്രോണിക്സിൽ 99.5%വും, മെക്കാനിക്കൽ 98.5%വും മറ്റുള്ളവയിൽ 97%വും വിദ്യാർത്ഥികൾ വിജയിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അധ്യാപകരേയും വിദ്യാർത്ഥികളേയും അഭിനന്ദിച്ചു.

ഫാ. റോയ് ജോസഫ് വടക്കൻ
**പി. ആർ. ഒ.**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# ഫാമിലി അപ്പൊസ്റ്റൊലെറ്റ് സെന്റർ

### 1. വിവാഹത്തിനൊരുക്കമായ ക്ലാസ്സ്

എല്ലാ ആഴ്ചയിലും ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ നടത്തുന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ളവർക്ക് ക്ലാസ്സിൽ പങ്കെടുക്കേണ്ടതിന്റെ ഒരു മാസം മുമ്പു മുതൽ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം. മറ്റു രൂപതകാർക്ക് അതാത് ആഴ്ചകളിൽ തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ പേര് രജിസ്റ്റർ ചെയ്യാം.

വിവാഹത്തിനൊരുക്കമായ ക്ലാസ്സുകൾ വലിയ ആഴ്ചയിൽ (ഏപ്രിൽ 1, 2, 3) ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല. ദുക്റാന തിരുനാൾ (ജൂലൈ 3), പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ (ആഗസ്റ്റ് 15), ക്രിസ്തുമസ്സ് (ഡിസംബർ 25) എന്നീ ദിവസങ്ങൾ വെള്ളിയാഴ്ചയായതിനാൽ ആ ആഴ്ചകളിൽ വിവാഹത്തിനൊരുക്കമായ ക്ലാസ്സുകൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിലായിരിക്കും

### 2. ബോൺ വിസിയോനെ – ഹൃസ്വചലചിത്രമത്സരം

കുടുംബ മൂല്യങ്ങളെ മാനദണ്ഡമാക്കി നടത്തുന്ന ഹൃസ്വചലചിത്രമത്സരത്തിൽ പങ്കെടുക്കുന്നവർ ഡിസംബർ 31ന് മുമ്പായി ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ തങ്ങളുടെ ഹൃസ്വചിത്രങ്ങൾ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ സമർപ്പിക്കേണ്ടതാണ്.

### 3. വിവാഹ രജത ജൂബിലിയാഘോഷങ്ങൾ

ഈ വർഷം വിവാഹത്തിന്റെ രജതജൂബിലിയാഘോഷിക്കുന്ന ദമ്പതികളുടെ സംഗമവും വിവാഹപ്രതിജ്ഞ പുതുക്കലും മറ്റാഘോഷങ്ങളും അതിരൂപതാതലത്തിൽ 2014 ഡിസംബർ 6ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വെച്ച് സാഘോഷം നടത്തപ്പെട്ടു.

രാവിലെ 9.30ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റ് ഡയറക്ടർ ഫാ. ലോറൻസ് തൈക്കാട്ടിൽ ഏവരേയും സംഗമത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ലൂർദ്ദ് കത്തീഡ്രൽ പള്ളി വികാരിയും മുൻഫാമിലി അപ്പസ്റ്റൊലെറ്റ് ഡയറക്ടറുമായിരുന്ന പെ. ബഹു. വർഗ്ഗീസ് കൂത്തൂരച്ചൻ വിവാഹ രജതജൂബിലിയാഘോഷിക്കുന്നവരും അനുദിന കുടുംബജീവിതവും എന്ന വിഷയത്തെക്കുറിച്ച് ഹൃദയസ്പർശിയായി അവതരിപ്പിച്ചു.

തുടർന്ന് അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പണമായിരുന്നു. ബഹു. വർഗ്ഗീസ് തകരകനച്ചൻ, ബൈജു കാഞ്ഞിരത്തിങ്കലച്ചൻ എന്നിവർ സഹകാർമ്മികരായി.

വിവാഹദിന സ്മരണകൾ ഉയർത്തിയ വിവാഹ പ്രതിജ്ഞ പുതുക്കലും

മധുരം പങ്കുവെക്കലും വളരെയേറെ ഹൃദയസ്പർശിയായ അനുഭവങ്ങളായി മാറി.

അഭിവന്ദ്യപിതാവ് എല്ലാ ദമ്പതികൾക്കും വിവാഹ രജതജൂബിലി സുവനീർ നൽകി ആദരിച്ച് ഫോട്ടോ എടുത്തു ഉച്ചഭക്ഷണത്തോടെ സംഗമം പര്യവസാനിച്ചു. ബഹു. വർഗ്ഗീസ് തരകനച്ചൻ, ജിയോ തെക്കിനിയത്തച്ചൻ, ബൈജു കാഞ്ഞിരത്തിങ്കലച്ചൻ, ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്റർ സ്റ്റാഫ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. 131 ഇടവകകളിൽ നിന്നായി 526 ദമ്പതികൾ എടുത്തു.

**4. പൗരോഹിത്യ രജത ജൂബിലി ആഘോഷം**

തൃശ്ശൂർ അതിരൂപത കുടുംബക്കൂട്ടായ്മ അസോ-ഡയറക്ടർ ബഹു. വർഗ്ഗീസ് തകരനച്ചന്റെ പൗരോഹിത്യ രജത ജൂബിലിയാഘോഷങ്ങൾ അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റിന്റെ നേതൃത്വത്തിൽ നടത്തി.

ഇതോടനുബന്ധിച്ച് നടന്ന യോഗത്തിൽ ശ്രീ. ജോസ് മഞ്ഞളി ആശംസകളർപ്പിച്ച് സംസാരിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഉപഹാരം നൽകി ആദരിച്ചു.

ഏവർക്കും ആഗതമാകുന്ന തിരുപ്പിറവിയുടെയും പുതുവത്സരത്തിന്റേയും ആശംസകൾ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഫാമിലി അപ്പസ്റ്റൊലെറ്റ് ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**കേരളപ്പിറവി ആഘോഷം (01.11.2014)**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ കേരളപിറവി ദിനം ആഘോഷിച്ചു. നഴ്സിങ്ങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കേരളീയ തനിമയുള്ള കലാപരിപാടികൾ അരങ്ങേറി.

**ആരോഗ്യ പരിപാലനത്തിന് പ്രകൃതിയോട് ഇണങ്ങിയ ജീവിതശൈലി ആവശ്യം – ജേക്കബ് ജോബ് IPS (14.11.2014)**

കേരളത്തിലെ ജനത പ്രകൃതിയോട് ചേർന്ന് നിൽക്കുന്ന ജീവിത ശൈലി സ്വീകരിക്കണമെന്ന് കമ്മീഷണർ ശ്രീ. ജേക്കബ് ജോബ് അഭിപ്രായപ്പെട്ടു. വ്യായാമത്തിനായി മുറ്റത്തും പറമ്പിലും ജോലി ചെയ്യുന്നത് ഉത്തമമാണെന്നും അങ്ങനെയൊരു തലമുറ നമുക്ക് മുമ്പ് ആരോഗ്യത്തോടെ ജീവിച്ചിരുന്നുവെന്നും കമ്മീഷണർ കൂട്ടിചേർത്തു. ലോകപ്രമേഹദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന ബോധവൽക്കരണ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മോട്ടോർ വാഹനത്തിനുപകരം സൈക്കിൾ ഉപയോഗിക്കുന്നത് ആരോഗ്യ പരിപാലനത്തിന് ഉചിതമാണെന്ന് ആശംസകളർപ്പിച്ച പ്രസ് ക്ലബ് പ്രസിഡണ്ട് ശ്രീ. വി. എം. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. മെഡിക്കൽ വിദ്യാർത്ഥികളുടെ സന്നദ്ധസേവനസംഘടനയായ 'ആശ്രയ' യാണ് സെമിനാർ സംഘടിപ്പിച്ചത്. സെമിനാറിൽ സൗജന്യ നെല്ലിതൈ വിതരണവും ഉണ്ടായിരുന്നു. ഫാ. സുനിൽ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, ഡോ. അലക്സ് ജോസഫ്, ഡോ. ഫ്രാൻസി ലൂയിസ് എന്നിവർ സംസാരിച്ചു. ഡോ രഞ്ജിത്ത്, അനുപമ അച്ചാമ്മ, നെപു മാത്യു എന്നിവർ ചടങ്ങിന് നേതൃത്വം വഹിച്ചു.

**ആയിരം ഹൃദയശസ്ത്രക്രിയകൾ : കൃതജ്ഞതയോടെ ജൂബിലി മിഷൻ ആശുപത്രി (28.11.2014)**

പാവങ്ങളുടെ ആശുപത്രിയായ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഹൃദ്രോഗ വിഭാഗമായ ജൂബിലി ഹൃദയാലയ ആയിരം ഹൃദയശസ്ത്രക്രിയകൾ പൂർത്തിയാക്കിയത് അഭിമാനമുഹൂർത്തമായി. ചീഫ് കാർഡിയോതൊറാസിക് സർജൻ ഡോ. ബാബുരാജൻ എ. കെ.യുടെ നേതൃത്വത്തിലുള്ള ജൂബിലി ഹൃദയാലയ മെഡിക്കൽ സംഘമാണ് ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. ബൈപാസ് സർജറി, വാൾവ് മാറ്റിവെയ്ക്കൽ, ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ തീർക്കൽ, ഹൃദയത്തിലെ ദ്വാരമടയ്ക്കൽ താക്കോൽ ദ്വാരശസ്ത്രക്രിയകൾ തുടങ്ങിയ ഹൃദയസംബന്ധമായ ശസ്ത്രക്രിയകൾ ചെയ്താണ് ജൂബിലി ഹൃദയാലയ ടീം നേട്ടം കൈവരിച്ചിരിക്കു

ന്നത്. ജൂബിലി ഹൃദയാലയ സെമിനാർ ഹാളിൽ നടന്ന കൃതജ്ഞതാ ദിന യോഗം ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ്, ജൂബിലി ഹൃദയാല യയിലെ എക്സിക്യൂട്ടീവ് മെഡിക്കൽ ഡയറക്ടർ ഡോ. ഷിബു സി. കള്ളി വളപ്പിൽ, ഇന്റർവെൻഷനൽ കാർഡിയോളജിസ്റ്റുമാരായ ഡോ. പ്രസന്നകു മാർ സി. കെ., ഡോ. മനോജ് രവി, ഡോ. ബിനോ ബഞ്ചമിൻ, ഹൃദയാലയ കോർഡിനേറ്റർ ഫസ്ന ബി. പി. എന്നിവർ ആശംസകൾ അർപ്പിച്ചു.

**ലാബ് ടെക്നീഷ്യൻവിദ്യാർത്ഥികളുടെ ശില്പശാല (29.11.2014)**

കാത്തലിക് മെഡിക്കൽ അസോസിയേഷന്റെ കീഴിലുള്ള കേരളത്തിലെ ലാബ് ടെക്നീഷ്യൻ വിദ്യാർത്ഥികളുടെ ശിൽപശാല ജൂബിലി മിഷൻ മെഡി ക്കൽ കോളേജിൽ സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. രാജൻ ജെ. പല്ലൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. ആരോഗ്യമേഖലയിലെ രോഗ നിർണ്ണയത്തിൽ ടെക്നീഷ്യന്മാരുടെ സ്ഥാനം വലുതാണെന്നും അതിനാൽ ഉത്തരവാദിത്വത്തോടെയാണ് ചെയ്യേണ്ടതെന്നും മേയർ ആഹ്വാനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സി.എം.എ.ഐ. കൺവീനർ സെക്രട്ടറി ശ്രീമതി മേരി വി. ജേസുദാസ് മുഖ്യപ്രഭാഷണം നടത്തി. കേരളത്തിലെ 12 സ്ഥാപനങ്ങളിൽ നിന്ന് നൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ശിൽപശാലയിൽ ലാബിലെ നൂതന സാങ്കേ തിക വിദ്യകളെക്കുറിച്ചും ആശയവിനിമയമാർഗങ്ങളെക്കുറിച്ചും വിദഗ്ദർ ക്ലാസെടുത്തു. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, ഡോ.സുശീല ജേക്കബ് ഇന്ന, സി. ഗോർഡിയാൻ എന്നിവർ പ്രസംഗിച്ചു.

**തിരുശേഷിപ്പ് പ്രയാണ സ്വീകരണം (15.11.2014)**

വി. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചന്റേയും, വി. എവുപ്രസ്യമ്മ യുടേയും തിരുശേഷിപ്പ് പ്രയാണത്തിന് (15.11.2014) ജൂബിലി മിഷൻ ആശു പത്രി ദേവാലയത്തിൽ സ്വീകരണം നൽകി. റവ. ഫാ. ഷാജു എടമന സി. എം.ഐ. സന്ദേശം നൽകി.

**പക്ഷിപ്പനി പഠനക്ലാസ്സ് (04.12.2014)**

പക്ഷിപ്പനി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തെ കുറിച്ച് (04.12.2014) മെഡിസിൻ വിഭാഗത്തിലെ അഡീ. പ്രൊഫസർ ഡോ. സാജു ഫ്രാൻസിസ്, മൈക്രോബയോളജി വിഭാഗത്തിലെ അസോ. പ്രൊഫസർ ഡോ. ഷൈലജ ടി. എസ്. എന്നിവരുടെ ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഈ സംരംഭ ത്തിൽ മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് ആനിമൽ ഹസ് ബൻഡറി സയൻസസ് പബ്ലിക് ഹെൽത്ത് വിഭാഗം മേധാവി പ്രൊഫ. ഡോ. ലത പങ്കുചേർന്നു.

**12-ാം ബാച്ച് ബി. എസ്. സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ (05.12.2014)**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ 12-ാം ബാച്ച് ബി. എസ്. സി. വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ ചടങ്ങ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. ഇരിങ്ങാലക്കുട സ്നേഹാലയ നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ റവ. സി. ബാപ്റ്റിസ്റ്റ സി.എസ്. എസ്. മുഖ്യപ്രഭാഷണം നടത്തി. നഴ്സിങ്ങ് കോളേജ് ഇൻചാർജ്ജ് ഫാ. ജോബി കടപ്പൂരാൻ, പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, വൈസ് പ്രിൻസിപ്പൽമാരായ ഡോ. സി. ഫിലോ രശ്മി എഫ്. സി. സി, സി. ട്രീസ ആന്റോ സി. എച്ച്. എഫ്, പി.ടി.എ പ്രസിഡന്റ് ശ്രീമതി ലാലി വിൻസെന്റ് എന്നിവർ ആശംസകൾ നേർന്നു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

പ്ലാസ്റ്റിക് സർജറി - റീകൺസ്ട്രക്റ്റീവ് മൈക്രോ വാസ്കുലാർ സർജറി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പ്രശാന്ത് വർക്കി അമ്പൂക്കനെ ഏഷ്യ പസഫിക് അണ്ടർസീ ആന്റ് ഹൈപ്പർബേരിക് സൊസൈറ്റിയുടെ എജുക്കേഷൻ കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുത്തു.

ടാസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ രണ്ടാം വർഷ പി. ജി. വിദ്യാർത്ഥി ഡോ. ഗണേഷ് മോഹൻ പോസ്റ്റർ പ്രസന്റേഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**പുതിയ ഡോക്ടർ :** ഡോ. വിനീത് കുമാർ പി. എം, (ജനറൽ സർജറി)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

1. സെന്റ് ജോസഫ് ചർച്ച്, കാറ്റകീസം ടീച്ചേഴ്സ്, നിർമ്മലപുരം, കൂർക്കഞ്ചേരി, തൃശ്ശൂർ (24 ഡയാലിസിസ്)
2. ശ്രീ. ആന്റോ റാഫേൽ, തെക്കിനിയത്ത് ഹൗസ്, നടത്തറ, തൃശ്ശൂർ (20 ഡയാലിസിസ്)
3. ശ്രീ. മേജോ ജോൺ, അരിക്കാട്ട് ഹൗസ്, ആശാരിക്കാട്, തൃശ്ശൂർ (20 ഡയാലിസിസ്)
4. ശ്രീ. തോമസ് പാവറട്ടി, ടോംയാസ് അഡ്വടൈസിങ്ങ് സർവ്വീസ്, ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ (100 ഡയാലിസിസ്)
5. വികാരി & ഇടവകാംഗങ്ങൾ, കാണിക്കമാത ചർച്ച്, പനമുക്ക്, തൃശ്ശൂർ (80 ഡയാലിസിസ്)
6. ശ്രീമതി മേരി ആന്റണി, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (34 ഡയാലിസിസ്)
7. ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗോൾഡ്, തൃശ്ശൂർ (30 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഡോ. സോണിയ റിജ്വാണി JMMC & RI, തൃശ്ശൂർ

**ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് (ഡയറക്ടർ)**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ

### സ്വയം സഹായസംഘം

നവംബർ 28 വെള്ളിയാഴ്ച സൗത്ത് ഇൻഡ്യൻ ബാങ്ക് ചേലക്കരയിൽ ഡി. ആർ. ഐ. ലോൺ വിതരണം ചെയ്തു. ബിഷപ്പ് മാർ റാഫേൽ തട്ടിൽ അദ്ധ്യക്ഷത വഹിച്ചു. എസ്. ഐ. ബി. മാനേജർ ജോഷി ജോസഫ് ആമുഖ പ്രഭാഷണം നടത്തി. ഫാ. ജോർജ്ജ് കണ്ണാത്ത്, ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ്, മുള്ളൂർക്കര പഞ്ചായത്ത് പ്രസിഡന്റ് ലൂസി ദാനിയേൽ, ചേലക്കര ഫൊറോന പള്ളി അസി. വികാരി ഫാ. റോയ്സൺ കൊള്ളന്നൂർ, ട്രസ്റ്റി ജെറോം കൊള്ളന്നൂർ എന്നിവർ ആശംസകളർപ്പിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതവും കോ–ഓർഡിനേറ്റർ സി. പി. ജോർജ്ജ് നന്ദിയും പറഞ്ഞു.

### സ്നേഹനിധി

നവംബർ 2 ഞായാറാഴ്ച സ്നേഹനിധി ക്രെഡിറ്റ് യൂണിയന്റെ 3–ാം വാർഷിക ചിറ്റാട്ടുകര ഫൊറോന പള്ളിയിൽ നടത്തി. ഫാ. ലൂയീസ് എടക്കളത്തൂർ യോഗം ഉദ്ഘാടനം ചെയ്തു. ഫാ. ജോൺസൺ ചാലിശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സ് എസ്. എച്ച്. ജി. കോ–ഓർഡിനേറ്റർ സി. പി. ജോർജ്ജ് നയിച്ചു.

നവംബർ 8 ശനിയാഴ്ച സ്നേഹനിധി വരാക്കര സൗത്ത് യൂണിറ്റ് വാർഷികം ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. ജോമോൻ മുരിങ്ങാത്തേരി അദ്ധ്യക്ഷത വഹിച്ചു. സി. പി. ജോർജ്ജ് ക്ഷയരോഗത്തെപ്പറ്റി ക്ലാസ്സെടുത്തു.

2014 ഡിസംബർ 17–ാം തിയ്യതി ബുധനാഴ്ച ക്രിസ്മസ് ആഘോഷപരിപാടികളുടെ ഭാഗമായി 'വിത്തു ശേഖരണ മൽസരം' (ജിംഗിൾ സീഡ്സ്)സംഘടിപ്പിക്കുന്നുണ്ട്. വിത്തുകളുടെ എണ്ണം,വ്യത്യസ്തത, ഗുണം എന്നിവ കണക്കലെടുത്താണ് വിജയികളെ തെരെഞ്ഞെടുക്കുന്നത്.

സ്നേഹനിധി, എസ്. എച്ച്. ജി., അയൽക്കൂട്ടം എന്നീ മേഖലകളിൽ

ഏറ്റവും മികച്ച ശേഖരണത്തിന് പ്രത്യേകം സമ്മാനങ്ങൾ നല്കുന്നതാണ്.

**അടുക്കളത്തോട്ടം വിജയികൾ (2014)**

| | | |
|---|---|---|
| 1-ാം സമ്മാനം | : | ജെസ്സി പോൾ (കൊട്ടേക്കാട്) |
| 2-ാം സമ്മാനം | : | റെജി ജോഷി (കൊട്ടേക്കാട്) |
| പ്രോൽസാഹന സമ്മാനം | : | ബിന്ദു ആന്റണി (പുത്തൻപീടിക) |
| ടെറസ് കൃഷി | : | റീന ജോസ് (എരനെല്ലൂർ), ഷിജി ഷാജു (ചേറൂർ) |
| ഗ്രൂപ്പ് കൃഷി | : | അതുല്യ ജെ. എൽ. ജി. (കണ്ണാറ) |

അതിരൂപത സ്നേഹനിധി 'കർഷകശ്രീ' അവാർഡിന് അർഹരായവർ :

1. റെജി ബേബി കീരാന്തടത്തിൽ (കണ്ണാറ), 2. ആലീസ് ജോസ് (ചിറ്റാട്ടുകര)

## ജെസ്പ്

കോ-ഓർഡിനേറ്റർ സോണിയ സാമിന്റെ നേതൃത്വത്തിൽ പെരിങ്ങോട്ടുകര യൂണിറ്റിൽ മാതാപിതാക്കളുടെയും കുട്ടികളുടെയും യോഗം ചേർന്നു. ഡിസംബറിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തുവാൻ തീരുമാനിച്ചു.

## സ്പെഡ്

ചേലക്കരയിലെ 4 വില്ലേജുകളിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. 6 വില്ലേജുകളിൽ സ്വയം തൊഴിൽ പരിശീലനങ്ങൾ നടത്തുകയും ഒരു വില്ലേജിൽ യോഗ പരിശീലനവും നടത്തി. വീടുകളിൽ 'അടുക്കളത്തോട്ടം' നിർമ്മിക്കുന്നതിനാവശ്യമായ വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

## സേവ് എ ഫാമിലി പ്ലാൻ

എഫ്. ഡി. പി. ഗുണഭോക്തൃ കുടുംബങ്ങൾ വർഷത്തിൽ 2 തവണ അയക്കാറുള്ള ക്രിസ്മസ് കത്ത് ഈ തവണയും പതിവുപോലെ അയച്ചു.

എഫ്. ഡി. പി. മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ |
|---|---|
| നെല്ലങ്കര | 7,500 |
| തലോർ | 25,000 |
| ബസിലിക്ക | 7,500 |
| വാടാനപ്പിള്ളി | 13,000 |
| കണ്ടശ്ശാംകടവ് | 10,000 |

| | |
|---|---|
| പാലയൂർ | 10,000 |
| **കണക്ക് അവസാനിച്ച ഇടവകകൾ** | |
| ആമ്പക്കാട് | 91,875 |
| അത്താണി | 18,685 |
| കണ്ണാറ | 2,095 |

### ഗോഡ്സ്ഓൺ ഫാമിലി

പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃ കുടുംബങ്ങളുടെ സെന്ററൽ ലവൽ മീറ്റിംഗുകൾ നടത്തി. 8 സെന്ററുകളിൽ നിന്നുള്ള കുടുംബങ്ങൾ പങ്കെടുത്തു. "മക്കളെ എങ്ങനെ മൂല്യബോധത്തിൽ വളർത്താം" എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിച്ചു.

### സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

കാച്ചേരി വിക്ടറി അയൽക്കൂട്ടത്തിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ച് ക്യാൻസർ ബോധവല്ക്കരണ സെമിനാർ നവംബർ 2 ഞായറാഴ്ച ഗ്രാമ സഭാ മന്ദിരത്തിൽ നടത്തി. ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതവും കെ. ബി. ഗിരീഷ് നന്ദിയും പറഞ്ഞു. " ക്യാൻസറും ജീവിതരീതിയും"എന്ന വിഷയത്തെക്കുറിച്ച് സെബി വല്ലച്ചിറക്കാരൻ ക്ലാസ്സ് നയിച്ചു. "ക്യാൻസറും പ്രകൃതിദത്ത മരുന്നുകളും"എന്ന വിഷയത്തെക്കുറിച്ച് ഡോ. അഗസ്റ്റിൻ ആന്റണി ക്ലാസ്സ് നയിച്ചു.

നവംമ്പർ 25 ചെവ്വാഴ്ച സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ സി. ഡി. എസിന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ,അഴീക്കോട് , സ്നേഹതീരം എന്നിവിടങ്ങളിലേക്ക് വിനോദയാത്ര നടത്തി. സി. ഡി. എസ് ഭാരവാഹികൾ, സ്റ്റാഫ് അംഗങ്ങൾ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### അതിരൂപത കമ്മ്യൂണിറ്റി സെന്റർ , പാപ്പാനഗർ, വരടിയം

നവംബർ 15 ശനിയാഴ്ച വരടിയം പാപ്പാ നഗറിൽ നടത്തിയ ശിശുദിനാഘോഷത്തിൽ മിസ്. ജിൻസി സന്ദേശം നല്കി. നഴ്സറി, ട്യൂഷൻ ക്ലാസ്, എസ്. എച്ച്. ജി. എന്നീ വിഭാഗങ്ങളിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സിസ്റ്റർ ശാന്ത, സിസ്റ്റർ റീജ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

നവംബർ 23 ഞായറാഴ്ച യുവതികൾക്കുവേണ്ടി അർബുദ ബോധവല്ക്കരണം ക്ലാസ്സ് മിസ്. ജിൻസി നയിച്ചു.

**ഫാ. ലൂയീസ് എടക്കളത്തൂർ**
ഡയറക്ടർ, സാന്ത്വനം.

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം.

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. മുൻ പ്രസിഡണ്ട് ബ്ര. എം.കെ. ആന്റണിയുടേയും അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതദേഹത്തിൽ റീത്ത് സമർപ്പിക്കുകയും ചെയ്തു.
2. എടക്കളത്തൂരിൽ പ്രവർത്തിച്ചുവരുന്ന 'വിൻസെൻഷ്യൻ കാൻഡിൽസ്' സ്ഥാപനത്തിന്റെ 11-ാം വാർഷികം നടത്തി.
3. വിൻസെൻഷ്യൻ വോയ്സ്, വിൻസെഷ്യൻ ഡയറി എന്നിവ വിതരണം ചെയ്തു.
4. മാർച്ച് മാസത്തിലെ എ.സി. യോഗങ്ങളോടനുബന്ധിച്ച് അന്നേദിവസം പ്രാർത്ഥന ഉപവാസദിനാചരണം നടത്തണമെന്ന് സി.സി. യോഗത്തിൽ തീരുമാനമെടുത്തു.
5. ചേലക്കര എ.സിയിലെ പരക്കാട് ഇടവകയിൽ ഒരു വനിത കോൺഫ്രാൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
6. ജനുവരിമാസത്തിലെ സി.സി.യോഗം വിൻസെൻഷ്യൻ അഭയകേന്ദ്രത്തിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു.
7. 6.12.2014, 7.12.2014 തിയ്യതികളിൽ ഡി.ബി.സി.എൽ.സിയിൽവെച്ച് നടത്തിയ വിൻസെൻഷ്യൻ അംഗങ്ങളുടെ ധ്യാനത്തിൽ 10പേർ പങ്കെടുത്തു. ധ്യാനം നടത്തിപ്പിൽ സി.സി.യോഗം സന്തുഷ്ടിപ്രകടിപ്പിക്കുകയും ചെയ്തുയോ.
8. കോൺഫ്രൻസുകൾക്ക് ആവശ്യമായ അക്കൗണ്ടുബുക്കുകളും രജിസ്ട്രറുകളും പ്രിന്റ് ചെയ്ത് നൽകുവാൻ തീരുമാനിച്ചു.
9. ഓരോ കോൺഫ്രൻസുകളും അവരെ ടിൻചെയ്തിരിക്കുന്ന കോൺഫ്രൻസുകൾക്ക് ക്രിസ്മസ്സ് കാർഡുകളും കത്തുകളും അയ്ക്കണമെന്ന് സി.സി. പ്രസിഡണ്ട് അറിയിച്ചു.
10. സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ.ഫാ. മാത്യുചാക്കേരി സി.സി. പ്രസിഡണ്ട് ബ്ര.കെ.എ. ഷിബു എന്നിവർ വിൻസെൻഷ്യൻ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ക്രിസ്സ്മസ്സ് - നവവത്സരാശംസകൾ നേർന്നു.

| ഫാ.മാത്യു ചാക്കേരി | ബ്ര.കെ.എ. ഷിബു | പോൾസൺ എം.കെ. |
|---|---|---|
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# Catholic Charismatic Renewal Movement

**ഏകദിനദൈവചനശുശ്രൂഷ**

തൃശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ താഴെപറയുന്ന തിയ്യതികളിൽ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവചന കൂട്ടായ്മ നടക്കുന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ച് പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

6.11.2014 ബ്ര.ജോസ് പുലിക്കോട്ടിൽ വചനം പങ്കുവെച്ചു. വി.ബലിക്കും ആരാധനക്കും റവ.ഫാ. സജു വടക്കേത്തല നേതൃത്വം നല്കി.

13.11.2014 ബ്ര. റാഫേൽ വചനം പങ്കുവെച്ചു. റവ.ഫാ. സജു വടക്കേത്തല വി. ബലിക്കും ആരാധനയ്ക്കും നേതൃത്വം നല്കി.

20.112014 ഫാ.ജിജോ മുരിങ്ങാത്തേരി വചനം പങ്കുവെച്ചു. വി.ബലി. ആരാധനക്കും റവ.ഫാ. സജു വടക്കേത്തല നേതൃത്വം വഹിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാകൂട്ടായ്മ**

തൃശൂർ ആബാധ്യാനകേന്ദ്രത്തിൽ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2014 നവംബർ7,14,21,28 എന്നീ തിയ്യതികളിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രാവിലെ 9.30ന് ജപലമാലയോടെ ആരംഭിച്ച വി. ബലിയുടം ആരാധനയും വചന സന്ദേശവും ഫാ.ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം വഹിച്ചു. പ്രാർത്ഥനയോടെ വൈകീട്ട് 3.30ന് സമാപിച്ചു.

**അഗാപ്പെ 2014 "ദൈവസ്നേഹത്തിന്റെ വിരുന്ന്"**

അതിരൂപതാ കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിൽ നാളിതുവരെ ശുശ്രൂഷ ചെയ്തവരും പ്രാർത്ഥനാകൂട്ടായ്മയിലുടേയും വിവിധ മിനിസ്ട്രികളിലുടേയും മറ്റുശുശ്രൂഷകളിലൂടേയും കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിലുള്ളവരുമായ എല്ലാവരും 2014 നവംബർ 17-ാം തിയ്യതി തിങ്കാളാഴ്ച തൃശൂർ എവുപ്രാസ്യമ്മ നഗറിൽ അഗാപ്പെ 2014 "ദൈവസ്നേഹത്തിന്റെ വിരുന്നായി ഒത്തുചേർന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. ബഹു. ഷാജൻ തേർമഠം അച്ചന്റെ പൗരോഹിത്യജൂബിലി വർഷമായതിനാൽ അച്ചിനിലൂടെ ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാൻ ബഹു.ഷാജനച്ചന്റെ നേതൃത്വത്തിൽ സമൂഹബലി അർപ്പണം നടന്നു. എല്ലാവരും സ്നേഹവിരുന്നിൽ പങ്കുചേർന്നു.

ഉച്ചത്തിരിഞ്ഞ് 2 മണിക്ക് ജൂബിലി പൊതുയോഗസമ്മേളനം ആരംഭിച്ചു. ഷാജനച്ചന്റെ നിസ്തുലസേവനത്തെ കരിസ്മാറഅറിക് രൂപീകരണമുന്നേറ്റത്തിനായി അച്ചന്റെ അർപ്പണ സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് അതിരൂപതാസഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് മുക്തകണ്ഠം

പ്രശംസിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. പൊതുയോഗത്തിൽ റവ.ഫാ.ജോസ് അഞ്ചാനിക്കൽ എസ്.എസി.ടി. ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. ആശംസകൾ അർപ്പിച്ചുകൊണ്ട് കെ.എസ്.ടി. ചെയർമാൻ റവ.ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളിയും, റവ.ഫാ.ഫ്രാൻസീസ് കരിപ്പേരിയും കെ.എസ്.ടി. വൈസ് ചെയർമാൻ ബ്ര.വി.വി അഗസ്റ്റ്യനും, റവ.സി.ഗ്രേസ് തോമാസ് (കെ.എസ്.ടിഅംഗം) ശ്രീ. വി.എം. ജോർജ്ജ്, ശ്രീ. ഫ്രാൻസീസ് വടക്കൻ എന്നിവരും സംസാരിച്ചു. ഉപഹാരസമർപ്പമം ഫാ. സജു വടക്കേത്തല നിർവ്വഹിച്ചു.

ജൂബിലേറിയൻ ഷാജുനച്ചൻ തന്റെ ജീവിതം കരിസ്മാറ്റിക് നവീകരമമുന്നേറ്റത്തിനായി പൂർണ്ണമായി അർപ്പിക്കുകയാണെന്ന് മറുപടി പ്രസംഗത്തിൽ എടുത്തുപറഞ്ഞു. യോഗത്തിന് കോർഡിനേറ്റർ ശ്രീ. എം.എ.ബാബു സ്വാഗതവും സെക്രട്ടറി ശ്രീ. വി.വി.ജോസ് നന്ദിയും രേഖപ്പെടുത്തി. 4 മണിക്ക യോഗം സമാപിച്ചു.

**തിരുശേഷിപ്പ് വണക്കവും ഏകദിനവചനശുശ്രൂഷയും**

2014 നവംബർ 24-ാം തിയ്യതി തിങ്കളാഴ്ച വി.ചാവറയച്ചന്റെയും വി.എവുപ്രാസ്യമ്മയുടെയും തിരുശേഷിപ്പ് വണക്കം കേന്ദ്രത്തിൽ നടന്നു. ദൈവവചനം ബ്ര.സിജോ കല്ലൂർ പങ്കുവച്ചു. വി.ബലിയും. ആരാധനയും റവ.ഫാ.സജുവടക്കേത്തല അച്ചൻ നേതൃത്വം നല്കി. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ച് 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

**സോണൽ വാർത്തകൾ**

1. അതിരൂപതയിലെ 16 സബ്ബ്സോണുകളിലും (ഫൊറോനകൾ) ഏകദിന കൺവെൻഷൻ 2014 ഡിസംബർ 20ന് നടത്തുവാൻ തീരുമാനിച്ചു.

2. കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ഇടവകകളിൽ നടക്കുന്ന പ്രാർത്ഥനാകൂട്ടായ്മകൾക്ക് പുതിയ നേതൃത്വങ്ങളെ കണ്ടെത്താൻ 2014 ഡിസംബർ 15 മുതൽ ജനുവരി 15 നകം നടത്തുവാൻ തീരുമാനിച്ചു.

**വി.വി. ജോസ്**
സെക്രട്ടറി

**എം.എ. ബാബു**
കോ-ഓഡിനേറ്റർ

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധനവും സൗഭാഗ്യവും

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 22.11.2014 ശനിയാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാൻസീസ് എടാട്ടുക്കാരൻ, ഫാ. ജോബി മേരി സൺ, സിസ്റ്റർ റോസിലിൻ, വി.സി. സണ്ണി, ഡൊമിനിക് എന്നിവർ പങ്കെടുത്തു. സംസാരിച്ചു, കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി.

2015 ജനുവരി 17–ാം തിയ്യതി ശനിയാഴ്ച ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽവെച്ച് ഉച്ചകഴിഞ്ഞ് 2.30ന് നേതൃസംഗമം നടക്കുന്നു. അതിരൂപത വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറ ഉത്ഘാടനം ചെയ്യുന്നു. ഫാ. ജോസ് പീറ്റർ പോന്നോർ കപ്പൂച്ചിൻ, ബ്ര. പി.ഓ ജോർജ്ജ് എന്നിവർ മുഖ്യഅതിഥികളിയായി പങ്കെടുക്കുന്നു. സംഗമത്തിൽവെച്ച് 2014 മികച്ച യൂണിറ്റുകൾക്ക റീജയൺ തിരിച്ച് പാരിതോഷികങ്ങൾ കൊടുക്കുന്നു.

2015 ജനുവരി 17 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തൃശൂർ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽവെച്ച് നിത്യവ്രത വാഗ്ദാന ചടങ്ങ് നടക്കുന്നു. വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. അർഹതപ്പെട്ടവർ നിർബന്ധമായും പങ്കെടുക്കണം. യൂണിറ്റുകളിൽ കാനോനിക സന്ദർശനം ഈ മാസം 31നകം അവസാനിക്കുന്നതാണ്.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. സംയുക്ത എക്സിക്യൂട്ടീവും തെരഞ്ഞെടുപ്പും**

അതിരൂപത മദ്യവിരുദ്ധസമിതിയുടെ സംയുക്ത എക്സിക്യൂട്ടീവ് യോഗം 30.11.2014 ഞായറാഴ്ച സമംഗളം സംഘടിപ്പിച്ചു. പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ജോസ് ആലപ്പാട്ടാണ് അദ്ധ്യക്ഷത വഹിച്ചത്. ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ. പോൾ കള്ളിക്കാടൻ, സി. ഡി. ജോസ്, ജോണി ചിറ്റിലപ്പിള്ളി തുടങ്ങിയവർ സംസാരിക്കുകയുണ്ടായി. അതിരൂപതയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന ജയിംസ് മുട്ടിക്കൽ (അയ്യന്തോൾ) സംസ്ഥാന വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ പുതിയ സെക്രട്ടറിയായി തോമസ് ചിറമ്മലിനെ (പാലയൂർ) തെരഞ്ഞെടുത്തു. സംസ്ഥാന വൈസ് പ്രസിഡണ്ടായിരിക്കുന്ന ജയിംസ് മുട്ടിക്കലിനും, പുതിയ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തോമസ് ചിറമ്മലിനും അഭിനന്ദനങ്ങൾ! ആക്ടിങ്ങ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച സി.

ഡി.ജോസിന് പ്രത്യേകം നന്ദി.

**2. മികച്ച മദ്യവിരുദ്ധ പ്രവർത്തകൻ–ബൈജു പുതുരുത്തി 2013–14** കാലഘട്ടത്തിലെ ഏറ്റവും നല്ല മദ്യവിരുദ്ധപ്രവർത്തകനായി പുതുരുത്തി ഇടവകാംഗമായ ബൈജുവിനെ തെരഞ്ഞെടുത്തു. 2000ൽ പരം വേദികളിൽ മാന്ത്രികവിദ്യയിലൂടെ മദ്യവിരുദ്ധബോധവത്ക്കരണം വിജയകരമായി നടത്തിയ വ്യക്തിയാണ് ബൈജൂ. യൂണിറ്റ് ഫൊറോനതലങ്ങളിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ടവരിൽ നിന്നാണ് ഇദ്ദേഹത്തെ തെരഞ്ഞെടുത്തത്.

**3. സംസ്ഥാന സമ്മേളനം (കോട്ടയം)**

കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ സംസ്ഥാനസമ്മേളനം 05.12.2014 വെള്ളിയാഴ്ച കോട്ടം മാമ്മൻ മാപ്പിള ഹാളിൽ വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ വിപുലമായ ചടങ്ങുകളോടെ അരങ്ങേറി. അഭിവന്ദ്യ ജോഷ്വാ. ഇഗ്നാത്തിയോസ്, മാർ റെമേജിയൂസ് ഇഞ്ചാനാനിയിൽ, സംസ്ഥാന ഡയറക്ടർ ഫാ.ആന്റണി പ്രസാദ് കുരുവിള തുടങ്ങിയവർ പ്രസംഗിച്ചു. തൃശൂർ അതിരൂപതാംഗം ജയിംസ് മൂട്ടിക്കൽ ആശംസകൾ അർപ്പികുയുണ്ടായി.തൃശ്ശൂരിൽ നിന്ന് എക്സിക്യൂട്ടീവ് അംഗങ്ങൾ ഉൾപ്പെടെ 50–ഓളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ.ദേവസ്സി പന്തല്ലൂക്കാരൻ,** ഡയറക്ടർ

## കെ.സി.എസ്. എൽ.

**കലോത്സവം ശതാബ്ദി സാഹിത്യോത്സവം**

ഈ വർഷത്തെ അതിരൂപതാകലോത്സവവും സംസ്ഥാന ശതാബ്ദിസാഹിത്യോത്സവവും ഭംഗിയായി സമാപിച്ചു. കലോത്സവ വിജയികളുടേയും സംസ്ഥാന കലോത്സവത്തിന് അർഹതനേടിയവരുടേയും പേരുവിവരം ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. തിരുത്തലുകൾ ഉള്ളവർ അത് അറിയക്കണം.

സംസ്ഥാന കലോത്സവം ജനുവരി 10ന് ചങ്ങനാശ്ശേരിചിൽവെച്ച് നടക്കുന്നു.

ശതാബ്ദി സാഹിത്യോത്സവത്തിന്റെ റിസൾട്ട് വന്നിട്ടില്ല വരുന്നതിനനുസരിച്ച് ബ്ലോഗിൽ ലഭ്യമാക്കുന്നതാണ്.

**ചാരിറ്റിപ്രവർത്തനങ്ങൾ**

ചാരിറ്റി കൂപ്പൺ നോട്ട്ബുക്ക് വിതരണം ഭംഗിയായി കഴിഞ്ഞു. സഹകരിച്ചവർക്ക് നന്ദി. ചാരിറ്റി അവാർഡിനായി ഓരോയൂണിറ്റും നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് എത്രയും വേഗം എത്തിച്ചു തരിക.

**യൂണിറ്റ് പ്രവർത്തന റിപ്പോർട്ട്**

യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ട് അതിരൂപതയിൽ സമർപ്പിക്കാൻ

സമയമായി. വിസദമായ റിപ്പോർട്ട് അതിരൂപതാ പ്രസിഡണ്ടിനെ ഏല്പിക്കുക.

**അതിരൂപതാവാർഷികം**

അതിരൂപതാവാർഷികവും സമ്മാനദാനവും ജനുവരി 16ന് ഡിബിസി.എൽ.സി.യിൽവെച്ച് ഉച്ചത്തിരിഞ്ഞ് 2ന് നടക്കുന്നു. ബൊക്കെ നാലാം ലക്കം പ്രസിദ്ധീകരണവും അന്നുതന്നെയാണ്. സമ്മാനങ്ങളും ബൊക്കെയും അന്നുതന്നെ നിർബന്ധമായും കൊണ്ടുപോകണം. ഈ വർഷത്തെ പണമിടപാടുകളും മറ്റ് അന്നുതന്നെ തീർക്കേണ്ടതാണ്.

ഡയറക്ടർ, **റവ. ഫാ. തോമസ് കാക്കശ്ശേരി**

## അതിരൂപതാ മാതൃസംഘം

**1. കരോൾ ഗാന മത്സരം**

അതിരൂപത മാതൃസംഘം ഡിസംബർ 8ന് കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. 36 ഇടവകകളിൽ നിന്നായി 36 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ഒരു ടീമിൽ ഏഴു അമ്മമാരായിരുന്നു. വളരെയേറെ ഉന്നതനിലവാരം പുലർത്തിയ മത്സരം ഗാനാലാപനത്തിലൂടെ അമ്മമാർ തങ്ങളുടെ കഴിവിന്റെ മികവ് തെളിയിച്ചു.

1-ാം സമ്മാനം - വരന്തരപ്പിള്ളി

2-ാം സമ്മാനം - വേലൂർ, പൂത്തറക്കൽ

3-ാം സമ്മാനം - തൃശ്ശൂർ ഡോളേഴ്സ് ബസലിക്ക, കൂനംമൂച്ചി, എരുമപ്പെട്ടി

**2. ഫൊറോന സംഗമം**

പട്ടിക്കാട് ഫൊറോന സംഗമം നവംബർ 13ന് വിവിധ പരിപാടികളോടെ നടത്തി. അതിരൂപത ഡയറക്ടറും അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

**3. പ്രസിഡന്റ് - സെക്രട്ടറി സംഗമം**

അതിരൂപതയിലെ എല്ലാ ഇടവകകളിലേയും സെക്രട്ടറി, പ്രസിഡന്റ്, എന്നിവരുടെ സംഗമം ഡിസംബർ 10, 11 ദിവസങ്ങളിൽ അതിരൂപതാ ഫാമിലി അപ്പസ്റ്റോലെറ്റ് സെന്ററിൽ വച്ചു നടന്നു. 2015 -ലെ വാർഷിക പദ്ധതിക്ക് വേണ്ട ചർച്ചകളും നിർദ്ദേശങ്ങളുമായിരുന്നു പ്രധാന അജണ്ട. പങ്കെടുത്തവർ ഇത്തരത്തിൽ ഒരു സംഗമം നടത്തിയതിനെക്കുറിച്ച് ശ്ലാഘനീയമായ അഭിപ്രായം രേഖപ്പെടുത്തി.

ആഗതമാകുന്ന തിരുപിറവിയുടെയും പുതുവത്സരത്തിന്റേയും ആശംസകൾ

| | | |
|---|---|---|
| **ഷീല മാത്യു** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
| പ്രസിഡന്റ് | അസി. ഡയറക്ടർ | ഡയറക്ടർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 669-ാമതും തൃശ്ശൂർ കൂരിയായുടെ 682-ാമതും കമ്മീസിയത്തിന്റെ 54-ാം വാർഷികയൂണിയനും 2014 ഡിസംബർ 14 ഞായറാഴ്ച സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു.

1.30ന് വൈസ് പ്രസിഡന്റ് സി. അൽഫോൺസ ജോർജ്ജ് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി കമ്മീസിയം മീറ്റിംഗ് ആരംഭിച്ചു. കമ്മീസിയം പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് മരിയ സൈനീകരുടെ പ്രവർത്തനത്തെയും പുതിയ പ്രസീദിയം ആരംഭിക്കുന്നതിനെക്കുറിച്ചും സംസാരിച്ചു. ഒല്ലൂർ മേരിമാതാ പള്ളി വികാരി റവ. ഫാ. ജെയ്സൺ മാറോക്കി മുഖ്യപ്രഭാഷണത്തിലൂടെ മരിയൻ സന്ദേശം നല്കി. സൈനീക ജപശൃംഖലയ്ക്ക് ശേഷം വാർഷിക റി യൂണിയൻ സമ്മേളനം ആരംഭിച്ചു.

പ്രാരംഭ ഗാനത്തോടെ ആരംഭിച്ച 54-ാം വാർഷിക റിയൂണിയൻ സമ്മേളനം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘടനം ചെയ്തു. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. മാത്യു ചാക്കേരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.സി. കുരിയപ്പൻ വാർഷിക റിപ്പാർട്ട് അവതരിപ്പിച്ച്. അഭിവന്ദ്യ പിതാവിന് ജന്മദിനാശംസകൾ നേർന്നു.

പിതാവും, വേദിയിലെ വിശിഷ്ടരായും ചേർന്നുകൊണ്ട് ജന്മദിനത്തിന്റേയും ക്രിസ്മസിന്റേയും കേക്ക് മുറിച്ച് മധുരം വിതരണം ചെയ്തു. അതിരൂപത ഏകോപന സമിതി സെക്രട്ടറി എ.ഡി. ഷാജു , കാഞ്ഞിരപ്പുഴ ഫൊറോന പള്ളി അസി. വികാരി റവ. ഫാ. തോമസ് കൊല്ലംപ്ലാക്കൽ, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ റവ. സി. ക്രിസ്‌ലിൻ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. വാർഷിക റി യൂണിയനോടനുബന്ധിച്ച് നടത്തിയ മത്സര വിജയികൾക്ക് പിതാവ് ട്രോഫികൾ വിതരണം ചെയ്തു.

സമ്മേളനത്തിനിടയിൽ വിവിധ പ്രസീദിയം മരിയ സൈനീകരുടെ കലാപരിപാടികൾ നടത്തപ്പെട്ടു. 450 ഓളം മരിയ സൈനീകർ യൂണിഫോം സാരി ധരിച്ചുകൊണ്ട് സംബന്ധിച്ചത് മനോഹരമായിരുന്നു. വൈസ് പ്രസിഡന്റ് സി. അൽഫോൺസ് ജോർജ്ജ് നന്ദിയും പ്രസിഡന്റ് കെ. പി. ജോയ് സ്വാഗതവുമാശംസിച്ചു. ജോ. സെക്രട്ടറി സി. എൽസി ചുമ്മാർ നയിച്ച അവസാന പ്രാർത്ഥനക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തോടെ വാർഷിക റീ യൂണിയൻ സമാപിച്ചു.

ഏവർക്കും ഉണ്ണിയേശുവിന്റെ ജന്മദിനാശംസയും നവവത്സര ആശംസകളും നേർന്നു കൊള്ളുന്നു.

ദിവ്യനാഥയുടെ സേവനത്തിൽ

**പി. സി. കുരിയപ്പൻ** (കമ്മീസിയം സെക്രട്ടറി)

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

'ദിയാക്കോണിയ പാലിയേറ്റീവ് കെയർ' യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ ഇടവകകളിലേക്ക് വ്യാപിപ്പിച്ചു. തൃശ്ശൂർ, അത്താണി, പെരിങ്ങോട്ടുകര, പുത്തൻപീടിക, പേരാമംഗലം, ആലപ്പാട് എന്നീ ഇടവകകളിലേക്ക് തൃശ്ശൂർ അതിരൂപതാ CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കടന്നുചെന്ന് രോഗികളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചികിത്സാ സഹായം കൈമാറുകയും ചെയ്തു.

ഡിസംബർ 9ന് അമല മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. 'നൈറ്റിംഗേൽസ് മീറ്റ് 2014'നെ കുറിച്ച് വിലയിരുത്തൽ നടന്നു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ ഹോസ്പിറ്റിൽ ഡയറക്ടർ, അഡ്മിനിസ്ട്രേറ്റർ, മേട്രൺ, പ്രിൻസിപ്പൽ, നേഴ്സസ് പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് അമല ഹോസ്പിറ്റൽ അധികാരികൾക്കും ഒത്തിരി നന്ദി. 2015 മാർച്ച് മാസം രണ്ട് ബാച്ചുകളിലായി 1-ാം തിയതി 6 pm മുതൽ 5-ാം തിയതി 9 am വരെയും 8 -ാം തിയതി 6 pm, 2-ാം തിയതി 9 am വരെയുംതൃശ്ശൂർ കുറുമാൽ-ഗാഗുൽത്താ ധ്യാന കേന്ദ്രത്തിൽ വെച്ച് ആതുര ശുശ്രൂഷാരംഗത്ത് ജോലി ചെയ്യുന്ന നേഴ്സുമാർക്കായി ധ്യാനം സംഘടിപ്പിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിലേയ്ക്കുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഡിസംബർ 21-ാം തിയതി ഞായറാവ്ച വൈകീട്ട് 3pm ന് എടക്കളത്തൂർ SNDS നിർമ്മല സദനിലെ അന്തേവാസികളോടൊത്ത് CNGI കൂട്ടായ്മ ക്രിസ്തുമസ് ആഘോഷിക്കുന്നു. സാന്നിദ്ധ്യത്താൽ ഈ ദിനത്തെ മനോഹരമാക്കാൻ എല്ലാ CNGI അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും എല്ലാ CNGI അംഗങ്ങൾക്കും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

സമർപ്പിത വർഷത്തിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപതാ CNGI യുടെ നേതൃത്വത്തിൽ ആതുരാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരായ നേഴ്സസിനെ ആദരിക്കുന്നതിനായി 2015 ജനുവരി 25-ാം തിയതി ഞായറാഴ്ച രാവിലെ 9.30ന് ഡി.ബി.സി.എൽ.സിയിൽ വെച്ച് കൂടുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്. തൃശ്ശൂർ അതിരൂപതയിൽ ഡിസംബർ 27ന് നടക്കുന്ന ബോൺ നത്താലെയുടെ വിജയത്തിനായി പൂർണ്ണ സഹകരണവും പ്രാർത്ഥനയും വിജയാശംസകളും നേരുന്നു.

ഡയറക്ടർ
**റവ.ഫാ. സിജോ അരിക്കാട്ട്**

സെക്രട്ടറി
**സി. റൊസീന ഡേവീസ് FCC**

# വി. ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

ഗർഭഛിദ്രം പോലെയുള്ള ജീവനെതിരെയുള്ള വെല്ലുവിളികളെയും ആക്രമണത്തെയുംകുറിച്ച് ജനങ്ങളെയും പ്രത്യേകിച്ച്, നമ്മുടെ യുവജനങ്ങളെ ബോധവാന്മാരാക്കാൻ തൃശ്ശൂർ അതിരൂപത ജോൺ പോൾ പ്രൊലൈഫ് മൂവ്മെന്റ് സെമിനാറുകൾ ഒരുക്കുന്നു. ഏതെങ്കിലും ഒരിടവക ആവശ്യപ്പെട്ടാൽ എല്ലാ സജ്ജീകരണങ്ങളോടും കൂടെ ഒരു ടീം അവിടെ വന്ന് സെമിനാർ നടത്തി തരുന്നതാണ്. പക്വമതികളായ ഡോക്ടർമാർ ആയിരിക്കും ഈ ടീമിനെ നയിക്കുന്നത്. സെമിനാറിന് ഇടവകയെ ഒരുക്കുന്നതിനായി ഫാമിലി അപ്പൊസ്റ്റെലേറ്റ് ഡയറക്ടർ ഏതെങ്കിലും ഒരു ഞായറാഴ്ച ബന്ധപ്പെട്ടു ഇടവകയിൽ പ്രഭാത ബലിയർപ്പിച്ച് സന്ദേശം നൽകുന്നതായിരിക്കും. വികാരിയച്ചന്മാരുടെ സഹകരണം വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പ്രസിഡന്റ്
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**

ഡയറക്ടർ
**ഫാ. ലോറൻസ് തൈക്കാട്ടിൽ**

# സി.എൽ.സി.

**വി. എവുപ്രാസ്യമ്മയുടെയും വി. ചാവറയച്ചന്റെയും തിരുശേഷിപ്പിന് സ്വീകരണം നൽകി.**

വി. എവുപ്രാസ്യമ്മയുടെയും വി. ചാവറയച്ചന്റെയും തിരുശേഷിപ്പിന് 16 ഫൊറോന കേന്ദ്രങ്ങളിൽ സി.എൽ.സി.യുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. അതിരൂപത യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന തിരുശേഷിപ്പ് പ്രയാണത്തിൽ അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ , സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ നേതൃത്വം നല്കി.

**സംസ്ഥാന സി. എൽ.സി.യുടെയും വി. എവുപ്രാസ്യമ്മയുടെയും വി. ചാവറയച്ചന്റെയും തിരുസ്വരൂപ പ്രയാണം നടത്തി.**

സംസ്ഥാന സി.എൽ.സി.യുടെ നേതൃത്വത്തിൽ വി.എവുപ്രാസ്യമ്മയുടെയും വി. ചാവറയച്ചന്റെയും തിരുസ്വരൂപ ദീപശിഖ പ്രയാണം തൃശ്ശൂർ അതിരൂപത സി. എൽ.സിയുടെയും ഇരിങ്ങാലക്കുട രൂപത സി. എൽ.സി.യുടെയും നേതൃത്വത്തിൽ ഇരിങ്ങാലക്കുട കാട്ടൂരിൽ നിന്ന് ഒല്ലൂരിലേക്ക് സംഘടിപ്പിച്ചു. നിരവധി ബൈക്ക് റാലിയോടെ ആരംഭിച്ച ദീപശിഖ-തിരുസ്വരൂപ പ്രയാ

ണത്തിന് അതിരൂപത സി.എൽ.സി. ചേർപ്പ് പള്ളിയിൽ സ്വീകരണം നൽകി. തുടർന്ന് അതിരൂപതയിലെ പൂച്ചുണ്ണിപ്പാടം, പെരിഞ്ചേരി, അവിണിശ്ശേരി, തൈക്കാട്ടുശേരി, തലോർ, പനംക്കുറ്റിച്ചിറ, ഒല്ലൂർ എന്നീ പള്ളിയിലെ സ്വീകരണശേഷം പനംകുറ്റിച്ചിറ സെന്ററിൽ നിന്ന് പദയാത്രയായി ഒല്ലൂർ മഠത്തിൽ എത്തിച്ചേർന്നു. അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ ദീപശിഖ ഏറ്റുവാങ്ങി. അതിരൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നുള്ള സി. എൽ.സി. പ്രവർത്തകർ പദയാത്രയിൽ അണിനിരന്നു. സംസ്ഥാന സി. എൽ.സി. പ്രമോട്ടർ റവ. ഫാ. റോയ് നെടുന്താനം, സംസ്ഥാന സി. എൽ.സി. പ്രസിഡന്റ് വിനേഷ് ജെ. കൊളേങ്ങാടൻ, ട്രഷറർ ഷോബി കെ. പോൾ, അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, സംസ്ഥാന എക്സിക്യൂട്ടീവ് സെക്രട്ടറി ബിജിൽ സി. ജോസഫ്, അതിരൂപത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ യൂണിറ്റ് പ്രസിഡന്റുമാർ ചടങ്ങിൽ പങ്കെടുത്തു.

**വിളംബര ഘോഷയാത്ര തൃശ്ശൂർ റൗണ്ടിൽ സംഘടിപ്പിച്ചു.**

വി. എവുപ്രാസ്യമ്മയുടെയും വി.ചാവറയച്ചന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തോടനുബന്ധിച്ച് തൃശ്ശൂർ റൗണ്ടിൽ വിളംബര ഘോഷയാത്ര സംഘടിപ്പിച്ചു. സി. എൽ.സി.യുടെ നേതൃത്വത്തിൽ എൽത്തുരുത്തിൽ നിന്ന് ചാവറയച്ചന്റെ തിരുസ്വരൂപം പുത്തൻപള്ളിയിലേക്ക് നിരവധി ബൈക്കുകളുടെ അകമ്പടിയോടെ എത്തിക്കുകയും തുടർന്ന് വിളംബര ഘോഷയാത്ര സംഘടിപ്പിക്കുകയും ചെയ്തു. കോർപ്പറേഷൻ മേയർ, പൗരപ്രമുഖർ, സി.എം.സി., സി.എം.ഐ., സന്ന്യാസി സമൂഹാംഗങ്ങൾ സി. എൽ.സി. ഭാരവാഹികൾ പങ്കെടുത്തു. യൂത്ത് മിനിസിട്രിയുടെ നേതൃത്വത്തിൽ ഘോഷയാത്രയിൽ നിരവധി പേർ പങ്കെടുത്തു.

**സി. എൽ.സി. പ്രവർത്തക സമിതി യോഗം നടന്നു**

അതിരൂപത സി. എൽ.സി.യുടെ നവംബർ മാസത്തെ പ്രവർത്തക സമിതിയോഗം റവ. ഫാ. ജിയോ തെക്കിനിയത്തിന്റെ നേതൃത്വത്തിൽ നടന്നു. അതിരൂപത സി. എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷനായിരുന്നു. സി. എൽ. സിയുടെ കലാമേള, ചിത്രരചനാമത്സരം എന്നിവയെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടന്നു. തുടർന്ന് അടുത്തവർഷത്തിൽ 60-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കേണ്ട പരിപാടികളെക്കുറിച്ച് ചർച്ച നടന്നു.

**ക്രിസ്തുമസ് ആഘോഷം**

ക്രിസ്തുമസ് ആഘോഷം ഡിസംബർ 14ന് തൃശ്ശൂർ അതിരൂപത സി.എൽ. സി. ഓഫീസിൽ വെച്ച് നടന്നു. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്,

പ്രസിഡന്റ് ഡിൽജോ തരകൻ, സെക്രട്ടറി ബിജിൽ സി. ജോസഫ് രൂപത ഭാരവാഹികൾ പങ്കെടുത്തു.

**ബോൺ നത്താലെ 200 പേരുടെ വളണ്ടിയർ സേന സി. എൽ.സി. യിൽ നിന്ന് സന്നദ്ധരായി.**

ബോൺ നത്താലെയുടെ വിജയത്തിനായി 200 പേരുടെ വളണ്ടിയർ സേനയെ അതിരൂപത സി. എൽ.സി. സന്നദ്ധരാക്കി. ജന. സെക്രട്ടറി ബിജിൽ സി.ജോസഫിന്റെ നേതൃത്വത്തിൽ 10 ഗ്രൂപ്പുകളായി സി.എൽ.സി. പ്രവർത്തകർ ബോൺ നത്താലെയിൽ പങ്കുചേരും.

**കാരുണ്യഹസ്തവുമായി അതിരൂപത സി. എൽ.സി.**

ബോൺ നത്താലെ എക്സിബിഷൻ ഫ്ളാഷ് എക്സ്പോയിൽ ഒരു കൗണ്ടറിൽ സി. എൽ.സി പ്രവർത്തകർ മറ്റുള്ളവർക്ക് സഹായമായി പ്രവർത്തിക്കുന്നു. കൗണ്ടറിലെ വസ്തുക്കൾ വിറ്റ് സഹായമപേഷിക്കുന്നവർക്ക് കൈമാറുന്നു. അതിരൂപത സി. എൽ.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ സദുദ്യമത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എന്ന്

**ബിജിൽ സി. ജോസഫ്** — **റവ. ഫാ. ജിയോ തെക്കിനിയത്ത്**
ജന. സെക്രട്ടറി — പ്രമോട്ടർ

# കേരള ലേബർ മൂവ്മെന്റ്

കേരള ലേബർ മൂവ്മെന്റിന്റെ വാർഷിക ജനറൽ ബോഡിയോഗവും എസ്. എൽ.സി. വിദ്യാർത്ഥികൾക്കുള്ള ഉപഹാര സമർപ്പണ യോഗവും അതിരൂപത വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. 2014 ലെ ഏറ്റവും നല്ല യൂണിറ്റായി എളവള്ളിക്കും നല്ല പ്രവർത്തകനായി വി. എൽ. ലോനപ്പനും (പാലക്കൽ) വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ ഉപഹാരങ്ങൾ നൽകി. കൂടാതെ കെ. എൽ.എം. പ്രവർത്തകരിൽ 10-ാം ക്ലാസ്സിൽ മുഴുവൻ എ+ നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരങ്ങളും സംഘടനയിൽ 25 വർഷവും 50 വർഷവും പൂർത്തിയാക്കിയവർക്കുള്ള ഉപഹാരങ്ങളും അദ്ദേഹം യോഗത്തിൽ നൽകി.

തൊഴിൽ ഒരു ശാപമല്ല അത് ഒരു അനുഗ്രഹമാണ് എന്നും ദൈവം ഉത്തരവാദിത്വത്തോടെ മനുഷ്യനെ ഏല്പിച്ചിരിക്കുന്ന കാര്യമാണ് തൊഴിൽ എന്നും

അദ്ദേഹം തന്റെ സന്ദേശത്തിൽ പറഞ്ഞു. ആത്മാർത്ഥയോടുകൂടി തൊഴിൽ ചെയ്യുമ്പോൾ മാത്രമേ നമുക്ക് സമൂഹത്തിൽ നല്ല സംസ്ക്കാരം വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. അതിനായി കെ.എൽ.എം. പ്രത്യേകമായി പരിശ്രമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

കെ.എൽ.എം. അതിരൂപത പ്രസിഡന്റ് ശ്രീ. എൻ. കെ. രാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ജോസ് കോനിക്കര, സംസ്ഥാന ജന. സെക്രട്ടറി ശ്രീ. ഷാജു എ. ആന്റണി, ബാബു കൈതാരത്ത്, വർഗ്ഗീസ് മച്ചാട്, ശ്രീ. ഇ. പി. ജോസ്, ശ്രീ. എ.കെ. ആന്റണി, ശ്രീമതി മിനി രാജു, ശ്രീമതി മോളി ജോബി, ശ്രീ ജോസ് ചിറയത്ത് എന്നിവർ സംസാരിച്ചു.

**ചേലക്കര ഫൊറോന കമ്മിറ്റി**

ചേലക്കര ഫൊറോന വികാരി റവ. ഫാ. പോൾ പുളിക്കന്റെ സാന്നിദ്ധ്യത്തിൽ കെ.എൽ.എം. വടക്കൻ മേഖല പ്രസിഡന്റ് ശ്രീ. ജോയി വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് കെ.എൽ.എം. ചേലക്കര, ഫൊറോന കമ്മിറ്റി രൂപീകരണം നടത്തി. പ്രസ്തുത യോഗത്തിൽ ഫൊറോന അസി. വികാരി റവ. ഫാ. റോയ്സൺ ചെറുകിടതോട്ടം തൊഴിലാളി ഫോറം സംസ്ഥാന സെക്രട്ടറി ശ്രീ. ബാബു ജേക്കബ്ബ്, വടക്കൻ മേഖല സെക്രട്ടറി ജിജോ ചിറയത്ത്, അതിരൂപത ജോ. സെക്രട്ടറി ശ്രീ. വർഗ്ഗീസ് മച്ചാട് എന്നിവർ സംസാരിച്ചു.

ഫൊറോന കൺവീനറായി ലൗലികുട്ടി (പങ്ങാരപ്പിള്ളി)യെ തെരഞ്ഞെടുത്തു.

**വർഗ്ഗീസ് കെ. വി.**
ജന. സെക്രട്ടറി

# ബൈബിൾ അപ്പസ്തോലേറ്റ്

**തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുദാനം 2015 ജനുവരി 24 ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ**

***തൃശൂർ:*** *കെ.സി.ബി.സി.യും തൃശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റും സംയുക്തമായി സംഘടിപ്പിച്ച ലോഗോസ് ക്വിസ് – 2014, വചനമെഴുത്ത്, ഫാമിലി ലോഗോസ് ക്വിസ്, കാറ്റിക്കിസം ടീച്ചേഴ്സ്*

*ലോഗോസ് ക്വിസ്, സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്, കാറ്റിക്കിസം ലോഗോസ് ക്വിസ്, സ്കൂൾ ലോഗോസ് ക്വിസ് എന്നീ മത്സരങ്ങളുടെ അതിരൂപതതല അവാർഡുകൾ പ്രഖ്യാപിച്ചു. 280 സെന്ററുകളിലായി 60,000 പേർ പങ്കെടുത്ത ലോഗോസ് ക്വിസിൽ വിവിധ വിഭാഗങ്ങളിലെ റാങ്ക് ജേതാക്കളായവർ (1,2,3 റാങ്ക് ക്രമത്തിൽ):*

**ലോഗോസ് ക്വിസ് – 2014 റാങ്ക് ജേതാക്കൾ:**

**എ വിഭാഗം:**

Ist – ആൽവിൻ പി വിൻസൺ (കോട്ടപ്പടി)
IInd – ആൻമേരി (തിരൂർ)
IIIrd – മെറിൻ തോമാസ് (ഒല്ലൂർ)

**ബി വിഭാഗം:**

Ist – റോസ് മുട്ടത്ത് (കോട്ടപ്പടി)
IInd – അനില സോജൻ (പെരിഞ്ചേരി)
IIIrd – ഹെൽന ഹെൻറി (പെരിഞ്ചേരി)

**സി വിഭാഗം:**

Ist – അമ്പിളി ലിയോ (നടത്തറ)
IInd – എവ്‌ലിൻ റോസ് റാഫി (വെള്ളറ്റാഞ്ഞൂർ)
IIIrd – ജെയ്മി ബൈജു (കാരമുക്ക് നോർത്ത്)

**ഡി വിഭാഗം:**

Ist – ഷേർളി ഷോണി (പനമുക്ക്)
IInd – ഫ്രാൻസി. പി. എഫ് (അരിമ്പൂർ)
IIIrd – ഷൈജി ഡെന്നി (വരടിയം)

**ഇ വിഭാഗം:**

Ist – ഷേർളി തോമാസ് (തിരൂർ)
IInd – വിൻസെന്റ് കുന്നത്ത് (പറപ്പൂർ)
IIIrd – വൽസ ആന്റണി (ആർത്താറ്റ്)

**എഫ് വിഭാഗം:**

Ist – റോസിലി അഗസ്റ്റിൻ (വേലൂപ്പാടം)
IInd – റോസി വർഗ്ഗീസ് (കുറ്റൂർ)
IIIrd – വറീത് സി. ആർ (മണ്ണുത്തി)

## വചനമെഴുത്ത് മത്സര റാങ്ക് ജേതാക്കൾ:

**എ വിഭാഗം:**

Ist - എയ്ഞ്ചൽ സി. ജെ. (പെരിങ്ങോട്ടുകര)
IInd - അന്ന ഗ്രേസ് (പെരിങ്ങോട്ടുകര)
IIIrd - ജോവാനിറ്റ ജോസ് (പൂങ്കുന്നം)

**ബി വിഭാഗം:**

Ist - സ്മിന്റോ പി ജോൺസൺ (പൂങ്കുന്നം)
IInd - ലിവിയ റോസ് (പുതുക്കാട്)
IIIrd - അനു ആന്റണി (അടാട്ട്)

**സി വിഭാഗം:**

Ist - അമ്പിളി ലിയോ (നടത്തറ)
IInd - ലിറ്റോ മാർവൽ (അവണൂർ)
IIIrd - സ്റ്റെഫി എലിയാസ് (കിള്ളിമംഗലം)

**ഡി വിഭാഗം:**

Ist - ഫ്രാൻസി. പി. എഫ്. (അരിമ്പൂർ)
IInd - ഷൈജി ഡെന്നി (വരടിയം)
IIIrd - പ്രിയ ജോസി (ചേലക്കര)

**ഇ വിഭാഗം:**

Ist - ഫിലോമിന ബേബി (കണ്ണാറ)
IInd - ഷീല സേവ്യർ (പൂങ്കുന്നം)
IIIrd - റോസിലി വർഗ്ഗീസ് (ലൂർദ്ദ്)

**എഫ് വിഭാഗം:**

Ist - സി. സാൽവത്തോർ (മണലൂർ വെസ്റ്റ്)
IInd - തങ്കമ്മ തോമാസ് (ഒളരിക്കര)
IIIrd - സിസിലി റപ്പായി (വില്ലടം)

## ഫാമിലി ലോഗോസ് ക്വിസ് - 2014

Ist - ഡെന്നി പോന്നോക്കാരൻ ഫാമിലി (വരടിയം)
- ഹെൻറി വല്ലൂപ്പാറ ഫാമിലി (പെരിഞ്ചേരി)
IInd - സോജൻ വല്ലൂപ്പാറ ഫാമിലി (പെരിഞ്ചേരി)
IIIrd - ഡോ. തോമാസ് പാറക്കൽ ഫാമിലി (തിരൂർ)
- ഡോ. ജോയ് കരേരക്കാട്ടിൽ ഫാമിലി (അയ്യന്തോൾ)

**കാറ്റിക്കിസം ടീച്ചേഴ്സ് ലോഗോസ് ക്വിസ് – 2014**

I st – കാണിക്കമാത ചർച്ച്, പനമുക്ക്
II nd – സെന്റ് തോമാസ് ചർച്ച്, തിരൂർ
– സെന്റ് ജോർജ്ജ് ചർച്ച്, തിരുവില്വാമല
III rd – ലിറ്റിൽ ഫ്ളവർ ചർച്ച്, ഒളരിക്കര
– സെന്റ് തോമാസ് ചർച്ച്, അരണാട്ടുകര

**സിസ്റ്റേഴ്സ് ലോഗോസ് ക്വിസ് – 2014**

I st – ലിറ്റിൽ ഫ്ളവർ FCC കോൺവെന്റ്, മമ്മിയൂർ
II nd – സെന്റ് ജോസഫ്സ് SMC കോൺവെന്റ്, ചേറൂർ
III rd – മരിയ ഭവൻ SMC കോൺവെന്റ്, പേരാംമംഗലം
– നിർമ്മല മാത അഡോറേഷൻ കോൺവെന്റ്, തൃശ്ശൂർ

**കാറ്റിക്കിസം ലോഗോസ് ക്വിസ് – 2014**

I st – സേക്രഡ് ഹാർട്ട് ഫ്രൈൻ ചർച്ച്, പെരിഞ്ചേരി
II nd – സെന്റ് ലാസർ ചർച്ച്, കോട്ടപ്പടി
III rd – സെന്റ് അഗസ്റ്റിൻ ചർച്ച്, വെള്ളാനിക്കോട്

**സ്കൂൾ ലോഗോസ് ക്വിസ് – 2014**

I st – ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, മമ്മിയൂർ
II nd – സെറാഫിക് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, പെരിങ്ങോട്ടുകര
III rd – സേക്രഡ് ഹാർട്ട് ഓഫ് മേരീസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, കണ്ടശ്ശാംകടവ്

ഈ വർഷത്തെ തൃശ്ശൂർ അതിരൂപത **വചനപ്രതിഭ പുരസ്ക്കാരത്തിനും, ലോഗോസ് പ്രതിഭ പുരസ്ക്കാരത്തിനും അമ്പിളി ലിയോ (നടത്തറ)** അർഹയായി. ലോഗോസ് രജിസ്ട്രേഷന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾക്കുള്ള 1,2,3 സ്ഥാനങ്ങൾ **സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രം പാവറട്ടി, സെന്റ് ആന്റണീസ് ചർച്ച് പുതുക്കാട്, സെന്റ് ജോൺ നെപുംസ്യാൻ ചർച്ച്, പറപ്പൂർ** എന്നിവയും, ഇടവകാംഗങ്ങളുടെ അംഗസംഖ്യക്ക് അനുപാതമനുസരിച്ച് **സെന്റ് ആന്റണീസ് ചർച്ച് പൊന്നാനി, സെന്റ് ആന്റണീസ് ചർച്ച് തൃക്കൂർ, ഹോളിക്രോസ് ചർച്ച് ആർത്താറ്റ്** എന്നിവയും, ഏറ്റവും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത് പരീക്ഷയ്ക്കിരുത്തിയതിന് **സെന്റ്**

**ആന്റണീസ് ചർച്ച് അരിമ്പൂർ, സെന്റ് ജോൺ ബോസ്കോ ചർച്ച് മരിയാപുരം, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചിറ്റാട്ടുക്കര** എന്നീ ഇടവകകളും യഥാക്രമം 1,2,3 സ്ഥാനങ്ങൾ നേടി. ലോഗോസ് ക്വിസിന്റെ റിസൾട്ടുകൾ www. thrissurbibleapostolate.org എന്ന വെബ്സൈറ്റിലും ബൈബിൾ അപ്പസ്തോലേറ്റിൽ നിന്നും (ഫോൺ: 0487–2320780) ലഭ്യമാണ്. അവാർഡുകൾ **2014 ജനുവരി 24ന് (ശനി) രാവിലെ 9.30ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ** വെച്ച് നടക്കുന്ന അവാർഡ് ദാനചടങ്ങിൽ വെച്ച് **മാർ. ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത, മാർ. പോൾ ചിറ്റിലപ്പിള്ളി, മാർ. ജോസഫ് പാസ്റ്റർ നീലങ്കാവിൽ, മോൺ. ജോർജ്ജ് കോമ്പാറ, മോൺ. ജോർജ്ജ് എടക്കുളത്തൂർ, റവ. ഡോ. ജോഷി മയ്യാറ്റിൽ(KCBC), ആന്റണി പാലിമറ്റം(KCBS)**, എന്നിവർ വിതരണം ചെയ്യുമെന്ന് ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, സെക്രട്ടറി ജോയ് പി. എഫ്. എന്നിവർ അറിയിച്ചു.

**ജോയ് പി. എഫ്.**
**സെക്രട്ടറി**

**ഫാ. ലിജോ ചിറ്റിലപ്പിള്ളി**
**ഡയറക്ടർ**


Happy
New Year
2015

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.12.2014
**Jan. 2015**





**പുതുതായി കൂദാശ ചെയ്ത പഴയന്നൂർ
സെന്റ് ഡൊമിനിക് ദേവാലയവും അൾത്താരയും**

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005